**നിയമനിർമ്മാണകാര്യം**

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

## 1. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2015-ലെ മലയാള ഭാഷ (വ്യാപനവും

പരിപോഷണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ ഭരണഘടനയ്ക്ക് വിധേയമായി കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളം അംഗീകരിക്കുന്നതിനും കേരളത്തിന്റെ സമസ്ത മേഖലകളിലും മലയാളഭാഷയുടെ ഉപയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാള ഭാഷയുടെ വളർച്ചയും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്ന നിയമമാണ് ഇത്. ഇതിന്റെ ഉള്ളടക്കം ഭാഷാന്യൂനപക്ഷങ്ങളുടെയും ആദിവാസികളുടെയും മാതൃഭാഷാപരമായ അവകാശം സംരക്ഷിക്കപ്പെടുമോ എന്നു ഞാൻ സംശയിക്കുന്നു. സ്കൂളുകളിൽ മറ്റ് കുട്ടികളോട് ആദിവാസിക്കുട്ടി മാതൃഭാഷയിൽ സംസാരിച്ചാൽ അവഹേളിക്കപ്പെടുന്നതും അവർ പഠിത്തം നിർത്തി സ്കൂൾ വിട്ടുപോകുന്നതും ഇന്നൊരു സ്ഥിരം വിഷയമായി മാറിയിട്ടുണ്ട്. ഈ അവസ്ഥ കേരളത്തിൽ ഉണ്ടാകുന്നുവെന്നത് ലജ്ജാകരമല്ലേ; എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കണം. മലയാള മാധ്യമ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടണം. ഭരണഭാഷയും കോടതിഭാഷയും പൂർണ്ണമായും മലയാളമാക്കണം. ബിരുദങ്ങൾക്കുള്ള പരീക്ഷ മലയാളത്തിലെഴുതാൻ കഴിയണം. പ്രവേശന പരീക്ഷകളെല്ലാം മലയാളത്തിലെഴുതാൻ അനുവദിക്കണം.

എല്ലാ തൊഴിൽ പരീക്ഷകളും മലയാളത്തിലെഴുതാൻ അനുവദിക്കുന്ന തരത്തിലായിരിക്കണം. വ്യക്തിയുടെ മനസ്സ് സംസ്കരണവും വൈകാരിതയും വിദ്യാഭ്യാസത്തിലൂടെ സാദ്ധ്യമാകണം. ഒന്നാം സ്ഥാനം മാതൃഭാഷയ്ക്ക് തന്നെ ആയിരിക്കണം. മനോഹരമാണ് നമ്മുടെ മാതൃഭാഷ. എന്നാൽ ലോകത്ത് പല ഭാഷകളും നശിച്ചുകൊണ്ടിരിക്കുന്നത് നമുക്ക് അറിയുന്ന കാര്യമാണ്. പ്രത്യേകിച്ചും ഇന്റർനെറ്റ് ഭാഷ ഇംഗ്ലീഷിലായതുകൊണ്ട് ഇവിടെയും നമ്മൾ ഉത്കണ്ഠയിലാണ്. ഒന്നാം ഭാഷ ഉത്തരവിറങ്ങിയിട്ട് നാലുവർഷം കഴിഞ്ഞു. സർക്കാരിന്റെ അലംഭാവം ഉത്തരവിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ് എന്ന് തെളിയുന്നതാണ്. ബഹുമാനപ്പെട്ട ചെയർ അദ്ധ്യക്ഷനായിരുന്ന നിയമസഭയുടെ ഒദ്യോഗികഭാഷാ കമ്മിറ്റി ഭാഷയ്ക്കുവേണ്ടി നിരവധി സാംസ്കാരിക സ്ഥാപനങ്ങൾ സന്ദർശിക്കുകയും അതിന്റെ വിവരങ്ങൾ അന്വേഷിക്കുകയും വിവരങ്ങൾ ലഭിക്കുകയും അതൊക്ക ഇവിടെ അവതരിപ്പിക്കുകയും ചെയ്തതാണ്. ആ ഭാഷാ നിയമം ഇതുവരെ പ്രയോഗത്തിൽ വരുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. അത് ലജ്ജാകരമല്ലേ; എനിക്കറിയാം, ഞാൻ സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയാകുന്ന കാലത്ത് 141 മണ്ഡലങ്ങളിൽ 'മലയാളം നമ്മുടെ അഭിമാനം' എന്ന ഒരു സന്ദേശവുമായി, നിരവധി സാഹിത്യകാരന്മാർ, കലാകാരന്മാർ, സാംസ്കാരിക പ്രവർത്തകർ, പ്രൊഫസർമാർ

തുടങ്ങിയവർ അണിനിരന്ന ആ സാംസ്കാരിക യാത്ര നമ്മുടെ ക്ലാസ്സിക്കുകൾ പരിചയപ്പെടുത്തിക്കൊണ്ടാണ് മുന്നോട്ടുനീങ്ങിയത്. ബഹുമാനപ്പെട്ട ചെയർ അന്ന് കമ്മിറ്റി മെമ്പറാണ്. നമ്മുടെ ഇന്നത്തെ മുഖ്യമന്ത്രി അന്ന് ചുമതലപ്പെടുത്തിയത് അങ്ങയെയാണ്. 141 മണ്ഡലങ്ങളിലും നമുക്ക് ആ സാംസ്കാരിക യാത്ര വിജയകരമായി നടത്താൻ കഴിഞ്ഞു. ഓരോ കേന്ദ്രങ്ങളിലും ഓരോ സാംസ്കാരിക സമ്മേളനമാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞു. ഭരണപക്ഷ-പ്രതിപക്ഷ ഭേദമന്യേ വളരെ വിജയമായി, മാതൃഭാഷയോടുള്ള സ്നേഹം, അമ്മയോടുള്ള സ്നേഹം, നാഭീ-നാള ബന്ധം തകരാതിരിക്കാൻ വളരെ വ്യക്തമായ ധാരണ ജനങ്ങളിലുണ്ടാക്കാൻ, മലയാള ഭാഷയിലേക്ക് താൽപ്പര്യം ഉണ്ടാക്കാൻ ആ യാത്രയ്ക്ക് കഴിഞ്ഞു. അതിനുശേഷമാണ് നമ്മൾ പ്രധാനമന്ത്രിയെ കാണാൻ പോയത്. നിലവിലുണ്ടായിരുന്ന കമ്മിറ്റി വേണ്ടത്ര പ്രയോഗം വരാതിരുന്നത് സർക്കാരിന്റെ അലംഭാവമായിരുന്നു. അതുമാറ്റി. അങ്ങനെ ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി ടീച്ചർ, ഇന്ന് എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച പ്രൊഫസർ സച്ചിദാനന്ദൻ തുടങ്ങി നിരവധി പേർ അതിൽ സഹകരിച്ചു. ഞാൻ അന്ന് അക്കാദമിയുടെ സെക്രട്ടറി എന്ന നിലയ്ക്ക് ആ കമ്മിറ്റിയുടെ കൺവീനർ ആയിരുന്നു. ഞങ്ങൾ ഡൽഹിയിൽ പോയി. അന്നത്തെ പ്രതിപക്ഷ നേതാവ് എന്ന നിലയിൽ മുഖ്യമന്ത്രിയും അന്ന് നമ്മുടെ

കൂടെയുണ്ടായിരുന്നു. യശ:ശരീരനായ സ്പീക്കർ ജി. കാർത്തികേയൻ അന്ന് അസുഖം കാരണം വരാതിരുന്നതാണ്. നല്ലൊരു കൂട്ടായ്മയിലൂടെ മലയാളഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി കിട്ടാൻ വലിയ ശ്രമം അക്കാലത്ത് നടത്തി. അവിടെച്ചെന്ന് അന്നത്തെ എട്ട് മന്ത്രിമാരെ നമ്മൾ കാണുകയും അവരുടെയെല്ലാം സഹായത്തോടുകൂടി, ഇന്നത്തെ മുഖ്യമന്ത്രിയുടെ വലിയ സഹായം അന്നുണ്ടായിരുന്നു. അങ്ങനെ നമ്മൾ പ്രധാനമന്ത്രിയെ കണ്ട് വിവരം ധരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് വ്യക്തമായ ഡോക്യുമെന്റ് വേണമെന്നാണ്. ഞാൻ ഇതിൽ തൽപ്പരനാണ്. കർണ്ണാടകയ്ക്കും തമിഴ്നാടിനും ലഭിച്ചിട്ടുണ്ട്. ഇത് മലയാളത്തിന് അർഹതപ്പെട്ടതാണ്. ഏറ്റവും കൂടുതൽ ആളുകൾ മലയാളം സംസാരിക്കുന്നു. മലയാളികൾ ഉള്ളിടത്തെല്ലാം മലയാളം സംസാരിക്കുന്നു. സംസാരിക്കാൻ താൽപ്പര്യം ഉള്ളവരാണ്. ഡോക്യുമെന്റ് ഇല്ല എന്നത് ഒരു കാരണമാണ്. ഞങ്ങൾ തിരിച്ചുവന്നു. ഡോക്യുമെന്റ് തയ്യാറാക്കാൻ അന്ന് പ്രധാനപങ്ക് വഹിച്ചത് എഴുത്തച്ഛൻ പുരസ്കാരം ലഭിച്ച ശ്രീ. പുതുശ്ശേരി രാമചന്ദ്രനായിരുന്നു. ആ ഡോക്യുമെന്റ് തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തുവച്ച് കക്ഷി-രാഷ്ട്രീയത്തിനതീതമായി നമ്മൾ എല്ലാവരും ചേർന്ന് നല്ലൊരു എഫർട്ട് എടുത്തു. തുടർന്ന് അങ്ങയുടെ അദ്ധ്യക്ഷതയിൽ ഒരു നിയമസഭാ സമിതി വരികയുംചെയ്തു. ആ നിയമസഭാ സമിതി ഒരു കരട് രേഖ ഇവിടെ

അവതരിപ്പിക്കുകയും ചെയ്തു. അത് പെട്ടിയിൽ വച്ച് പൂട്ടി. ഇത് ആര് ചെയ്തുവെന്നുള്ളത് പരിശോധിക്കേണ്ടതാണ്. അമ്മിഞ്ഞപ്പാലുപോലെ പരിശുദ്ധമായ നമ്മുടെ മലയാള ഭാഷ ഇങ്ങനെ അവഗണിക്കപ്പെട്ടുപോകുന്നത് നമുക്ക് അക്ഷന്തവ്യമല്ല. ഒരു ഭാഷയായി പോലും പഠിക്കുന്നില്ല എന്നതാണ് വസ്തുത. പഴയ തലമുറ അഭിമുഖീകരിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു ലോകത്താണ് ഇന്ന് നമ്മൾ ഇരിക്കുന്നത്. ഈ നിയമം ശക്തിപ്പെടണമെങ്കിൽ 'ഏക ഔദ്യോഗിക ഭാഷ' എന്നുതന്നെ നമ്മുടെ ബില്ലിൽ പ്രയോഗിക്കണം. മാതൃഭാഷ ഒരു സമൂഹത്തിന്റെ സംസ്കാരമാണ്. മാതൃഭാഷ എന്ന നിലയിൽ ലോകത്തിൽ ഇരുപത്തിയാറാം സ്ഥാനത്താണ് മലയാളം. ശ്രേഷ്ഠപദവി കിട്ടി എന്നത് വളരെ മഹത്തരമാണ്. ശ്രേഷ്ഠപദവി കിട്ടിയിട്ട് എന്താ കാര്യമെന്ന് പലരും ചോദിച്ചിരുന്നു. നമ്മുടെ ഭാഷയുടെ പരിപോഷണത്തിനുവേണ്ടി നമ്മൾ അന്ന് ചുമതലപ്പെടുത്തിയിരുന്നത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനെ ആയിരുന്നു. ഏത് കക്ഷിയിൽപ്പെട്ടവരായാലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കാണിച്ചില്ലെന്ന ഒരു പരാതി എനിക്കുണ്ട്. പക്ഷെ സാഹിത്യ അക്കാദമിക്ക് അതിന്റെ ചുമതല കിട്ടിയപ്പോൾ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബിയുടെ ഇനിഷ്യേറ്റീവാണ് ആ സാംസ്കാരിക ജാഥയ്ക്കും അതിനെത്തുടർന്നുള്ള പ്രവർത്തനങ്ങൾക്കും നമുക്ക് ജാഗ്രത ഉണ്ടാക്കാൻ കഴിഞ്ഞത്. മാതൃഭാഷ എന്ന

നിലയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന മലയാളം കേരളത്തിൽ 97 ശതമാനം ആളുകളുടെ മാതൃഭാഷയാണ്. നമ്മുടെ മാതൃത്വത്തിന്റെ കാവലാളാണ് നമ്മുടെ മാതൃഭാഷ. എന്നിട്ടും നാം മലയാളത്തെ ചവിട്ടിത്താഴ്ത്തുകയാണ്. അമ്മയും ഉമ്മയും അമ്മച്ചിയും ഉപ്പും മുളകും അരിയും പപ്പടവും തമ്മിൽത്തമ്മിൽ കടം വാങ്ങുന്നതിന്റെ, സൗഹൃദത്തിന്റെ ഭാഷയാണ് മലയാളം. അമ്മിഞ്ഞപ്പാലിന്റെ പരിശുദ്ധ ഭാഷ ഇവിടെ അവഗണിക്കപ്പെടുന്നത് വളരെ ആശങ്കയുണ്ടാക്കുന്നു. മാതൃഭാഷയുടെ തകർച്ച ഒരു സമൂഹത്തിന്റെ തകർച്ചയാകും എന്ന തിരിച്ചറിവ് നമുക്ക് ഉണ്ടാകണം. ക്രിസ്തീയ പുരോഹിതനായ ജോർജ് മാത്തനും മുസ്ലീം പണ്ഡിതനായ സനാവുള്ള മക്തി തങ്ങളും ശ്രീനാരായണ ഗുരുവും ഒരുപോലെ സ്നേഹിച്ച ഭാഷയാണ് മലയാള ഭാഷ. മതമുൾപ്പെടെയുള്ള കാര്യങ്ങൾ മനസ്സിൽത്തട്ടണമെങ്കിൽ പഠിപ്പിക്കേണ്ടത് മാതൃഭാഷയിൽത്തന്നെ ആകണമെന്ന് ഇവർ ഉപദേശിച്ചിരുന്നു. അതും നമ്മൾ ഓർക്കണം. മലയാളിയെ നല്ല മുസൽമാനാക്കുന്ന ഗുരുഭാഷ മലയാളമെന്നാണ് മക്തി തങ്ങൾ പറഞ്ഞത്. നമ്മുടെ മണ്ണിൽ നിന്നും സമൂഹത്തിൽ നിന്നും ബന്ധങ്ങളിൽ നിന്നും വർത്തമാനകാലത്തിലെ പുതിയ തലമുറ അകന്നുപോകുന്നതിന് തടയിടാൻ മാതൃഭാഷാ പഠനത്തിനേ കഴിയൂ. ഒരു ജനതയുടെ ബുദ്ധിശക്തിയും കർമ്മശക്തിയും പരമാവധി പ്രയോജനപ്പെടുത്തുവാൻ മലയാള ഭാഷ പഠിക്കണം. അതിനുതകുന്ന

തരത്തിലാണ് 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അവതരിപ്പിക്കുന്നത്. പക്ഷെ മാതൃഭാഷാ വിഷയത്തിൽ ഈ ബിൽ ശാസ്ത്രീയ സമീപനം പുലർത്തുന്നില്ല എന്നത് ഖേദകരമാണ്. ഒന്നാം ഭാഷ എന്നത് ബില്ലിന്റെ നിർവ്വചനത്തിൽ ഒതുങ്ങിയതല്ലാതെ മഷിയിട്ട് നോക്കിയിട്ടും വേറെ ഒരിടത്തും കാണുന്നില്ല. ആര് വെട്ടിക്കളഞ്ഞുവെന്നത് പരിശോധിക്കേണ്ടതാണ്. ഒരു ഗവേഷണം നടത്തേണ്ടതാണ്. ആരാണോ രക്ഷിക്കേണ്ടത്, അവർതന്നെ ഈ കൊടുംപാതകം ചെയ്തുവെന്നത് വ്യക്തമാണ്. 2011 മെയ് 6-നാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പത്താംതരം വരെ മൂന്ന് പിരീഡ് മലയാളം പഠിക്കണമെന്ന ഒന്നാം ഭാഷാ ഉത്തരവ് പുറത്തുവരുന്നത്. പ്ലസ് ടു തലത്തിൽ മലയാളത്തിൽ എഴുതുന്ന കുട്ടികൾക്ക് പുസ്തകം SCERT ഇറക്കണമെന്ന തീരുമാനവുമുണ്ടായി. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും മലയാളം നിർബന്ധമാക്കുന്നുവെന്ന് മനസ്സിലാക്കിയ സ്വകാര്യ മാനേജ്മെന്റ് കേസിനുപോയി. ഈ അവസ്ഥ വന്നപ്പോഴാണ് പൊതു മണ്ഡലത്തിലും സാംസ്കാരിക ലോകത്തും സമഗ്ര ഭാഷാ നിയമം എന്ന ആശയത്തിലേയ്ക്ക് നമ്മൾ വന്നത്. എല്ലാ പ്രാദേശിക ഭാഷകളുടേയും വ്യാപനവും പരിപോഷണവും മാതൃഭാഷ സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ സാംസ്കാരിക പുരോഗതിയും ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ ലക്ഷ്യമായിരുന്നു. എന്നാൽ ഉദാസീനത

നമ്മെ വിടാതെ പിടികൂടി. നമ്മൾ വള്ളത്തോളിനെ ഓർക്കണം -

'ഭാരതമെന്ന പേരുകേട്ടാൽ അഭിമാനപൂരിതമാകണം അന്തരംഗം

കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ'.

ഇന്ന് ഞരമ്പുകളിൽ തിളയ്ക്കുന്ന ചോര വിഭാഗീയതയ്ക്കും വർഗ്ഗീയതയ്ക്കുമാണ്. അത് ഉണ്ടാകുന്നത് മാതൃഭാഷയോടുള്ള സമീപനം പുതുതലമുറയ്ക്ക് ഇല്ലാതെപോകുന്നതുകൊണ്ടാണ്. 1957-ൽ ഇ.എം.എസ്-ന്റെ കാലത്ത് കോമാട്ടിൽ അച്യുതമേനോന്റെ നേതൃത്വത്തിൽ ഭരണഭാഷയെക്കുറിച്ച് പഠിക്കാനുള്ള സമിതിതന്നെ കോടതി ഭാഷ മലയാള ഭാഷയാക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചതായി കാണാം. 1958-ൽ തമിഴ്നാട്ടിൽ തമിഴ് ഭരണഭാഷാ ആക്റ്റ് നിലവിൽ വന്നു. മറ്റ് സംസ്ഥാനങ്ങളിലും മുഖ്യമായും മാതൃഭാഷ തന്നെയായിരുന്നു ഭരണഭാഷയെന്ന് മനസ്സിലാക്കണം. 1969-ലും 1973-ലും കേരള ഔദ്യോഗിക ഭാഷാ ആക്റ്റ് വന്നപ്പോൾ മലയാളമോ ഇംഗ്ലീഷോ എന്ന ചർച്ച ഉയർന്നുവന്നു. അത് മാറി. മലയാളം ഭരണഭാഷയാക്കണം എന്ന വികാരം വളരെയേറെ ഉയർന്നുവന്നു. 1973-ൽ വിജ്ഞാപനംതന്നെ വന്നു. കേരളത്തിലെ സിവിൽ, ക്രിമിനൽ കോടതികളിൽ മലയാളം വിധിപ്രസ്താവത്തിനും വാദത്തിനും ഉപയോഗിച്ചിരുന്നുവെന്ന് നമ്മൾ മനസ്സിലാക്കണം. ജില്ലാ കോടതി, ജസ്റ്റിസ് സുബ്രഹ്മണ്യം പോറ്റി വരെയുള്ള പ്രഗത്ഭർ

മലയാളത്തിൽ വിധി പ്രസ്താവിച്ചിരുന്നതായി കാണാം. എന്തുകൊണ്ടോ അത് തുടർന്നില്ല. എന്നു മാത്രമല്ല, വീണ്ടും നമ്മൾ ഇംഗ്ലീഷിലേയ്ക്ക് തിരിച്ചുപോക്കും നടത്തി. അതാണ് ചരിത്രം. 1985 ആയപ്പോൾ ജസ്റ്റിസ് കെ. കെ. നരേന്ദ്രന്റെ നേതൃത്വത്തിൽ കോടതി ഭാഷ മലയാളമാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടു. 1987-ൽ റിപ്പോർട്ട് കൊടുത്തു. രണ്ട് കൊല്ലത്തിനകം ജില്ലാ കോടതി വരെയുള്ള കോടതികളിൽ കോടതി ഭാഷ മലയാളമാക്കണമെന്നും ഭരണം, കോടതി, വിദ്യാഭ്യാസം എന്നീ മൂന്ന് മേഖലകളിലും മലയാള ഭാഷ അടിസ്ഥാന ഭാഷയാക്കുന്ന നിലപാടാണ് മലയാളം നിയമത്തിൽ ഉൾക്കൊള്ളിച്ചത് എന്നർത്ഥം. ഐക്യ കേരളം പിറന്നിട്ട് 60 വർഷം കഴിഞ്ഞിട്ടും ദേശീയ പ്രസ്ഥാനത്തിന്റെ പാരമ്പര്യം ഉണ്ടായിട്ടും അശാസ്ത്രീയമായ സമീപനങ്ങൾകൊണ്ടും നടപടികൾകൊണ്ടും മലയാള ഭാഷയ്ക്കും കേരളീയ ജനതയ്ക്കും അതിന്റെ അസ്ഥിത്വം നിലനിർത്താൻ കഴിയാതെ വരുന്നത് നമ്മൾ പരിശോധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: കേരളപ്പിറവിക്ക് ശേഷം മലയാള ഭാഷാ സംസ്കൃതിക്ക് ലഭിക്കുന്ന ഒരു സുവർണ്ണ രേഖയാണ് ഇപ്പോഴെങ്കിലും നമുക്ക് ഇത് അവതരിപ്പിക്കാൻ കഴിഞ്ഞത്.

ശ്രീ. പുരുഷൻ കടലുണ്ടി: ചരിത്രമോർത്ത് നമ്മൾ ഇരുട്ടത്ത് തപ്പരുത്. മലയാള

ഭാഷയുടെ നിലനിൽപ്പ് ഉറപ്പുവരുത്താൻ നമുക്ക് അതുകൊണ്ടാവില്ല. ഇൻഡ്യയിലെ ഐ.എ.എസ്., ഐ.പി.എസ്. ഉൾപ്പെടുന്ന സിവിൽ സർവ്വീസ് പരീക്ഷകൾ 1968 മുതൽ മലയാളം ഉൾപ്പടെയുള്ള മാതൃഭാഷകളിൽ എഴുതാം. അതായത് ഭരണഘടനയിലെ എട്ടാം പട്ടികയിൽപ്പെട്ട എല്ലാ ഭാഷകളിലും എഴുതാം എന്ന അവസ്ഥയിരിക്കെയാണ് കേരളത്തിലെ സെക്രട്ടേറിയറ്റ്, സർവ്വകലാശാല അസിസ്റ്റന്റ് ഗ്രേഡ് പരീക്ഷകൾ ഇംഗ്ലീഷിൽ മാത്രം നടത്തുന്നതെന്ന വിചിത്രമായ അവസ്ഥ കേരളത്തിന് മാത്രം അവകാശപ്പെട്ടതാണ്. ഇത് മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല. തമിഴ് ഉൾപ്പടെയുള്ള മറ്റ് ഭാഷകളിൽ ഏത് തലംവരെയും മാതൃഭാഷയിൽ പഠിക്കാം, പരീക്ഷയെഴുതാം. ഇത് സർക്കാർ ഓർക്കണം. കേരളത്തിലും ആ അവസ്ഥ ഉണ്ടാകണം. മാതൃഭാഷ ബിരുദാനന്തരതലത്തിലും ഗവേഷണതലത്തിലും പരീക്ഷാ മാധ്യമമായി ഉപയോഗിക്കാനുള്ള അവകാശം വിദ്യാർത്ഥിക്ക് ലഭിക്കണം. Coconut, tender coconut, coconut tree, coconut leaf എന്ന് മാത്രമെ ഇംഗ്ലീഷിൽ പഠിക്കുന്ന കുട്ടിക്ക് ചിന്തിക്കാനാകൂ. അവന്റെ മനസ്സിൽ അത് പുതിയ വെളിച്ചം നൽകില്ല. എന്നാൽ മലയാളം മാധ്യമത്തിൽ പഠിക്കുന്ന കുട്ടിയുടെ ചിന്തയിൽ മച്ചിങ്ങ, അമ്മിഞ്ഞ, കൊച്ചമ്മ, തേങ്ങ, വന്തിങ്ങ, വെടല, വെളച്ചിൽ, കരിക്ക്, കൊലഞ്ഞിൽ തുടങ്ങിയ മൗലികമായ പദങ്ങളുടെ മഹാസമുദ്രം കുട്ടിയുടെ മനസ്സിൽ അലയടിച്ചുയരും.

അതുകൊണ്ടാണ് നമുക്ക് പുതിയ പുതിയ ചിന്തകളും ഉണ്ടാകുന്നത്. എഴുത്തച്ഛൻ പറഞ്ഞു,

'വാരിധി തന്നിൽ തിരമാലകളെന്നപോലെ,

ഭാരതീ പദാവലി തോന്നേണം കാലേ കാലേ'

എന്ന മട്ടിൽ കുട്ടികളുടെ മനസ്സിൽ മൗലികമായ ആശയങ്ങൾ ഉടലെടുക്കണമെങ്കിൽ നമ്മൾ ഇന്ന് ഈ കാണിക്കുന്ന വിഷയത്തിന് ഏറ്റവും പ്രാധാന്യം കൊടുക്കുകയും തിരുത്തലുകൾ വരുത്തേണ്ടത് തിരുത്തുകയും ചെയ്യണം. പഠന വകുപ്പിന്റെ അനിവാര്യത, ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ക്ലാസ്സിക്കൽ പദവി, ശ്രേഷ്ഠഭാഷാപദവി ലഭിച്ച മറ്റ് ഭാഷകൾക്കെല്ലാം പഠന വകുപ്പുണ്ട്. ഇല്ലാത്തത് മലയാളത്തിന് മാത്രമാണ്. കേരളത്തിലെ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഇംഗ്ലീഷിനും ഹിന്ദിക്കും പഠന വകുപ്പ് ഉണ്ടായിരിക്കെ മലയാളത്തിന് മാത്രം പഠന വകുപ്പ് ഇല്ല. ഇത് നമ്മുടെ ഉത്സാഹക്കുറവല്ലേ കാണിക്കുന്നത്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ശതമാനം ആളുകൾ ഉപയോഗിക്കുന്ന സംസ്ഥാന ഭാഷ മലയാളമാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് ഇതെല്ലാം പറഞ്ഞുപോകുമ്പോൾ, 1956-

ലാണ് ഇൻഡ്യയിൽ ഭാഷാ സംസ്ഥാനങ്ങളുണ്ടായത്. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമാണ് മലയാള ഭാഷയ്ക്കുവേണ്ടി ഒരു യൂണിവേഴ്സിറ്റി ഉണ്ടാകുന്നത്. കഴിഞ്ഞ ഒരു കാലത്തും ചെയ്യാത്ത രീതിയിൽ മലയാള ഭാഷയ്ക്കുവേണ്ടി ഭാഷാ പിതാവായ എഴുത്തച്ഛന്റെ പേരിൽ സ്ഥാപിച്ചത് യൂണിവേഴ്സിറ്റി സ്ഥാപിച്ചത് അങ്ങ് കാണാതെ പോകരുത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> അത് കണ്ടിട്ടുണ്ട്. ഞാൻ ഇവിടെ വിഭാഗീയതയോ ഏത് ഗവൺമെന്റ് ചെയ്തെന്നോ പറഞ്ഞിട്ടേയില്ല. എല്ലാ ഗവൺമെന്റുകളും ഓരോന്നിന്റെ തുടർച്ചയാണ്. ഇന്ന് ചെയ്യുന്നത് മറ്റൊരാൾ ഏറ്റെടുക്കും അങ്ങനെയാണ്. അതുകൊണ്ടാണ് ഇതൊക്കെ വരുന്നത്, നമ്മൾ മരവിപ്പ് ഉണ്ടാക്കരുത്. നമ്മുടെ രാജ്യത്ത് പൊതുജനമാണ് പ്രശ്നം. ജനങ്ങളുടെ വികാരവും വിചാരവും മനസ്സിലാക്കുന്ന പ്രവർത്തനവുമായി നമുക്ക് മുന്നോട്ടുപോകാൻ ഓർമ്മപ്പെടുത്തിയതിന് നന്ദി.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചത് മലയാള ഭാഷയുടെ വ്യാപനവും പരിപോഷണവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. മലയാള ഭാഷ സംസാരിക്കാനാഗ്രഹിക്കുന്ന ഒട്ടേറെ ആളുകൾ ഇൻഡ്യയിലുണ്ട്. ഈ അടുത്തകാലത്ത് ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ പോയപ്പോൾ അവിടെ വർഷങ്ങൾക്കുമുൻപ് നാടുകടത്തപ്പെട്ട മലയാളികളായ ആളുകളുടെ പുതിയ തലമുറയെ

കാണാനിടയായി. അവരൊന്നിച്ച് കൂടിയപ്പോൾ അവർ പറഞ്ഞ ഏക പരാതി ഞങ്ങളുടെ പഴയ തലമുറ മാത്രമാണ് മലയാളം സംസാരിക്കുന്നത്. മലയാള ഭാഷ സംസാരിക്കാൻ പുതിയ തലമുറയ്ക്ക് കഴിയുന്നില്ല. നഷ്ടപ്പെട്ടുപോയ ഞങ്ങളുടെ ഭാഷ തിരിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സംസ്ഥാനതലത്തിൽ കേരളത്തിന് ചെയ്യാൻ കഴിയുമോ എന്നുള്ളൊരു ചോദ്യമാണ് അത്തരം മലയാളികളിൽനിന്നുണ്ടാകുന്നത്. അങ്ങിവിടെ സൂചിപ്പിച്ചു, ഭാഷയുടെ പുതിയ പോഷണം നടക്കുന്നില്ലെന്ന്. സത്യത്തിൽ ഒരു നൂറ്റാണ്ടുമുൻപുള്ള മലയാളത്തിലുള്ളൊരു ഡോക്യുമെന്റ് വായിക്കാൻ, ഒരു ആധാരം വായിക്കാൻ നമുക്ക് കഴിയാതെ വരുന്നത് ഭാഷയിൽ ഉണ്ടായ ഈ പരിണാമമാണ്. നമ്മുടെ വേഷവിധാനം മാറുന്നതുപോലെതന്നെ ഭാഷയിലും മാറ്റമുണ്ടാകുന്നു. അതിനനുസൃതമായ ഗവേഷണം ഉണ്ടായില്ലെങ്കിൽ മലയാള ഭാഷയെ പരിപോഷിപ്പിക്കാൻ കഴിയില്ല. ഇപ്പോഴുള്ള മലയാളം സർവ്വകലാശാല ആ രീതിയിലുള്ളൊരു മാറ്റത്തിന് തുടക്കം കുറിക്കുന്നവിധേനയെങ്കിലും വളർത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്ന എന്നുള്ള യാഥാർത്ഥ്യം അങ്ങ് കൂട്ടിച്ചേർക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: സർ, മലയാള ഭാഷയുടെ പരിപോഷണത്തെ

സംബന്ധിച്ചും നമ്മളെല്ലാം ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതുപോലെ ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ ഇടയായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചുമാണ് അങ്ങിവിടെ സംസാരിക്കുന്നത്. നമ്മുടെ മാതൃഭാഷയിലൂടെ ആശയവിനിമയം നടത്തുമ്പോഴുണ്ടാകുന്ന മാധുര്യവും മനസ്സിന്റെ സന്തോഷവും മറ്റൊരു ഭാഷയിലൂടെ പറയുമ്പോൾ എന്തായാലും ഉണ്ടാകുന്നില്ലെന്നുള്ളത് അങ്ങും പറയുന്നു. പക്ഷേ ഇന്നത്തെ സാഹചര്യത്തിൽ സമൂഹത്തിലെ ചെറുപ്പക്കാരുടെ ഇടയിലും അല്ലെങ്കിൽ രക്ഷിതാക്കളടക്കം തങ്ങളുടെ മക്കളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിപ്പിക്കണമെന്നും കൊച്ചുകൊച്ച് ഇംഗ്ലീഷ് പറഞ്ഞാലേ ഒരു പത്രാസ് വരികയുള്ളൂയെന്നുമുള്ള മാനസികാവസ്ഥയിലേയ്ക്ക് മാറിയെന്നുള്ളത് ഏറ്റവും ഗൗരവമായി കാണേണ്ടതാണ്. ആ രീതി മാറ്റിയെടുക്കാൻ പറ്റുന്നതരത്തിൽ നിയമത്തിൽ കർശനമായ വ്യവസ്ഥ വരുമ്പോൾ മാത്രമേ...., ഉദാഹരണത്തിന് കേരളത്തിലേയ്ക്ക് വന്നാൽ ശബരിമലയിലേയ്ക്ക് അല്ലെങ്കിൽ വേറെ എവിടെയെങ്കിലും പോകണമെങ്കിൽ എല്ലാ ഭാഷയിലും എഴുതിവയ്ക്കും. പക്ഷേ മറ്റ് സംസ്ഥാനങ്ങളിൽ അങ്ങനെ കാണുന്നില്ല. ഔദ്യോഗിക ഭാഷാ കമ്മിറ്റി ഇക്കാര്യങ്ങൾ ഒരിക്കൽ ചർച്ച ചെയ്തതാണ്. ഇത്തരം കാര്യങ്ങളിൽ കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ട് ചെറിയ ക്ലാസ് മുതൽ മലയാള ഭാഷ പഠിപ്പിക്കുന്നത് നിർബന്ധമാക്കാനുള്ള സാഹചര്യംകൂടി

ഉണ്ടാകേണ്ടതില്ലേ?

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, രണ്ടും അംഗീകരിക്കുന്നു. മറ്റ് സംസ്ഥാനങ്ങളിലായാലും ഗൾഫുകളിലായാലും മലയാള ഭാഷ സംസാരിക്കുന്നിടത്തെല്ലാം ചില സാംസ്കാരിക സെന്ററുകളുണ്ടാക്കാൻ നമുക്ക് കഴിയണം. മലയാളത്തിൽ പ്രഗത്ഭരായവരെവച്ച് അവരുടെ വെക്കേഷൻ കാലത്ത് അവിടെപ്പോയി മലയാളം പഠിപ്പിക്കാനും അതിലേയ്ക്ക് ആഭിമുഖ്യം ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ കുട്ടികളെ വളർത്തിക്കൊണ്ട് വരാനുമുള്ള സംവിധാനമുണ്ടാക്കണം. പ്രായം ചെന്നവർ മലയാള ഭാഷയുടെ മാധുര്യവും നുണഞ്ഞുകൊണ്ട് ഇരിക്കുന്നു എന്നല്ലാതെ നമുക്കിത് പ്രയോഗത്തിൽ വരുത്തേണ്ടതുണ്ട്. നമ്മൾ ആധുനിക ലോകത്താണ് ജീവിക്കുന്നത്. ആധുനികതയുടെ ഏറ്റവും മാത്സരികമായ ലോകത്ത് കുട്ടികൾക്ക് ഇതിനോട് താൽപ്പര്യമുണ്ടാകണമെങ്കിൽ നമ്മുടെ ശക്തമായ ഇടപെടലുണ്ടാകണം. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് സാർ പറഞ്ഞത് വളരെ ശരിയാണ്. ഓരോ ഗവൺമെന്റും അതിന്റേതായ നിയമനടപടികളുമായി മുന്നോട്ടുപോകും. പലപ്പോഴും മൂന്നാമത്തെയോ നാലാമത്തെയോ അജണ്ടയായി മലയാള ഭാഷ മാറും. അതാണ് പ്രശ്നം. മലയാള

ഭാഷയ്ക്ക് പ്രാമുഖ്യം കൊടുക്കണം. ഓരോ സംസ്ഥാനത്തും അവരവരുടെ വെക്കേഷൻ കാലത്ത് ഭാഷാപഠന കേന്ദ്രങ്ങൾ തുടങ്ങണം, സാംസ്കാരിക വകുപ്പ് അതിനുവേണ്ട സന്നാഹങ്ങൾ ഒരുക്കണം. ശ്രീ. പാലോട് രവി അദ്ധ്യക്ഷനായ കമ്മിറ്റി ശിപാർശചെയ്ത ഡയറക്ടറേറ്റ് ഇതിൽ കാണാനില്ല. എന്തുകൊണ്ട് അതില്ലാതെ പോയി; കേവലം വകുപ്പ് ഉണ്ടായതുകൊണ്ടുമാത്രം പ്രായോഗികതലത്തിൽ കാര്യങ്ങൾ നടന്നുകൊള്ളണമെന്നില്ല. ഡയറക്ടറേറ്റ് അടിയന്തരമായും ഇതിൽ ഉൾപ്പെടുത്തണം. സമയം വൈകിയതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഏതായാലും ഇങ്ങനെയൊരു നിയമം കൊണ്ടുവരാനും ചില ഭേദഗതികളിലൂടെ ഇത് പാസ്സാക്കാനും കഴിയണം എന്നാണ് എനിക്ക് പറയുവാനുള്ളത്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. കേരളത്തിന്റെ ചരിത്രത്തിൽ മലയാള ഭാഷയ്ക്ക് ഒരുപാട് സംഭാവനകൾ നൽകിയ ഒരു സർക്കാരും മുഖ്യമന്ത്രിയും സാസ്കാരിക വകുപ്പുമന്ത്രിയുമാണ് നമ്മുടെ രാജ്യത്തുള്ളത്. മലയാള ഭാഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ നിയമസഭയിൽ ഞാനൊരു ശ്രദ്ധക്ഷണിക്കൽ

നടത്തുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി സർവ്വകലാശാല യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞു. അതേ മന്ത്രിസഭയിലെ ഒരു മന്ത്രി എന്നെ വിളിച്ചിട്ട് പറഞ്ഞു, ആ സർവ്വകലാശാല യാഥാർത്ഥ്യമാകുമെന്ന് താൻ സ്വപ്നം കാണേണ്ട എന്ന്. അങ്ങനെ കോൾഡ് സ്റ്റോറേജിൽ വച്ച ആ സർവ്വകലാശാലയെ പുറത്തെടുത്ത് മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജനെഴുത്തച്ഛന്റെ പേരിൽ തിരൂരിൽ ആ സർവ്വകലാശാല ഈ സർക്കാർ യാഥാർത്ഥ്യമാക്കി. മലയാളത്തിന് ക്ലാസിക്കൽ പദവി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സാംസ്കാരിക വകുപ്പുമന്ത്രിയും ഡൽഹിയിൽ നടത്തിയ പോരാട്ടം നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഈ മുഖ്യമന്ത്രിയുടെയും സാംസ്കാരിക വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഈ ബിൽ എങ്ങനെ നൂറ് ശതമാനവും ഗൗരവതരമാക്കാം എന്നുള്ളതിനെ സംബന്ധിച്ചും അങ്ങുതന്നെ ഈ സഭയിൽ അദ്ധ്യക്ഷം വഹിക്കുന്നത് ഒരു ചരിത്ര നിയോഗമായി ഞാൻ കാണുന്നു. അങ്ങ് ചെയർമാനായ ഔദ്യോഗിക ഭാഷാ കമ്മിറ്റി കൊടുത്ത റിപ്പോർട്ടിലെ പല ഭാഗങ്ങളും ഈ ബില്ലിൽ ഇല്ലെന്നുള്ളത് എന്നെ ദുഃഖിപ്പിക്കുന്നു. അതുകൊണ്ട് സമയത്തെ അങ്ങ് നിയന്ത്രിക്കരുതെന്ന് ഞാൻ ആദ്യമായി അപേക്ഷിക്കുന്നു. അങ്ങയുടെ റിപ്പോർട്ടിലെ കാര്യങ്ങളടക്കം ഇവിടെ പരാമർശിക്കേണ്ടത് അത്യാവശ്യമാണ്. ഈ ബില്ലിന്റെ

മൂന്നാം വകുപ്പിൽ ഒരു ഡയറക്ടറേറ്റ് രൂപവൽക്കരിക്കണമെന്നും സെക്രട്ടേറിയറ്റിൽ ഒരു വകുപ്പുണ്ടാക്കണമെന്നും എഴുതിയിട്ടുണ്ട്. എന്നാൽ ഇതിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഇതിന് ഒരു പൈസയും ചെലവുവരില്ല എന്നും എഴുതിയിട്ടുണ്ട്. ഇത് വളരെ വൈരുദ്ധ്യമാണ്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് പോകുമ്പോൾ ഇത് തിരുത്തണമെന്ന് ഞാൻ ആദ്യമായി ആവശ്യപ്പെടുകയാണ്. ഭാഷ എന്നുപറയുന്നത് അമ്മയുടെ മുലപ്പാലിനോടൊപ്പം ലഭിക്കുന്ന നമ്മുടെ പൈതൃകമാണ്. ഭാഷ എന്നുള്ളത് ആശയവിനിമയത്തിനുള്ള ഉപാധിയുമാണ്. പക്ഷേ എല്ലാ ഭാഷകളും ഭാഷകളല്ല, യഥാർത്ഥ ഭാഷയെന്നു പറയുന്നത് അമ്മയുടെ മുലപ്പാലിനോടൊപ്പം നമുക്ക് ലഭിക്കുന്ന ഭാഷയാണ്. പക്ഷേ മലയാളം ഇന്ന് അന്യംനിന്നുപോകുന്ന ഒരവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. 'കുരച്ച് കുരച്ച് മലയാളം അരിയാം' എന്നുപറഞ്ഞ് മലയാള ഭാഷയെ അരിയാൻ നടക്കുന്ന നാടൻ ദ്വരമാർ നമ്മുടെ സമൂഹത്തിൽ ഒരുപാട് വളർന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ജോലിക്കുവരുന്ന ഐ.എ.എസ്. ഓഫീസർമാർ അവരുടെ ജോലിയുടെ ഭാഗമായി മലയാളം പഠിക്കണമെന്ന് നിർബന്ധമുണ്ട്. അവർ മലയാളം നന്നായി പഠിക്കുമ്പോൾ നമ്മുടെ നാടൻ ദ്വരകൾ പുട്ടിന് തേങ്ങയിടുന്നതുപോലെ മലയാള ഭാഷയെ വികൃതമാക്കി ഇംഗ്ലീഷും ചേർത്ത് നമ്മെ കളിയാക്കിക്കൊണ്ടിരിക്കുകയാണ്. ബഹദൂർ പഴയൊരു

മലയാള സിനിമയിൽ എന്റെ സ്പീച്ചിൽ ഇംഗ്ലീഷ് വേഡ്സ് കടന്നുകൂടാതിരിക്കാൻ ഞാൻ ട്രൈ ചെയ്യാമെന്നു പറഞ്ഞത് ഞാൻ ഓർക്കുകയാണ്. കോഴിക്കോട് കളക്ടറായിരുന്ന ശ്രീ. അമിതാഭ് കാന്ത് ഭാര്യ പ്രസവിച്ചപ്പോൾ പത്രക്കാരോട് പറഞ്ഞു. എന്റെ ഭാര്യ പ്രസവിച്ചു, കുട്ടി ആനക്കുട്ടിയാണെന്ന്. ഞാൻ ശ്രീ. അമിതാഭ് കാന്തിനെ കളിയാക്കുന്നില്ല. കാരണം ഉത്തർപ്രദേശുകാരനായ അദ്ദേഹം കേരളത്തിൽവന്ന് അങ്ങനെ സംസാരിക്കാനെങ്കിലും മലയാളം പഠിച്ചുവെന്നതിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ ഭാഷ അന്യംനിന്നുപോകാതിരിക്കാനും ഈ ഭാഷ നമ്മുടെ സംസ്കാരത്തിന്റെയും നമ്മുടെ പാരമ്പര്യത്തിന്റെയും നമ്മുടെ പൈതൃകത്തിന്റെയും അവിഭാജ്യ ഘടകമായി മാറുവാനും ഈ ബില്ലിൽ കാര്യമായ അഴിച്ചുപണി നടത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കൽ ഈ ബില്ലിൽ നിർബന്ധമാണ് എന്ന് ഞാൻ ആവശ്യപ്പെടുന്നു. മലയാളം മാധ്യമം പൊതുവിദ്യാലയങ്ങളിൽ സംരക്ഷിക്കുക, മലയാളം മാധ്യമത്തിലുള്ള പൊതുവിദ്യാലയങ്ങളെല്ലാം സംരക്ഷിക്കാനുള്ള നടപടി വേണം. കോടതി ഭാഷ പരിപൂർണ്ണമായും മലയാളത്തിലാക്കുക, ഭരണഭാഷ പൂർണ്ണമായും

മലയാളത്തിലാക്കുക, കേരളത്തിലെ എല്ലാതരം ബിരുദങ്ങൾക്കുമുള്ള പരീക്ഷകൾ മലയാളത്തിൽ എഴുതാൻ അനുവദിക്കുക, കേരളത്തിലെ എല്ലാ തൊഴിൽ പരീക്ഷകളും മലയാളത്തിൽ എഴുതാൻ അനുവദിക്കുക, ഭാഷാ ന്യൂനപക്ഷങ്ങളുടെയും ആദിവാസികളുടെയും മാതൃഭാഷാപരമായ അവകാശം സംരക്ഷിക്കുക. നമ്മുടെ നിയമസഭയിൽപ്പോലും നിർഭാഗ്യവശാൽ മലയാളം പരിപൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പല കമ്മിറ്റികളുടേയും റിപ്പോർട്ടുകൾതന്നെ ഇംഗ്ലീഷിലാണ്. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി മെമ്പറാണ് ഞാൻ, ഇന്നേവരെ ആ കമ്മിറ്റിയിൽ മലയാളം റിപ്പോർട്ടിൽ ഉപയോഗിക്കേണ്ടി വന്നിട്ടില്ല. നിയമനിർമ്മാണ സഭയായ ഈ നിയമസഭയിൽപ്പോലും മലയാള ഭാഷയെ രക്ഷിക്കാൻ നമുക്ക് സാധിക്കുന്നില്ലെങ്കിൽ സാധാരണ ജനങ്ങൾ അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കേണ്ട കോടതിയിൽ അന്യായം കൊടുക്കുന്ന പാവപ്പെട്ടവനുപോലും, അതിനുവേണ്ടി അവന്റെ അഭിഭാഷകൻ എന്താണ് വാദിക്കുന്നത് എന്നുപോലും മനസ്സിലാക്കാത്തവിധം കോടതി ഭാഷയും നമ്മുടെ ഭരണഭാഷയുമൊക്കെ ഇനിയും പഴയരീതിയിൽ തുടരുന്നത് ശരിയല്ല. മലയാളം ഔദ്യോഗിക ഭാഷയായി, മലയാള സർവ്വകലാശാല വന്നു. കേരളത്തിലെ എല്ലാ

വിദ്യാലയങ്ങളും മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി മാറ്റിയേ പറ്റൂ. മാതൃഭാഷയെ ഏറ്റവും അവഗണിക്കുന്നവരാണ് നമ്മൾ മലയാളികൾ. മാതൃഭാഷ എന്ന നിലയിൽ ലോകത്തിലെ 26-ാം സ്ഥാനത്തുള്ള ഭാഷയാണ് മലയാളം. സ്വാതന്ത്ര്യം നേടിക്കഴിഞ്ഞിട്ടും നാം ഇംഗ്ലീഷ് ഭാഷയോട് പുലർത്തുന്ന അടിമ മനോഭാവമാണ് മാതൃഭാഷ അവഗണിക്കപ്പെടാനുള്ള മുഖ്യ കാരണം. ഇംഗ്ലീഷിന് ലോകത്തിലുള്ള സ്ഥാനത്തെക്കുറിച്ച് തെറ്റിദ്ധാരണയാണ് മറ്റൊന്ന്. ലോകത്തിലെ മാതൃഭാഷ എന്ന നിലയിൽ ഏറ്റവും അധികം ആളുകൾ സംസാരിക്കുന്ന ആദ്യത്തെ 35 ഭാഷകളിൽ ഒന്നാണ് മലയാളമെന്ന് എത്ര മലയാളികൾക്ക് അറിയുമെന്ന് നമ്മൾ ആലോചിക്കണം. ലോകത്ത് ഏറ്റവും അധികം ആളുകൾ സംസാരിക്കുന്നത് ചൈനീസ് ഭാഷയാണ്. നമ്മുടെ ധാരണ ഇംഗ്ലീഷ് ആണ് ലോകത്ത് എല്ലാവരും കൂടുതൽ സംസാരിക്കുന്നതെന്നാണ്, സത്യത്തിൽ ചൈനീസ് ഭാഷയാണ്. രണ്ടാമത് വരുന്നത് സ്പാനീഷ് ആണ്. മൂന്നാമത് വരുന്നത് ഹിന്ദിയും നാലാം സ്ഥാനം മാത്രമേ ഇംഗ്ലീഷിനുള്ളൂ എന്നുള്ള ധാരണ നമുക്കുണ്ടാകണം. ഭരണഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഉപയോഗിക്കുന്നവരിൽ മൂന്നിൽ രണ്ടുഭാഗം ജനങ്ങളും പഴയ ബ്രിട്ടീഷ്

കോളനികളില്ലുള്ളവരാണ്. കോമൺവെൽത്ത് രാജ്യങ്ങളിൽ ഉള്ളവരാണ് ഏറ്റവും കൂടുതൽ ഇംഗ്ലീഷ് സംസാരിക്കുന്നത്. ഗ്രീക്ക് ഉൾപ്പെടെയുള്ള പല യൂറോപ്യൻ ഭാഷകളേക്കാളും ഏറെ ആളുകൾ മാതൃഭാഷയായി ഉപയോഗിക്കുന്ന ഭാഷയാണ് മലയാളം. ദക്ഷിണേന്ത്യയിലെ ഏറ്റവുമധികം ശതമാനം ജനങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനതല ഔദ്യോഗികഭാഷ മലയാളമാണ്. കർണ്ണാടകത്തിൽ കന്നട 65 ശതമാനം ആളുകൾ മാത്രമേ സംസാരിക്കുന്നുള്ളൂ, അവിടെ 100 ശതമാനം ആളുകൾ കന്നട സംസാരിക്കുന്നില്ല. തമിഴ്നാട്ടിൽ 90 ശതമാനത്തിൽ താഴെ ആളുകളാണ് തമിഴ് മാതൃഭാഷയായി ഉപയോഗിക്കുന്നത്. ആന്ധ്രയിൽ 83 ശതമാനമാണ് തെലുങ്ക് മാതൃഭാഷയായിട്ടുള്ളവർ. ഹിന്ദുവെന്നോ, മുസ്ലീമെന്നോ, ക്രിസ്ത്യാനിയെന്നോ വ്യത്യാസമില്ലാതെ നമ്മുടെ എല്ലാവരുടേയും മാതൃഭാഷയാണ് മലയാളം. ഏറ്റവുമധികം സാമുദായിക വൈരവും മതപരമായ വൈരാഗ്യങ്ങളുമൊക്കെ വർദ്ധിച്ചുവരുന്ന ഈ കാലത്തുപോലും മലയാളമാണ് കേരളത്തിലെ ജനങ്ങളെ ഏകോപിപ്പിക്കുന്ന മാധ്യമം എന്നുള്ളതുകൂടി നമുക്ക് വിസ്മരിക്കാൻ പറ്റില്ല. സമ്പൂർണ്ണ സാക്ഷരതയുണ്ടെന്ന് അഭിമാനിക്കുന്ന കേരളത്തിൽ പല വിദ്യാലയങ്ങളിലും

മാതൃഭാഷയായ മലയാളം പഠിപ്പിക്കപ്പെടുന്നില്ല. മറ്റ് ഏത് ഭാഷ പഠിച്ചാലും തൊട്ടടുത്ത മനുഷ്യരോട് വിനിമയം ചെയ്യാൻ കഴിയുന്ന മാധ്യമമായ മാതൃഭാഷ അറിയില്ലെങ്കിൽ ഒരാളെ സാക്ഷരൻ എന്നു വിളിക്കുന്നതിൽ ന്യായമില്ല. എല്ലാതരം സ്കൂളുകളിലും 10-ാം തരംവരെ മലയാളഭാഷയും സാഹിത്യവും പഠിപ്പിക്കണമെന്ന 1-ാം ഭാഷാ ഉത്തരവ് കേരളത്തെ സമ്പൂർണ്ണ സാക്ഷരതാ സംസ്ഥാനമാക്കാൻ കൂടിയുള്ളതാണ്. എന്നാൽ അത് ഇനിയും പരിപൂർണ്ണമായും നടപ്പിലാക്കാൻ നമുക്കായിട്ടില്ല. വിദ്യാഭ്യാസം എന്നു പറഞ്ഞാൽ ബുദ്ധിപരമായ ചില കാര്യങ്ങൾ അറിയൽ മാത്രമല്ല. വ്യക്തിയുടെ മാനസിക സംസ്കരണവും, വൈകാരികമായ വിദ്യാഭ്യാസവും അതിന്റെ ലക്ഷ്യമാണ്. അന്ധമായ വികാരങ്ങളേയും വാസനകളേയും സംസ്കരിച്ച് സാമൂഹ്യബോധമുള്ള വ്യക്തികളാക്കി മാറ്റണമെങ്കിൽ കുട്ടികൾക്ക് മാതൃഭാഷയിലുള്ള സാഹിത്യവുമായും സംസ്കാര പാഠങ്ങളുമായും പരിചയമുണ്ടായിരിക്കണം. ഏത് തലത്തിലുമുള്ള വിദ്യാഭ്യാസത്തിന് ഭാഷയും സാഹിത്യവും സംസ്കാര ഘടകങ്ങളും പഠിപ്പിക്കണമെന്ന് പറയുന്നതിന്റെ കാരണം ഇതാണ്. കേരളത്തിൽ ഭാഷയുടെ ഒന്നാം ഭാഷാ ഉത്തരവ് നടപ്പിലാക്കുന്നതിന് ഈ

ഗവൺമെന്റ് തയ്യാറാകുകയും ഐക്യമലയാള പ്രസ്ഥാനം ഇതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്തതും ഞാൻ ഇവിടെ സ്മരിക്കുകയാണ്. പൊതു വിദ്യാലയങ്ങളിൽ 10-ാം തരം വരെ എല്ലാ വിദ്യാർത്ഥികളെയും മൂന്ന് പിരിയേഡ് എങ്കിലും മലയാളം നിർബന്ധിതമായി പഠിപ്പിച്ചിരിക്കണം. ഇപ്പോൾ മലയാളത്തിന് ഭ്രഷ്ട് കൽപ്പിച്ചിരിക്കുന്ന ഓറിയന്റൽ സ്കൂളുകളിൽ ആഴ്ചയിൽ മൂന്ന് പിരിയേഡ് മലയാളം പഠിപ്പിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞങ്ങളുടെ ശിപാർശകളിൽപ്പെട്ടതാണ്, ഞങ്ങളുടെ ഒരു പ്രധാന ശിപാർശ മലയാള വിദ്യാഭ്യാസം സർക്കാർ സർവ്വീസിലെ നിയമനത്തിനുള്ള യോഗ്യതയായി കണക്കാക്കണം എന്നുള്ളതാണ്. മലയാളം പഠിക്കാത്തവർ സർക്കാർ സർവ്വീസിൽ വേണ്ട.

ശ്രീ. സി. പി. മുഹമ്മദ്: സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., സ്കൂളുകളിൽ 10-ാം തരംവരെ മലയാളം മൂന്ന് പിരിയേഡ് എങ്കിലും പഠിപ്പിച്ചിരിക്കണം. കേരളത്തിലെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാളം പഠിക്കാനുള്ള അവസരം വേണം. കേരളത്തിലെ എല്ലാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും മലയാളം പഠിക്കാനുള്ള അവസരം വേണം. ഇംഗ്ലീഷ് പഠിക്കൽ

എന്നാൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിക്കലല്ലാ എന്ന് ആദ്യം നമ്മൾ മനസ്സിലാക്കണം. കേരളത്തിൽ പഠിക്കുന്ന വിദ്യാർത്ഥി ഇംഗ്ലീഷ് പഠിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇംഗ്ലീഷ് ഒരു ലോക ഭാഷയാണ്, നമുക്ക് പ്രപഞ്ചജാലകം തുറന്നുതന്ന വിദ്യാഭ്യാസമാണ്.

ശ്രീ. മാത്യൂ. റ്റി. തോമസ്: സർ, ഇപ്പോൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന മലയാളഭാഷയുടെ ബില്ലിൽത്തന്നെ 9-ാം വകുപ്പിൽ പെറ്റിക്കേസ്സുകൾ എന്ന വാക്ക് വരുന്നു. ഒരു ഇംഗ്ലീഷ് വാക്ക് മലയാള ഭാഷയുടെ ബില്ലിൽത്തന്നെ വന്നിരിക്കുകയാണ്. അതുകൊണ്ടും അവസാനിക്കുന്നില്ല, അടുത്തയാഴ്ച നമ്മൾ പരിഗണിക്കുന്ന ഗ്രാമാസൂത്രണ ബില്ലിന്റെ ഡെഫനിഷൻ ക്ലോസ്സിൽ വന്നിരിക്കുന്ന ചില വാക്കുകൾ ഉണ്ട്, എക്സിക്യൂഷൻ പ്ലാൻ. മലയാളത്തിൽ ഉള്ള ബില്ലിൽ നിർവ്വചിക്കപ്പെട്ട വാക്കാണ്, അതുകൊണ്ടും തീർന്നില്ല, ലാന്റ് പൂളിംഗ്, മാസ്റ്റർ പ്ലാൻ, പെർസ്പെക്ടീവ് പ്ലാൻ ഈ ഇംഗ്ലീഷ് വാക്കുകളെ മലയാളത്തിൽ നിർവ്വചിച്ചുകൊണ്ടാണ് ബില്ല് ഇപ്പോൾ സർക്കുലേറ്റ് ചെയ്തിരിക്കുന്നത്. അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സി. പി. മുഹമ്മദ്: സർ, ധാരാളമുണ്ട്, പക്ഷേ എല്ലാ വാക്കുകളും മലയാളീകരിക്കണമെന്ന മലയാള മൗലീകവാദിയല്ല ഞാൻ. ഭാഷ

വളരുന്നതനുസരിച്ച് ഭാഷയിലേയ്ക്ക്, മലയാളത്തിലെ പല പദങ്ങളും എടുത്ത് നോക്കിയാൽ അറബിയിൽനിന്ന്, ഹിന്ദിയിൽനിന്ന്, സംസ്കൃതത്തിൽനിന്ന് വന്നതിന് കൈയ്യും കണക്കുമില്ല. നമ്മുടെ ഉച്ചാരണത്തിനോ, ഭാഷയുടെ സൗന്ദര്യത്തിനോ കോട്ടംതട്ടാത്തവിധത്തിൽ അന്യഭാഷകളിൽനിന്ന് കടമെടുക്കുന്നതിൽ തെറ്റില്ല എന്ന അഭിപ്രായക്കാരനാണ്. ഇംഗ്ലീഷിനുള്ള പ്രാധാന്യം ഞാൻ കുറച്ചുകാണുന്നില്ല. നമുക്ക് പ്രപഞ്ച ജാലകം തുറന്നതന്ന ഭാഷയാണ് ഇംഗ്ലീഷ്. ലോകഭാഷ എന്ന നിലയിൽ ഇന്ത്യയിൽ മാത്രമല്ല എല്ലാ സ്ഥലത്തും, ലോകത്തുള്ള എല്ലാവരും ഇംഗ്ലീഷ് പഠിക്കുന്നത് നല്ലതുതന്നെയാണ്. ഇംഗ്ലീഷിനോടുള്ള വിരോധം കൊണ്ടല്ല, മാതൃഭാഷ വേണമെന്ന് പറയുന്നത്.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, ഇവിടെ അവതരിപ്പിക്കുന്ന ബില്ലിൽ വന്ന ഇംഗ്ലീഷ് വാക്കുകളെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. സി. പി. മുഹമ്മദ്: സർ, അത് പാടില്ല, അത് അരോചകമാണ്, അത് ഒഴിവാക്കേണ്ടതായിരുന്നു. എല്ലാവരും പഠിക്കേണ്ട ഭാഷ എന്ന നിലയിൽ പൊതു വിദ്യാലയങ്ങളിൽ ഇപ്പോഴും ഏറ്റവുമധികം പീരിയേഡുകൾ നീക്കിവച്ചിരിക്കുന്നത് ഇംഗ്ലീഷിനാണ്. ആഴ്ചയിൽ 6 പിരീയേഡുകളാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. മാതൃഭാഷയ്ക്കുവേണ്ടി നിലകൊള്ളുന്നവരാരും ഇതിനെ ചോദ്യം ചെയ്യുന്നില്ല.

മാതൃഭാഷയ്ക്ക് അർഹമായ പ്രാധാന്യം നൽകണമെന്നും എല്ലാ വിദ്യാർത്ഥികളും ഇംഗ്ലീഷ് പഠിക്കുന്നതിന്റെ പകുതി പിരിയേഡെങ്കിലും മലയാളം പഠിക്കണമെന്നുമാണ് ആവശ്യപ്പെടുന്നത്. ഇന്റർനാഷണൽ സ്കൂളുകളെന്നപേരിൽ ബോർഡുവച്ചുകൊണ്ട് ഇപ്പോൾ കൂണുപോലെ വിദ്യാലയങ്ങൾ നമ്മുടെ നാട്ടിൽ മുളച്ചുവരുന്നുണ്ട്. ലോക നിലവാരത്തിലെത്തണമെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിക്കണമെന്ന അന്ധവിശ്വാസമാണ്. ഇംഗ്ലീഷ്തന്നെ നല്ല രീതിയിൽ പഠിക്കുന്നില്ല. ഞാൻ ബിരുദാനന്തര ബിരുദധാരിയായ ഒരാളെക്കൊണ്ട് ഒരു പെറ്റീഷൻ ഡ്രാഫ്റ്റ് ചെയ്യിട്ട് അത് പരിശോധിച്ചപ്പോൾ അതിൽ അനേകം തെറ്റുകൾ കണ്ടുപിടിക്കാൻ സാധിച്ചു. ഇംഗ്ലീഷിന്റെ ഉച്ചാരണം എങ്ങനെ വേണം, ഏത് ആക്സെന്റിൽ സംസാരിക്കണം എന്നുള്ളത് ബിരുദാനന്തര ബിരുദധാരികളായ പലർക്കും അറിയില്ല. ഒരാൾ വാട്ട് ഈസ് ദ മീനിംഗ് ഓഫ് ക്നൈഫ് (what is the meaning of knife) എന്നു ചോദിച്ചു, അപ്പോൾ മറ്റേ ആൾ പറഞ്ഞു ഐ ഡോണ്ട് ക്നോ (I don't know) എന്ന്. ഇതുകേട്ട മൂന്നാമൻ പറഞ്ഞു ബോത്ത് ആർ വ്റോംങ് (both are wrong) എന്ന്. ഇത്തരത്തിൽ ഇംഗ്ലീഷ് പറയുന്നവരുടെ എണ്ണം നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. ഇംഗ്ലീഷ് പഠിക്കുക എന്നുള്ളത് നേരത്തേ ശ്രീമതി പി. അയിഷാ പോറ്റി പറഞ്ഞതുപോലെ ഒരു സ്റ്റാറ്റസിന്റെ സിംബലായി

മാറിയിരിക്കുകയാണ്. എന്റെ കുട്ടി ഇംഗ്ലീഷ് മീഡിയത്തിലാണ് പഠിക്കുന്നത്, അവൻ എന്നെ 'അമ്മ' എന്നല്ല വിളിക്കുന്നത്, 'മമ്മി' എന്നാണ് വിളിക്കുന്നത്, വീട്ടിൽ അമ്മിയില്ലെങ്കിലും കുട്ടി 'മമ്മി' എന്നു വിളിച്ചാൽ സ്വർഗ്ഗം കിട്ടിയ പ്രതീതിയാണ് നമ്മുടെ കുട്ടികൾക്ക്. പഴയ തലമുറയിൽനിന്ന് വ്യത്യസ്തമായി പുതിയ തലമുറയിൽപ്പെട്ടവർക്ക് ചികിത്സ ചെയ്യുന്ന ഹോസ്പിറ്റൽ, കുട്ടികൾ പഠിക്കുന്ന സ്കൂൾ, സ്വകാര്യമേഖലയിലെ പ്രശസ്തമായ സ്കൂളുകൾ അതിനൊക്കെ പതിനായിരക്കണക്കിന് രൂപ ഫീസ് കൊടുത്താലും പോരാ എന്ന രീതിയിലുള്ള ആഡംബരത്തിന്റേയും പൊങ്ങച്ചത്തിന്റേയും പര്യായമായി നമ്മുടെ സംസ്കാരം മാറിയിരിക്കുന്നു എന്നുള്ളത് നമുക്ക് നിഷേധിക്കുവാൻ സാധിക്കുകയില്ല. കേരളത്തിലെ ടെക്നിക്കൽ സ്കൂളുകളിലെ പഠന മാധ്യമം മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേയ്ക്ക് മാറിയത് നാം അറിഞ്ഞഭാവം നടിക്കുന്നില്ല. ഈ ഘട്ടത്തിൽത്തന്നെ 3, 4 വരെ ക്ലാസ്സുകളിൽ ഇംഗ്ലീഷ് മീഡിയത്തിനുവേണ്ടിയുള്ള പാഠപുസ്തകങ്ങൾ നിർമ്മിക്കുകവഴി പൊതു വിദ്യാലയങ്ങളിലെ പഠന മാധ്യമം ഇംഗ്ലീഷ് ആണെന്ന് എസ്.സി.ഇ.ആർ.ടി. അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയുണ്ടായി. മാതൃഭാഷാ വിദ്യാലയങ്ങളാണ് സത്യത്തിൽ ഇന്ന് പൊതു വിദ്യാലയങ്ങൾ. മലയാള മാധ്യമം ഒഴിവാക്കി ഇംഗ്ലീഷ് മാധ്യമത്തിലേയ്ക്ക് മാറുന്നതോടെ പൊതുവിദ്യാലയങ്ങൾ, പൊതു വിദ്യാലയങ്ങൾ

അല്ലാതായി മാറുകയാണ് ചെയ്യുന്നത്. പൊതു എന്നാൽ സർക്കാർ ശമ്പളം കൊടുക്കുന്നതെന്ന് മാത്രമല്ല അർത്ഥം, കുട്ടിയുടെ പഠനപ്രക്രിയ മുഴുവൻ പൊതുസമൂഹമായി ബന്ധപ്പെടുന്നതാണ് എന്നു കൂടിയാണ്. പൊതു സമൂഹത്തിന്റെ ഭാഷയിൽത്തന്നെയും സമൂഹത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് മാതൃഭാഷയിൽ പഠിക്കുമ്പോൾ മാത്രമേ വിദ്യാഭ്യാസം പൊതു വിദ്യാഭ്യാസമായി മാറുകയുള്ളൂ എന്ന ധാരണ നമുക്കുണ്ടാകണം. പൊതുവിദ്യാലയങ്ങളിൽ പത്താംതരംവരെ എല്ലാ വിദ്യാർത്ഥികളും മൂന്ന് പീരീഡ് എങ്കിലും നിർബന്ധമായും മലയാളം പഠിച്ചിരിക്കണം. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പല തൊഴിൽ പരീക്ഷകളും ഇപ്പോൾ ഇംഗ്ലീഷിലാണ് നടത്തുന്നത്. കേരളത്തിലെ സെക്രട്ടേറിയറ്റിലോ, സർവ്വകലാശാലകളിലോ ജോലി ലഭിക്കണമെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിൽത്തന്നെ പരീക്ഷ എഴുതണം. എന്നാൽ ഇൻഡ്യയിലെവിടെയും ജോലി ചെയ്യാൻ കഴിയുന്ന ഐ.എ.എസ്/ഐ.പി.എസ്. പരീക്ഷകൾ മലയാളത്തിൽ എഴുതാമെന്നതാണ് വസ്തുത. അഖിലേന്ത്യാ സർവ്വീസിൽ മലയാളത്തിന് നൽകുന്ന സ്ഥാനംപോലും സംസ്ഥാനതലത്തിൽ മലയാളത്തിന് ലഭിക്കുന്നില്ലെന്ന് അറിയുമ്പോൾ മലയാളി ലജ്ജിക്കേണ്ടതാണ്. ശ്രേഷ്ഠ ഭാഷാ പദവിക്കുവേണ്ടി കേന്ദ്രത്തിന്റെ മുമ്പിൽ

വാദിക്കുന്നതിനുമുമ്പ് കേന്ദ്ര സർക്കാർ മലയാളത്തിന് നൽകിവരുന്ന അംഗീകാരമെങ്കിലും കേരളത്തിനകത്ത് മലയാളത്തിന് കിട്ടുന്നുണ്ടോയെന്ന് പരിശോധിക്കാൻ നമ്മൾ മറന്നുപോയി.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങേയ്ക്ക് ഇനി എത്ര മിനിട്ടുകൂടി വേണ്ടിവരും?

ശ്രീ. സി. പി. മുഹമ്മദ് : സർ, പത്ത് മിനിട്ടുകൂടി വേണം. കേരളത്തിൽ മലയാളത്തിനെതിരെ സംസാരിക്കുന്നവർ പറയുന്ന ഒരു വാദം, കേരളത്തിന് പുറത്ത് ജോലി കിട്ടണമെങ്കിൽ ഇംഗ്ലീഷ് മാധ്യമത്തിൽ പഠിച്ചിരിക്കണമെന്നാണ്. അങ്ങനെയാണെങ്കിൽ കേരളത്തിൽ തൊഴിൽ തേടിവരുന്ന ലക്ഷക്കണക്കിന് ബംഗാളികളും ആസ്സാമികളും ഉത്തർപ്രദേശുകാരും തമിഴ്നാട്ടുകാരും ഇവിടെ ജോലിയെടുക്കുന്നത് ഇവിടത്തെ മാതൃഭാഷ പഠിച്ചിട്ടാണോയെന്ന് നാം ചിന്തിക്കണം. നമ്മുടെ നാട്ടിൽ പുറം സംസ്ഥാനങ്ങളിൽനിന്നുംവന്ന ധാരാളം തൊഴിലാളികൾ പണിയെടുക്കുന്നു. അവരെ ജോലിക്ക് നിയമിക്കുമ്പോൾ അവർക്ക് ജോലി അറിയുമോയെന്നുള്ളതല്ലാതെ അവരുടെ ഭാഷാപരിജ്ഞാനം നമ്മൾ ഒരിക്കലും നോക്കുന്നില്ല. ബ്രിട്ടനിലും അമേരിക്കയിലും വാസ്തവത്തിൽ ഇത്രത്തോളം ഇംഗ്ലീഷ് ഭ്രമമില്ല. ബ്രിട്ടനിലും അമേരിക്കയിലും നമ്മുടെ നാട്ടിലുള്ള അത്ര ഇംഗ്ലീഷ്

ഭ്രമമില്ലെന്നതാണ് വസ്തുത. അമേരിക്കക്കാരും ഇംഗ്ലീഷുകാരും ബ്രിട്ടീഷ് മാധ്യമത്തിൽ പഠിക്കുന്നത് ഇംഗ്ലീഷ് അവരുടെ മാതൃഭാഷ ആയതുകൊണ്ടാണ്. ബ്രിട്ടനിലും അമേരിക്കയിലും അവർ ഇംഗ്ലീഷിനല്ല, അവരുടെ മാതൃഭാഷയ്ക്കാണ് പ്രാധാന്യം കൊടുക്കുന്നത്. ബ്രിട്ടന്റെ ഭാഗമായ വെയിൽസിൽ 28 ശതമാനം കുട്ടികൾ വെൽഷ് ഭാഷാ മാധ്യമത്തിലാണ് പഠിക്കുന്നത്. ബരാക് ഒബാമ ഭരിക്കുന്ന അമേരിക്കയുടെ ഭാഗമായ പ്യൂർട്ടോറിക്കയിൽ പഠന മാധ്യമം ഇംഗ്ലീഷല്ല, സ്പാനിഷാണ്. ഇംഗ്ലീഷ് രണ്ടാം ഭാഷയായി പഠിക്കാൻപോലും അവിടത്തെ വലിയ വിഭാഗം ആളുകൾ തയ്യാറാകുന്നില്ല.

ശ്രീ. എം. എ. ബേബി: പ്യൂർട്ടോറിക്ക നിർഭാഗ്യവശാൽ കോളനി ഭരണത്തിലാണ്, അവിടെ കോളനിവാസികളാണ് താമസിക്കുന്നത്.

ശ്രീ. സി. പി. മുഹമ്മദ്: അവിടെ പഠിപ്പിക്കുന്ന മാധ്യമം സ്പാനിഷാണ്. അമേരിക്കയും ബ്രിട്ടനും കഴിഞ്ഞാൽ ഇംഗ്ലീഷ് സംസാരിക്കുന്ന മൂന്നാമത്തെ ഏറ്റവും വലിയ രാജ്യം കാനഡയാണ്. അവിടത്തെ ജനസംഖ്യയുടെ കാൽഭാഗത്തോളം ആളുകൾ ഫ്രഞ്ച് സംസാരിക്കുന്നവരാണ്. ഫ്രഞ്ച് മാതൃഭാഷയായ പ്രദേശങ്ങളിൽ

വിദ്യാഭ്യാസം പൂർണ്ണമായും ഫ്രഞ്ച് മാധ്യമത്തിലാണ്. എല്ലാ പൗരന്മാർക്കും ഫ്രഞ്ചുഭാഷയിൽത്തന്നെ സർക്കാരുമായി കത്തിടപാടുകൾ നടത്താം. സർക്കാർ അവർക്ക് ഫ്രഞ്ച് ഭാഷയിൽത്തന്നെ മറുപടി നൽകുന്നു. മാതൃഭാഷയ്ക്ക് വേണ്ടി ഇംഗ്ലീഷ് പണ്ഡിതന്മാർ രംഗത്ത് വന്നത് ഞാൻ ഇവിടെ ആവർത്തിക്കുകയാണ്. മലയാളം ഉൾപ്പെടെയുള്ള മാതൃഭാഷകൾക്കുവേണ്ടി വാദിക്കുന്നവർ ഇംഗ്ലീഷ് വിരോധികളോ ഇംഗ്ലീഷ് അറിയാത്തവരോ ആണെന്നതാണ് ഒരു പ്രചാരം. ബ്രിട്ടീഷ് ഭരണകാലം മുതൽതന്നെ പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കണമെന്നാണ് നിർദ്ദേശിച്ചത്. സ്വാതന്ത്ര്യത്തിനുശേഷം 1948-ൽ ഡോ. എസ്. രാധാകൃഷ്ണൻ കമ്മീഷൻ ഉന്നത വിദ്യാഭ്യാസവും മാതൃഭാഷയിലായിരിക്കണമെന്ന് നിർദ്ദേശിച്ചു. ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ അധ്യാപകനായിരുന്നു മഹാനായ ഡോ. എസ്. രാധാകൃഷ്ണൻ. പഠനമാധ്യമം മാതൃഭാഷയായിരിക്കണമെന്ന് റിപ്പോർട്ട് നൽകിയ ജ്ഞാനപീഠ ജേതാവുകൂടിയായ വി. കെ. ഗോകുലിന്റെ വ്യക്തിത്വം ശ്രദ്ധേയമാണ്. ഇംഗ്ലീഷ് പ്രൊഫസറായിരുന്ന അദ്ദേഹം ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ ചരിത്രത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം ക്ലാസ്സിൽ

ഒന്നാം റാങ്ക് നേടിയ വെള്ളക്കാരനല്ലാത്ത അവിടത്തെ ആദ്യത്തെ വിദ്യാർത്ഥിയാണ്. ബാംഗ്ലൂർ സർവ്വകലാശാലാ വൈസ്ചാൻസിലർ അതുപോലെ ഇപ്പോഴത്തെ EFLU-ന്റെ ആദ്യ ഡയറക്ടർ എന്നിങ്ങനെയുള്ള പദവികളിലിരുന്ന അദ്ദേഹം ഏതായാലും ഇംഗ്ലീഷ് വിരോധംകൊണ്ടോ മാതൃഭാഷാ ഭ്രാന്തുകൊണ്ടോ മാതൃഭാഷയ്ക്കുവേണ്ടി വാദിച്ച വ്യക്തിയല്ല. ഇംഗ്ലണ്ടിൽത്തന്നെ ഇംഗ്ലീഷ് പ്രൊഫസറായിരുന്ന റോബർട്ട് ഫിലിപ്സ് ആണ് ഇൻഡ്യയുൾപ്പെടെയുള്ള രാജ്യങ്ങളിൽ ഇംഗ്ലീഷ് പഠന മാധ്യമമായി അടിച്ചേൽപ്പിക്കുന്നതിനെതിരെ രംഗത്ത് വന്നിട്ടുള്ളതെന്ന് നാം ഓർക്കണം. നമ്മുടെ മലയാളം നിഘണ്ടു നിർമ്മിച്ച ഡോ. ഹെർമ്മൻ ഗുണ്ടർട്ട് മലയാളിയല്ല എന്നുള്ളതും നമ്മൾ വിസ്മരിക്കരുത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പല തൊഴിൽ പരീക്ഷകളും ഇപ്പോഴും ഇംഗ്ലീഷിൽ ആണ് നടത്തുന്നത്. കർണ്ണാടകത്തിലെ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെട്ട് 2014 മെയ് മാസം 6 - ലെ സുപ്രീം കോടതി ഭരണഘടനാ ബഞ്ചിന്റെ വിധി സമഗ്ര മലയാള നിയമത്തിൽ തടസ്സമാണെന്ന തെറ്റിദ്ധാരണ ചിലർ പരത്താൻ ശ്രമിക്കുന്നുണ്ട്. അത് യാഥാർത്ഥ്യവുമായി ബന്ധമില്ല. 1973 മെയ് 11-ന്റെ ഉത്തരവിൽ രണ്ട് പ്രത്യേക വിജ്ഞാപനങ്ങൾ പ്രകാരം കേരള ഹൈക്കോടതിക്ക്

കീഴിൽവരുന്ന എല്ലാ സിവിൽ കോടതികളിലും കേരള ഹൈക്കോടതിക്ക് കീഴിൽ വരുന്ന എല്ലാ ക്രിമിനൽ കോടതികളിലും ഇംഗ്ലീഷോ അല്ലെങ്കിൽ മലയാളമോ ഉപയോഗിക്കാമെന്ന് പറഞ്ഞിരുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക ഭാഷാ വകുപ്പിന്റെ ഉത്തരവ് 56025/ഔദ്യോഗിക ഭാഷ/75. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഔദ്യോഗിക തലത്തിലുള്ള ചർച്ചയുടെ നടപടിക്കുറിപ്പുകളെ മുൻനിർത്തി ഇങ്ങനെ പറയുന്നു. 07.06.1973-ലെ യോഗത്തിൽ കീഴ്ക്കോടതികളിലെ ഉത്തരവുകളും വിധിന്യായങ്ങളും കഴിയുന്നിടത്തോളം മലയാളത്തിൽ പുറപ്പെടുവിക്കേണ്ടതിനാവശ്യമായ ഉത്തരവുകൾ ചീഫ് ജസ്റ്റിസ് നൽകണമെന്ന് അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയുണ്ടായി. അഞ്ച് വർഷത്തെ കർമ്മ പരിപാടിയിൽ കോടതി ഭാഷ മലയാളമാക്കാൻ നമ്മൾ തീരുമാനിച്ചതായിരുന്നു. അതിന്ന് എവിടെയും എത്തിയിട്ടില്ല. ഔദ്യോഗിക ഭാഷ സംബന്ധിച്ച് ശ്രീ. പാലോട് രവി എം.എൽ.എ.യുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി ഔദ്യോഗിക ഭാഷാ നിയമം ഉണ്ടാക്കുന്നത് സംബന്ധിച്ച ഒരുപാട് കാര്യങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അത് ഞാൻ ഇവിടെ പരാമർശിക്കുവാൻ ആഗ്രഹിക്കുന്നു. ഒന്ന്, സംസ്ഥാന സർക്കാരിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മലയാളം

ഒരു നിർബന്ധ ഒന്നാം ഭാഷയായി പഠിപ്പിക്കുന്നതിനും ആയത് നിയമപരമായി ഉറപ്പാക്കുന്നതിനും മലയാള ഭാഷാ നിയമത്തിൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബോധന മാധ്യമം മലയാളമായി തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങൾക്ക് അനുമതി നൽകുന്നതിന് പ്രത്യേക പരിഗണന വ്യവസ്ഥാപിതമാക്കണമെന്നും സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് മുൻഗണന നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിയമ പഠനം പ്രത്യേക പഠന വിഷയമാക്കി ചെറുക്ലാസ്സുകളിൽനിന്ന് അവ മാതൃഭാഷയിൽത്തതന്നെ തുടങ്ങുന്നതിനും ഐച്ഛിക നിയമപഠനം മാതൃഭാഷയിൽത്തന്നെ നടത്തുന്നതിനും സംസ്ഥാനത്തെ എല്ലാ കോടതി വ്യവഹാര നടപടികളും സമ്പൂർണ്ണമായും സമയബന്ധിതമായും മാതൃഭാഷയിലാക്കുന്നതിനും ശക്തമായ വ്യവസ്ഥകൾ വേണമെന്ന് ആവശ്യപ്പെടുന്നു. എല്ലാ നിയമ നിർമ്മാണ അവസരങ്ങളിലും മലയാളം നിയമനിർമ്മാണ ഭാഷയായി ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ മലയാള ഭാഷാനിയമത്തിൽ ഉണ്ടായിരിക്കണമെന്നും ഭാഷയുടെ ലാളിത്യം മുഖമുദ്രയാക്കണമെന്നും ആവശ്യപ്പെടുന്നു. വിവരസാങ്കേതിക രംഗത്ത് മലയാള ഭാഷയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിനായി സോഫ്റ്റ്വെയറുകളും അനുബന്ധ സങ്കേതങ്ങളും കഴിയുന്നത്ര വേഗത്തിൽ തയ്യാറാക്കുന്നതിന്

വെബ്സൈറ്റുകളും അതുവഴി തെരയലുകളും ബോധന സംവേധന പ്രക്രിയകളും മാതൃഭാഷയിൽ ആക്കുന്നതിനുള്ള വ്യവസ്ഥകൾ മലയാളഭാഷാ നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു. മലയാളഭാഷാ നിയമനിർമ്മാണത്തിൽ പ്രസ്തുത പര്യവേഷണ ഗവേഷണ പദ്ധതികൾക്ക് പ്രമുഖ സ്ഥാനം നൽകുന്നതിനും ഇതിനാവശ്യമായ പ്രോത്സാഹന പദ്ധതികൾ സൃഷ്ടിക്കുന്നതിനും വ്യവസ്ഥകൾ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. മാധ്യമങ്ങളിലെ വാർത്തകളിലും പരിപാടികളിലുമുള്ള ഭാഷാശുദ്ധി നിരന്തരമായി നിരീക്ഷിക്കുന്നതിന് ഒരു സംവിധാനം ഏർപ്പെടുത്തണമെന്നും മലയാളത്തിൽ മേന്മയുള്ളതും ഭാഷാപരിപോഷണത്തിന് ഇടയാക്കുന്നതുമായ പരിപാടികൾ അവതരിപ്പിക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകണമെന്നും ആവശ്യപ്പെടുന്നു. തനത് സംഗീതവും നൃത്തവും നാടൻ കലാരൂപങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ മലയാള ഭാഷാ നിയമത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചുവരുന്ന ഭാഷാ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തരുതെന്നും നിയമ നിർമ്മാണം നടപ്പിൽ വരുമ്പോൾ ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾക്ക് ഹാനികരമാകുന്ന രീതിയിൽ ഒരു വ്യവസ്ഥയും ഉണ്ടാകരുതെന്നും

സമിതി ശിപാർശ ചെയ്യുന്നു. മലയാള ഭാഷാപരിപോഷണ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ബഡ്ജറ്റ് ഔട്ട്ലേയുടെ .05 ശതമാനം തുക മാറ്റി വയ്ക്കണമെന്നും ബഡ്ജറ്റിംഗ് പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുമ്പോൾ ഈ കാര്യം ഓരോ ഓഫീസുകൾക്കും പ്രത്യേക നിർദ്ദേശമായി നൽകണമെന്നും ആവശ്യപ്പെടുന്നു. ഒരു തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ മലയാളത്തിലുള്ള വിദ്യാഭ്യാസം നിയമന യോഗ്യതയായി ഉൾപ്പെടുത്തണമെന്നും നിയമന പൊതു ചട്ടങ്ങളിലും വകുപ്പുകളുടെ പ്രത്യേക ചട്ടങ്ങളിലും ഇക്കാര്യം നിർബന്ധമായി ഉൾപ്പെടുത്തണമെന്നും നിയമനത്തിനായി അഭിമുഖത്തിൽ ഇത്തരക്കാർക്ക് നിശ്ചിത മാർക്ക് നൽകണമെന്നും നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് മാനദണ്ഡങ്ങളിൽ മാതൃഭാഷാ പരിജ്ഞാന യോഗ്യതകൂടി ചേർത്ത് പൊതുനിയമ ചട്ടങ്ങളിലും പ്രത്യേക വകുപ്പ് ചട്ടങ്ങളിലും മാറ്റം വരുത്തണമെന്നും ആവശ്യപ്പെടുന്നു. മലയാളഭാഷാ വികസനവകുപ്പ്, മലയാളഭാഷാ ഡയറക്ടറേറ്റ്, നിലവിലെ വിവിധ സമിതികളുടെ രൂപീകരണം, പ്രവർത്തനം, ഏകോപനം എന്നിവ വ്യവസ്ഥാപിതപ്പെടുത്തുന്നതിന്റെ വ്യവസ്ഥകൾ മലയാളഭാഷാ നിയമത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ എല്ലാ

വിദ്യാലയങ്ങളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുക, മാധ്യമ പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുക, കോടതി ഭാഷ മലയാളമാക്കുക, ഭരണ ഭാഷ പൂർണ്ണമായും മലയാളമാക്കുക തുടങ്ങിയ ആമുഖത്തിൽ പറഞ്ഞ കാര്യങ്ങൾ ഈ ബില്ലിന്റെ പരിപൂർണ്ണമായും ഭാഗമാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. ഒരു ചരിത്രനിയോഗമാണ് ഈ കാര്യമെന്ന് ഞാൻ പറഞ്ഞത് ഈ സമയത്തുതന്നെ ഡെപ്യൂട്ടി സ്പീക്കർ ആയി തെരഞ്ഞെടുക്കാനും ചരിത്രപ്രസിദ്ധമായ ഈ നിയമത്തിന്റെ സമയത്ത് സഭ നിയന്ത്രിക്കാനും അവസരം കിട്ടിയത് അങ്ങയുടെ ജീവിതത്തിലെ ഒരു വലിയ അസുലഭ മുഹൂർത്തമാണെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രേഷ്ഠഭാഷയെന്ന പദവിയിലേയ്ക്ക് മലയാളം ഉയർത്തപ്പെട്ടു കഴിഞ്ഞു. ഈ കാര്യത്തിൽ മലയാളികൾക്ക് അഭിമാനിക്കാം . മതം ജാതി....മതം, ജാതി, സമ്പത്ത് ഇങ്ങനെയുള്ള സാമൂഹിക ഭേദങ്ങൾക്കതീതമായി കേരളീയരെ ഒരൊറ്റ ജനതയായി ബന്ധിപ്പിച്ചുനിർത്തുന്ന ഏക ഘടകം മലയാളമാണ്. അതുകൊണ്ട് കേരളത്തിലെ മതേതരത്വത്തിന്റെയും സമഭാവനയുടെയും സമത്വത്തിന്റെയും ഇവയിലൂന്നിയുള്ള സമഗ്ര വികസനത്തിലൂടെ ആർജ്ജിക്കുന്ന സാമൂഹ്യ-സാമ്പത്തിക-കാർഷിക- വ്യവസായിക പുരോഗതിയുടെയും അതിലൂടെ കൈവന്നിരിക്കുന്ന സ്വയം പര്യാപ്തതയുടെയും സാംസ്കാരികമായ ഔന്നത്യത്തിന്റെയും മാധ്യമം മലയാളഭാഷ

മാത്രമാണ്. ഏതൊരു ഭാഷയും വളരുന്നത് പ്രയോജനപരതയിലൂടെയാണ്. ഇംഗ്ലീഷ് പഠനം ഒരു ആഗോള ഭാഷയെന്നുള്ള നിലയിൽ ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ച ആദ്യനാളുകളിൽ ബന്ധഭാഷയെന്ന നിലയിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക തന്നെ വേണമെന്നുള്ളത് ഞാൻ ഒരിക്കൽകൂടി ആവർത്തിക്കുന്നു. അറിവ്, പ്രായം എന്നിവ പ്രയോഗത്തിലെത്തണമെങ്കിൽ അത് മാതൃഭാഷയിലൂടെ ആർജ്ജിക്കുന്നതായിരിക്കണം. ഉപ്പുവെള്ളത്തിൽ ലയിച്ചു ചേരുന്നതുപോലെയാണ് മാതൃഭാഷയിലുള്ള അറിവ്. വ്യക്തിയിലും സമൂഹത്തിലും ലയിച്ചു വ്യാപിപ്പിക്കുന്നത് മറ്റ് ഭാഷകളിലൂടെയാകുമ്പോൾ മോരും മുതിരയും പോലെ ആയിത്തീരും. പെങ്ങൾ, ഓപ്പോൾ, തങ്കച്ചി, അക്കൻ, ഇത്താത്ത, ഇച്ചേയ്, ഏട്ടി, ഏട്ടത്തി, ഉമ്മ, എന്നിങ്ങനെ സ്നേഹം തുളുമ്പുന്ന തനിമയാർന്ന ബന്ധത്തെ യോജിപ്പിക്കുന്ന വാക്കുകൾ മറക്കുന്ന സമൂഹം പീഡകരായ ദുശ്ശാസനന്മാരാൽ നിർഭയരായി പോകുന്നതിൽ അതിശയമില്ല. ഉമ്മറം, കോലായി, എറയം, പൂമുഖം, വരാന്ത ഇങ്ങനെ ഭാഷയുടെ താളവും സൗന്ദര്യവും തുളുമ്പുന്ന വാക്കുകളെയെല്ലാം ഇംഗ്ലീഷിന്റെ സിറ്റൗട്ടിൽ കൊണ്ടുചെന്ന് കെട്ടുമ്പോൾ, തല്ക്കാലം പ്രയോഗത്തിന്റെ സൗകര്യമല്ല നല്ലത് എന്ന ലാളിത്യവത്ക്കരണത്തിന്റെ വാദം സമൂഹത്തിൽ തെറ്റായി പ്രചരിപ്പിക്കാനാകും. അന്തർദേശീയ തലത്തിൽ ജപ്പാനിലെ വിദ്യാഭ്യാസ

സമ്പ്രദായവും രീതിയും വ്യാപകമായ ശ്രദ്ധ നേടിയിട്ടുണ്ട്. വിദ്യാഭ്യാസ സംവിധാനത്തിൽ ജപ്പാന്റെ സംസ്കാരവും ചരിത്രവും രൂപപ്പെടുത്തുന്നതിൽ വഹിച്ചുകൊണ്ടിരിക്കുന്ന പങ്ക് വളരെ വലുതാണ്. ജപ്പാന്റെ വിജ്ഞാനവും സാങ്കേതികതയും തങ്ങളുടെ ജീവിതവും സംസ്കാരവുമായി ഉൾച്ചേർത്തുകൊണ്ടുള്ള വിദ്യാഭ്യാസ പദ്ധതിയിലൂടെയാണ് നേടിയിട്ടുള്ളത്. അതുകൊണ്ട് നമ്മളും ജപ്പാന്റെ മാതൃക സ്വീകരിക്കണം. നമ്മുടെ സംസ്ഥാനത്ത്...........

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങ് ഭാഷയെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ചിന്തിക്കുന്ന ഭാഷയിൽ പ്രവർത്തിക്കുക എന്നുള്ള കാര്യം ലോകംതന്നെ വലിയ മാതൃകയായി എടുത്തിരിക്കുകയാണ്. ഏത് ഭാഷയിലാണോ ചിന്തിക്കുന്നത് ആ ഭാഷയിൽ പ്രവർത്തിക്കണം. ലോകത്ത് ഏറ്റവും കൂടുതൽ വികസിത രാഷ്ട്രങ്ങൾ പരിശോധിച്ചാൽ അവരെല്ലാം ചിന്തിക്കുന്ന ഭാഷയിൽ പ്രവർത്തിക്കുന്നവരാണ്. അത് ചൈനയാണെങ്കിലും ജപ്പാനാണെങ്കിലും അമേരിക്കയാണെങ്കിലും എല്ലാവരുടെയും ശൈലിയാണ്. പക്ഷേ ദൗർഭാഗ്യമെന്നു പറയട്ടെ, അങ്ങനെയുള്ള ഒരവസ്ഥ നമുക്ക് ഉണ്ടായിട്ടില്ല. ഈ അടുത്ത കാലത്ത് ചൈനയിൽ തന്നെ ബീജിങ്ങിലുള്ള 'ബൈഡു' ഇൻസ്റ്റിറ്റ്യൂട്ട് ശ്രീ. ബെന്നി ബെഹനാൻ അടക്കം ഞങ്ങൾ സന്ദർശിച്ചിരുന്നു. ചൈനീസ് ഭാഷയിൽ അതത്

ദിവസം നടക്കുന്ന ഒരു പുതിയ പദപ്രയോഗമുണ്ടായാൽ ആ പുതിയ പദത്തെക്കുറിച്ചാണ് ആ ദിവസം പഠിക്കുന്നത്. ഒരു പുതിയ പദം കണ്ടെത്താൻ അവർ ശ്രമിക്കുകയാണ്. ഉദാഹരണമായി, നമ്മൾ ഇവിടെ കമ്പ്യൂട്ടറിന്റെ മൗസ് എന്നാണ് ഉപയോഗിക്കുന്നത്. അതിനുപകരം എലിയെന്ന് ഉപയോഗിക്കാൻ കഴിയില്ല. കമ്പ്യൂട്ടർ മൗസിന് ഒരു മലയാള പദമുണ്ടോ എന്നതിന്റെ ഉത്തരം കണ്ടെത്താൻ നമ്മൾ ഇതുവരെ ശ്രമിച്ചിട്ടില്ല. യാദൃശ്ചികമായി എന്റെ കയ്യിൽ കിട്ടിയത് ചൈനയിൽ നിന്നുള്ള ഒരു മെഡിക്കൽ കോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയുടെ അപേക്ഷയാണ്. മെഡിക്കൽ സ്കൂൾ ഓഫ് നിംബോ യൂണിവേഴ്സിറ്റിയിൽ തേർഡ് ഇയറിന് പഠിക്കുന്ന ഒരു എം.ബി.ബി.എസ്. വിദ്യാർത്ഥിക്ക് കൊടുക്കുന്ന പേപ്പറിൽ പറയുന്നത് ചൈനീസ് കോംബ്രിഹെൻസീവ് കമ്പൽസറിയാണെന്നാണ്. ചൈനീസ് ലിസണിംഗ് ആന്റ് സ്പീക്കിംഗും കമ്പൽസറിയാണ്. കാരണം മെഡിക്കൽ കോളേജിൽ പഠിക്കുന്ന തേർഡ് ഇയർ സ്റ്റുഡന്റുപോലും അവരുടെ ചൈനീസ് ഭാഷ നിർബന്ധമായും പഠിച്ചിരിക്കണമെന്ന് രേഖാമൂലം പറയുകയാണ്. നമ്മുടെ ഭാഷയെ ആ രീതിയിൽ ജനങ്ങളിലേയ്ക്ക് എത്തിക്കാനുള്ള ഒരു സാഹചര്യം ഇപ്പോഴും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന സാഹചര്യം അങ്ങ് ഓർമ്മിക്കുമോ?

ശ്രീ. സി.പി. മുഹമ്മദ്: സർ, ലോകത്ത് മലയാളികൾ ഒഴികെ എല്ലാ രാജ്യങ്ങളിലും അവരുടെ ഭാഷയുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി ഒരുപാട് അദ്ധ്വാനിക്കുന്നവരും ജാഗ്രത പുലർത്തുന്നവരുമാണ്. ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങൾ ഇതിനുദാഹരണങ്ങളാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സി. പി. മുഹമ്മദ്......

ശ്രീ. സി. പി. മുഹമ്മദ് : സർ, കഴിയാറായി. വിദ്യാഭ്യാസത്തിന്റെ എല്ലാ ഘടകങ്ങളിലും മാതൃഭാഷ വേണ്ട അളവിൽ പഠിക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും അവസരം നൽകണം. ഇത് വിദ്യാർത്ഥിയുടെ അവകാശമായി കണക്കാക്കേണ്ടതുണ്ട്. എല്ലാ ഘട്ടങ്ങളിലും മാതൃഭാഷ വേണ്ട അളവിൽ പഠിക്കാൻ എല്ലാ വിദ്യാർത്ഥികൾക്കും സാഹചര്യമുണ്ടാകണം. 'പാത്രം നിറയ്ക്കലല്ല വിദ്യാഭ്യാസം, ഉള്ളിലുള്ള അഗ്നിയെ ജ്വലിപ്പിക്കലാണ്' എന്ന സോക്രട്ടീസിന്റെ വാക്യം വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യത്തെ ഭംഗിയായി നിർവ്വചിക്കുന്നു. 'അമ്മയുടെ നെഞ്ചകം എന്ന പോലെ ഞാനെന്റെ മാതൃഭാഷയോട് ചേർന്നുതന്നെ നിൽക്കും. ജീവനും ജീവിതവും തരുന്ന മുലപ്പാൽ അവിടെ നിന്നേ എനിക്ക് കിട്ടുകയുള്ളൂ' എന്ന് 1946 ഓഗസ്റ്റ് മാസം 18-ലെയും 25-ലെയും ഹരിജനിൽ മഹാത്മാഗാന്ധി വാക്യങ്ങളെഴുതിയത് സാങ്കേതിക വിദ്യാഭ്യാസത്തെ പരാമർശിച്ചാണ്. ജനതയെയും

രാഷ്ട്രത്തെയും സേവിക്കാൻ സജ്ജരാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് ടാഗോർ വിശ്വസിച്ചു. ശാന്തിനികേതനം വിശ്വഭാരതിയും ആരംഭിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും ഈ വിശ്വാസം തന്നെയാണ്. ദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനം ജനതയുടെ അറിവാണ്. വികസനത്തിന്റെ പൂർണ്ണത സമൂഹം ആർജ്ജിക്കുന്ന വിദ്യാഭ്യാസത്തെ ആസ്പദമാക്കിയാണ്. അതിന് യോജിച്ച വഴി പഠനം മാതൃഭാഷയിലാക്കണമെന്നതാണ്. ഇംഗ്ലീഷ് സ്കൂളുകൾക്ക് നമ്മുടെ ജനതയുടെ ജീവിതത്തിന്റെ ഉപരിതലത്തിൽ തൊടാൻ മാത്രമേ സാധിക്കൂ. നമ്മുടെ ചിന്തകളുടെ ആഴത്തിലെത്താൻ അവയ്ക്ക് ഒരിക്കലും കഴിയില്ല എന്നാണ് മെക്കോളെയ്ക്ക് മറുപടിയായി ടാഗോർ എഴുതിയത്. 'വിശ്വപരിചയം' എന്ന പേരിൽ ശാസ്ത്രത്തിന്റെ പ്രാഥമിക ഗ്രന്ഥംവരെ ടാഗോർ ബംഗാളി ഭാഷയിലെഴുതി. ഭാഷയുടെ പഠനത്തിൽ കുട്ടികൾ അഭിമുഖീകരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഭൗതിക തടസ്സമാണ്. വിവരമല്ലാതെ വിജ്ഞാനം അന്യഭാഷയിലൂടെ വളരുന്നില്ല. ഇങ്ങനെ ലഭ്യമാകുന്ന വിവരമാകട്ടെ, വ്യക്തിത്വവുമായി ചേർന്ന് അവബോധമായി മാറുന്നുമില്ല. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് ക്യാമ്പസ് തെരഞ്ഞെടുപ്പിനായി വൻകിട കോർപ്പറേറ്റുകൾ ഈയിടെ വിമുഖത കാണിക്കുന്നത് ഒരു സത്യമാണ്. ആ കമ്പനികളുടെ മാനവ വിഭവശേഷി വിഭാഗങ്ങൾ

കണ്ടെത്തിയിരിക്കുന്ന സത്യം എന്താണെന്നു നോക്കിയാൽ കേരളത്തിലെ കുട്ടികൾക്ക് മാർക്ക് കാണുമായിരിക്കും. പക്ഷേ അവരിൽ പ്രതിഭാദാരിദ്ര്യം ഉണ്ടെന്നാണ്. നമ്മുടെ ഭാഷകളുടെ അപര്യാപ്തതകളെ ചൂണ്ടിക്കാണിക്കുന്ന ചിലരുണ്ട്. എന്നാൽ അവർ മറക്കുന്ന ചില സത്യങ്ങളുണ്ട്. കൗടില്യന്റെ അർത്ഥശാസ്ത്രം ആദ്യമായി പരിവർത്തനം ചെയ്യപ്പെട്ടത് മലയാളത്തിലേയ്ക്കാണ്. മധ്യകാലഘട്ടത്തിലെ കേരളീയ ഗണിതം ലോകത്തിലെ ഏറ്റവും മികച്ച നിലവാരം പുലർത്തിയിരുന്നുവെന്ന് ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. യുക്തിഭാഷ പോലുള്ള പ്രാമാണിക ഗണിതശാസ്ത്ര ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിലുണ്ടായി. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ മഹാഭാരതം, സർഗ്ഗാനുസർഗ്ഗം, പദാനുപദം, കമ്പോട്കമ്പ് എന്നിവ ആദ്യമായി വിവർത്തനം ചെയ്തത് മലയാളത്തിലാണ്. മഹാകവി വള്ളത്തോൾ അതിഗഹനമായ ഋഗ്വേദം ആദ്യമായി അയത്നലളിതമാംവിധം മനോഹരമായി തർജ്ജമ ചെയ്തതും മലയാളത്തിലാണ്. ഭാരത വർഷത്തിലെ 'പൂർവ്വരാം ഋഷീന്ദ്രന്മാർ പാരിനുള്ളടിക്കല്ല് പകർത്തു കണ്ടറിഞ്ഞവർ' എന്ന് അദ്ദേഹം പാടിയത് ഋഗ്വേദം പരിഭാഷപ്പെടുത്തിയതിനുശേഷമാണ്. മലയാളത്തിലൂടെ സർവ്വ വിജ്ഞാനവും പകർന്നുകൊണ്ടിരിക്കുന്ന സ്ഥിതിക്ക് മാറ്റം സംഭവിച്ചത് കൊളോണിയൽ ഭരണത്തോടുകൂടിയാണ്. കാന്തം ഇരുമ്പിനെയെന്നപോലെ

ലോകത്തിന്റെ സമസ്ത വിജ്ഞാനങ്ങളെയും എന്റെ ഭാഷയിലേയ്ക്ക് ആകർഷിക്കണമെന്ന ബോധപൂർവ്വമായ ചിന്തയും പ്രവർത്തനവും കേരളീയർക്ക് അതോടെ നഷ്ടപ്പെട്ടുവെന്ന് നാം മനസ്സിലാക്കണം. ചിന്ത നമ്മുടെ നാട്ടിൽ ഇല്ലാത്തതുകൊണ്ടല്ല. ആ ചിന്ത വേറൊരു ഭാഷയിലൂടെ ആവിഷ്കരിക്കേണ്ടിവരുന്നു എന്നതാണ് കേരളീയന്റെ പ്രശ്നം. യഥാർത്ഥത്തിൽ ചിന്തയും ഭാഷയുമായി അഭേദ്യമായി ബന്ധപ്പെട്ടു നിൽക്കുന്നു. 'വാക്കർത്ഥിവ സംവൃക്തൗ' എന്ന് കാളിദാസൻ പറഞ്ഞു. ഇതുപോലെ ചിന്തയുടെ ക്രോഡീകരണം തന്നെയാണ് ഭാഷ. ചിന്തകളുണ്ടായാൽ മാത്രമേ അറിവ് പുതിയ ചക്രവാളങ്ങളിലേയ്ക്ക് വികസിക്കുകയുള്ളൂ. ചിന്തകളുടെ വികാസം വ്യക്തിപുരോഗതിക്കും സാമൂഹ്യ പുരോഗതിക്കും ഒരു പോലെ അർത്ഥവത്താകണം. അതുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, മലയാള ഭാഷയ്ക്ക് ഇത്രയെല്ലാം ചെയ്ത അങ്ങ് ഈ ബില്ലിലുള്ള പിശകുകൾ മാറ്റണം. ബിൽ പ്രിപ്പെയർ ചെയ്തതിൽ ഉദ്യോഗസ്ഥരുടെ കൈകടത്തൽ ഉണ്ടെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. മലയാളഭാഷയ്ക്ക് ചേരുന്ന വിധത്തിൽ ഈ ബിൽ പരിഷ്കരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. കുരീപ്പുഴ ശ്രീകുമാറിന്റെ 'അമ്മ മലയാള'ത്തിലെ ചില വരികൾ ഉദ്ധരിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

'വീണപൂവിന്റെ ശിരസ്സ ചോദിക്കുന്നു,

പ്രേമസംഗീത തപസു ചോദിക്കുന്നു

ചിത്രയോഗത്തിൻ നഭസ് ചോദിക്കുന്നു

മണിനാദമാർന്ന മനസ്സ ചോദിക്കുന്നു

പാട്ടും പിശാച് ശപിച്ചു ചോദിക്കുന്നു

പന്തങ്ങൾ പേറും കരങ്ങൾ ചോദിക്കുന്നു

കളിയച്ഛനോട് കിനാവു ചോദിക്കുന്നു

കാവിലെ പാട്ടിൽ കരുത്തു ചോദിക്കുന്നു

പുത്തരിചുണ്ടയായി ഗോവിന്ദചിന്തകൾ

പുസ്തകംവിട്ടു തഴച്ചു ചോദിക്കുന്നു

എവിടെ എവിടെ സഹ്യപുത്രി മലയാളം

എവിടെ സ്നേഹപൂർണ്ണ മലയാളം

മലിനവസ്ത്രം ധരിച്ചോടയിൽ നിന്നെണീറ്റു

അരുതരുതെന്നു മക്കളെ എന്നു കേഴുന്നു

ശരണഗതിയില്ലാത്ത അമ്മ മലയാളം

ഹൃദയത്തിൽ നിന്നും പിറന്ന മലയാളം

ആരുടെ മുദ്ര, ഇതാരുടെ ചോര

ആരുടെ അനാഥമാം മുറവിളി

ആരുടെ നിലക്കാത്ത നിലവിളി

അച്ഛന്റെ തീമൊഴി, അമ്മയുടെ തേൻമൊഴി

ആരോമൽ ചേകവന്റെ അങ്കത്തിരുമൊഴി

ആർച്ചയുടെ ഉറുമിമൊഴി, ചെറുമന്റെ കനൽമൊഴി

പഴശ്ശിപെരുമ്പടപ്പോരിൻ നിറമൊഴി

കുഞ്ഞാലി വാൾമൊഴി, തച്ചോളി തുടിമൊഴി

തോരാതെ പെയ്യുന്ന മാരി തെറിമൊഴി

ഓർക്കുക അച്ഛനും അമ്മയും പ്രണയിച്ച ഭാഷ മലയാളം

കുമ്പിളിൽ കഞ്ഞി വിശപ്പാറ്റുവാൻ വാക്കുതന്ന മലയാളം

പെങ്ങളോടെല്ലാം പറഞ്ഞ് തളിർക്കുവാൻ വന്ന മലയാളം

കുലിപോരെന്നതറിഞ്ഞ് പിണങ്ങുവാൻ ആയുധം തന്ന മലയാളം

ഉപ്പു കർപ്പൂരം ഉമിക്കരി ഉപ്പേരി തൊട്ടു കാണിച്ച മലയാളം.

പുള്ളുവൻ വീണ പുല്ലാങ്കുഴൽ നന്തുണി ചൊല്ലുകേൾപ്പിച്ച മലയാളം

ആ മലയാളത്തിനുവേണ്ടി ഈ ബില്ലിനെ മാറ്റിത്തീർക്കണമെന്ന് ഈ വിധം

സമർപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അങ്ങേയ്ക്ക് 1 (എ) ഭേദഗതിയെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുന്നു. ഈ ചർച്ചയിൽ പങ്കെടുക്കുമ്പോൾ അകതാരിൽ ആനന്ദം അലയടിക്കുകയാണ്. എന്നാൽ നിറഞ്ഞ ഹൃദയവേദനയുമാണ്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിക്കപ്പെട്ടതിന്റെ പിൻബലത്തിൽ രൂപീകൃതമായ ഒരു സംസ്ഥാനമാണ് നമ്മുടേത്. എന്നാൽ ഇംഗ്ലീഷും മലയാളവുമാണ് നമ്മുടെ ഔദ്യോഗികഭാഷകൾ എന്നുള്ള നിലയിൽ 1969-ൽ നിയമം ഉണ്ടാക്കി. പതിറ്റാണ്ടുകൾക്കുശേഷം മലയാളിയുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്ന സമയത്ത്, സബ്ജക്ട് കമ്മിറ്റിയിലെ അംഗമെന്നുള്ള നിലയിൽ അവിടെ അഭിപ്രായങ്ങൾ പറയാം എന്നാണ് വിചാരിക്കുന്നത്. ഈ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിന് നല്ലൊരു ഡയറക്ടേറ്റ് വേണം. അത്തരം നിർദ്ദേശങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ആകാമെന്നാണ് വിചാരിക്കുന്നത്. നമ്മുടെ സാംസ്കാരികത്തനിമയുടെ പ്രോജ്ജ്വലമായ പ്രകാശനം നടക്കുന്നത് ഭാഷ വഴിയാണെന്ന് നമുക്കറിയാം. അർവാചീനകാലംമുതലുള്ള നമ്മുടെ അറിവുകളും നമ്മൾ വളർത്തിയെടുത്ത

കഴിവുകളുമെല്ലാം ഭാഷ വഴിയാണ് ഭാവിതലമുറയ്ക്ക് പകർന്നുകൊടുക്കാറുള്ളത്. അവാച്യമായ രുചിഭേദങ്ങളോടെ നമ്മുടെ വാചികഭാഷ പ്രാപിച്ച വളർച്ച മനുഷ്യരാശിയുടെ ഇതപര്യന്തമുള്ള പുരോയാനത്തിന്റെ പരസ്യപ്പലകയാണെന്ന് നമുക്ക് അറിയുന്നകാര്യമാണ്. നിർഭാഗ്യവശാൽ നമുക്ക് ഈ അറിവുണ്ടായിട്ടും നേരത്തെ സൂചിപ്പിച്ചതുപോലെ ഈ രംഗത്ത് നമ്മൾ വല്ലാതെ വൈകി. നോംചോസ്കി ഭാഷാപഠനരംഗത്ത് നടത്തിയ കാര്യങ്ങൾ നമുക്കെല്ലാവർക്കും ബോധ്യമുള്ളതാണ്. അദ്ദേഹം വാചാലനാകുന്നത് നമുക്ക് കാണാൻ കഴിയും- " Look deeper into some basic questions about human language" എന്ന നോംചോസ്കിയുടെ ആശയം സത്യത്തിൽ ഒരു കുറ്റബോധത്തോടുകൂടി നിയമസഭാംഗങ്ങൾ എന്നുള്ള നിലയ്ക്ക് നമ്മൾ ആലോചിക്കേണ്ടതാണ്. മാനവരാശിയുടെ ചരിത്രത്തിന് ആമുഖമെഴുതിയ ഇബ്നുഖൽദൂൻ നോംചോസ്കിയുമായി ഒന്നിക്കുന്നത് നമുക്കിവിടെ കാണാൻ കഴിയും. 13-ാം നൂറ്റാണ്ടിലെ ആ മഹാപണ്ഡിതനും 20, 21-ാം നൂറ്റാണ്ട് പ്രതിനിധിയായ നോംചോസ്കിയും ഒരുമിക്കുന്ന ഈ ഭാഷാപ്രേമം, ഭാഷാപരമായ അഭിമാനബോധം നമുക്കെങ്ങനെ നഷ്ടപ്പെട്ടുപോയിയെന്ന് ഈ നിയമം വായിക്കുമ്പോൾ നമ്മളെ വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. ഭാഷ മുലകുടി ബന്ധമായി ഇണങ്ങിനിൽക്കുന്നുയെന്ന്

ഇബ്നഖൽദൂൻ പറയുകയാണ് 'Language begin as a habit'-അമ്മിഞ്ഞപോലെ അമ്മഭാഷയായി, താരാട്ടായി നമുക്ക് ലഭിക്കുന്ന ഈ ഭാഷയോട് എങ്ങനെയാണ് അന്യതാബോധം വന്നത്; നോംചോസ്കി പറഞ്ഞു- 'Language is a human instinct, both are not different'- രണ്ടും ഒരുപോലെ സമ്മേളിക്കുകയാണ്. നിർഭാഗ്യവശാൽ ആ ഭാഷയോടാണ് നമ്മൾ പുറംതിരിഞ്ഞ് നിന്നത്. ഭർത്തൃഹരിയുടെ വാക്കുകൾ നമുക്കെല്ലാവർക്കും അറിയുന്നതാണ്. 'സർവ്വം ശബ്ദേന, ഭാസതേ' എന്നു പറഞ്ഞ ഭർത്തൃഹരിയുടെ നാടാണ്. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനം രൂപീകൃതമായതിനുശേഷവും ഇത്രയും പതിറ്റാണ്ടുകൾ നമ്മൾ ഭാഷയ്ക്കുവേണ്ടി കാത്തിരിക്കേണ്ടിവന്നു എന്നത് വളരെയധികം വേദനാജനകമാണ്. രണ്ടാം ഖലീഫ ഉമറുൾ ഫാറൂഖിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു കഥ ഈ സദസ്സിന് പരിചയമുള്ളതാണ്. ഒരിക്കൽ ഉമറുൾ ഫാറൂഖ് മദീനയിലൂടെ നടക്കുമ്പോൾ ഒരുകൂട്ടം ആളുകളിരുന്ന് കവിത ചൊല്ലുന്നത് കാണാനിടയായി. കാവ്യോപാസകനായ രണ്ടാം ഖലീഫ ആ സദസ്സിനടുത്ത് ചെന്നുനിന്ന് ശ്ലോകങ്ങളെല്ലാം കേട്ടു. പെട്ടെന്ന് അദ്ദേഹം ക്ഷുഭിതനായി. നിങ്ങൾ ശ്ലോകങ്ങൾ ചൊല്ലിയതിൽ വ്യാകരണത്തെറ്റുണ്ട്. ശരിയായ രീതിയിലല്ല ചൊല്ലിയതെന്നും 'നിങ്ങൾ യുദ്ധസമയത്ത് എയ്യുന്ന ആയുധം ലക്ഷ്യം തെറ്റിയാലും ഭാഷയുടെ

കാര്യത്തിൽ തെറ്റാൻ പാടില്ല' എന്നാണ് ആറാം നൂറ്റാണ്ടിൽ മദീന ഭരിച്ച രണ്ടാം ഖലീഫ സാക്ഷരരല്ലാത്ത ഒരു ജനതയോട് പറഞ്ഞത്. ഭാഷ, അമ്മയുടെ ഭാഷ എന്നുപറയുന്നത് നമ്മുടെ രക്തവുമായി ബന്ധപ്പട്ട ഒന്നാണ്. ആ ഭാഷയുടെ കാര്യത്തിൽ തെറ്റാൻ പാടില്ലായെന്നുപറഞ്ഞ രണ്ടാം ഖലീഫയുടെ ശബ്ദവുമെല്ലാം നമ്മുടെ മനസ്സിലുണ്ട്. നിർഭാഗ്യവശാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 23.12.1953-ൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടനവഴി നമ്മുടെ സംസ്ഥാനമുണ്ടായി. ഇവിടെ 95 ശതമാനത്തിലേറെ ആളുകൾ മലയാളം സംസാരിക്കുന്നവരാണ്. നമ്മൾ മലയാളികൾ വിദേശത്തുൾപ്പെടെ ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്തുപോയാലും, നമ്മൾ പി.ജി.- ഒക്കെ എടുത്തവരാണെങ്കിലും fluent ആയി ഇംഗ്ലീഷ് സംസാരിക്കാൻ കഴിയാറില്ല എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. നമ്മൾ മലയാളത്തോട്, അമ്മയുടെ ഭാഷയുമായി അത്രമാത്രം പൊരുത്തപ്പെട്ട് ജീവിക്കുന്നവരാണ്. പക്ഷേ 95 ശതമാനത്തോളം ആളുകൾ സംസാരിക്കുന്ന മലയാളത്തെ ഔദ്യോഗിക ഭാഷയാക്കാൻ നമുക്കിതുവരെ കഴിഞ്ഞില്ല. ഈ സർക്കാരിന് അഭിമാനിക്കാം. 2011-ൽ മലയാളം നിർബന്ധിത ഒന്നാംഭാഷയാക്കാനുള്ള ഉത്തരവിറക്കിയിട്ടുണ്ട്. 2013-ൽ മലയാളം സർവ്വകലാശാല നിയമം പാസ്സായി. ഇന്ന് ഈ നിയമം കൊണ്ടുവരികയാണ്. മലയാളത്തിന്

ക്ലാസിക് ലാംഗ്വേജിന്റെ അംഗീകാരം കിട്ടുന്നതിനുവേണ്ടി നമ്മൾ നടത്തിയ വലിയൊരു സമരമുണ്ട്. മൂന്നു പ്രാവശ്യം Linguistic expert committee നമ്മുടെ വാദങ്ങൾ നിരാകരിച്ചു. നമ്മുടെ ഭാഷാപണ്ഡിതന്മാർ, എം.ജി.എസ്. അടക്കമുള്ള ചരിത്രകാരന്മാരും മുൻചീഫ്സെക്രട്ടറി ശ്രീ. കെ. ജയകുമാർ ഉൾപ്പെടെയുള്ളവർ ഇതിനുവേണ്ടി ശ്രമിച്ചപ്പോൾ നമ്മുടെ മുഖ്യമന്ത്രി ഇതിൽ ഒരിടപെടൽ നടത്തി, ഞങ്ങൾക്ക് രേഖകൾ സമർപ്പിക്കാൻ ഒരവസരംകൂടി നൽകണമെന്ന് ഇന്ത്യൻ പ്രസിഡന്റിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ Linguistic expert committee യുടെ മുൻപിൽ നാലാമതൊരവസരം കിട്ടുകയും നമ്മുടെ പരിശ്രമഫലമായി നമുക്ക് ക്ലാസിക്- ശ്രേഷ്ഠഭാഷ എന്ന തർജ്ജിമ ശരിയാണോ എന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമുണ്ട്. എല്ലാ ഭാഷകളും അതാത് ജനതയ്ക്ക് ശ്രേഷ്ഠമായിരിക്കും. ക്ലാസിക് ലാംഗ്വേജ് എന്ന നിലയ്ക്ക് നമുക്കൊരംഗീകാരം കിട്ടി. സംഘകാല കൃതികളുമായി ബന്ധമുള്ള ആളുകൾക്കറിയാം- പുറനാനൂറിൽ 'മുറൈ വേണ്ടും' എന്നുപറഞ്ഞാൽ മലയാളച്ചുവയുള്ളതാണ്. സംഘകാല കൃതി എന്നുപറയുന്നത് പ്രത്യേകിച്ച് പുറനാനൂറും അകനാനൂറും ഒരു കവി ഉണ്ടാക്കിയതല്ല. പല കവികളുണ്ടാക്കിയതാണ്. അതിൽ മലയാളികളുണ്ട്. എന്തിന് ചിലപ്പതികാരംപോലും മലയാളത്തിന്റെ ഭാഗമാണ് എന്ന് നമുക്ക് തിരിച്ചറിയാൻ

കഴിയുന്നുണ്ട്. ആ യാഥാർത്ഥ്യം അംഗികരിച്ചുകൊണ്ട്, ഐക്യകേരളം വന്നപ്പോൾ 31.08.1957-ൽ കോമാട്ടിൽ അച്ചുതമേനോൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. അദ്ദേഹം 1958-ൽ റിപ്പോർട്ട് സമർപ്പിച്ചു. മലയാളം ഔദ്യോഗികഭാഷ ആക്കാൻ 1965-ൽ സ്പെഷ്യൽ ഓഫീസറെ നിയോഗിച്ചിരുന്നു. 1965-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മൾ മുന്നോട്ട് പോവുകയുണ്ടായി. അത് സംബന്ധമായി ആദ്യ ഓർഡറിങ്ങിയത് 19.10.1965-ൽ ആണെന്ന് രേഖകൾ പരിശോധിച്ചാൽ അറിയാൻ കഴിയും. 19.04.1966-ൽ വിശദമായ രണ്ടാം ഉത്തരവും ഇറങ്ങിയിട്ടുണ്ട്. 1970-ൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചു. സത്യം പറഞ്ഞാൽ ഈ സഭ ലജ്ജകൊണ്ട് തല കുനിക്കേണ്ടതാണ്. 1978 മുതൽ 1982 വരെയുള്ള അഞ്ചുകൊല്ലംകൊണ്ട് ഔദ്യോഗികഭാഷ ഈ സംസ്ഥാനത്ത് നടപ്പിലാക്കാൻ നമ്മൾ തീരുമാനമെടുത്തു. ഇപ്പോൾ നമ്മൾ എവിടെയാണ് നിൽക്കുന്നത്? 01-08-1978 മുതൽ 31-07-1979 വരെ ഒരു വർഷം നീണ്ടുനിന്ന ഔദ്യോഗിക ഭാഷാവർഷാചരണം സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ അർത്ഥം നമ്മൾ ചടങ്ങുകൾ നടത്തുകയാണ് എന്നതാണ്. നമ്മുടെ അമ്മയെ നിരാകരിക്കുന്ന ഒരു പുത്രൻ നന്ദികെട്ടവനല്ലാതെ ആരാണ്? അതുകൊണ്ട് ഈ നിയമം പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിയണം. ലോകത്ത് നടക്കുന്ന

ഭാഷാപരമായ ചലനങ്ങളെയെല്ലാം നിരാകരിക്കണം എന്നല്ല അതിന്റെ അർത്ഥം. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, നമ്മുടെ ചിന്തകൾ വരുന്നത് മലയാളത്തിലാണ്. ആ ചിന്തയുടെ എല്ലാ മാനങ്ങളും ഉൾക്കൊള്ളാൻ കഴിയുന്ന രീതിയിൽ ഈ നിയമം പരിഷ്കരിക്കേണ്ടതുണ്ട്. എനിക്ക് ഏറ്റവും സന്തോഷകരമായി പറയാനുള്ളത്, നമ്മുടെ ഡെപ്യൂട്ടി സ്പീക്കർ അദ്ധ്യക്ഷനായിരുന്ന ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ പ്രവർത്തനത്തെക്കുറിച്ച് എല്ലാവർക്കും അറിയാം. അതുകൊണ്ട് ഞാൻ കൂടുതലായി പറയുന്നില്ല. ശ്രീ. വി. എം. സുധീരൻ ചെയർമാനായിരുന്ന എസ്റ്റിമേറ്റ്സ് കമ്മിറ്റി 1983-ൽ നൽകിയ റിപ്പോർട്ട് എന്നെ വല്ലാതെ സ്പർശിച്ചു. രണ്ടുമൂന്ന് വർഷങ്ങളിൽ ഔദ്യോഗിക ഭാഷയ്ക്കായി നീക്കിവച്ച തുകയുടെ കാര്യം റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. അത് 25,000/- രൂപയാണ്. ഒരു വർഷം ചെലവാക്കിയത് 16,000/- രൂപയാണ്. അടുത്ത വർഷം ചെലവാക്കിയത് 13,000/- രൂപയാണ്. മൂന്നാം വർഷം ചെലവാക്കിയത് 17,000/- രൂപ എന്നിങ്ങനെയാണ്. ഇത് എന്തൊരു ക്രൂരതയാണ്; ഇത് എന്ത് അവഗണനയാണ്? സ്വന്തം അമ്മയുടെ ഭാഷയെ സംരക്ഷിക്കാൻ, ഇവിടെ ഉത്തരവുകൾ ഇറങ്ങിയശേഷവും ഇത്ര നാമമാത്രമായ തുകയാണ്

നീക്കിവച്ചിരുന്നതെന്ന് എസ്റ്റിമേറ്റ്സ് കമ്മിറ്റി പരാമർശിച്ചതാണ്. കേരളത്തിന്റെ പ്രത്യേകത എന്താണ്? നമ്മൾ മഹാഭാഗ്യവാന്മാരാണ്. വടക്കേ ഇന്ത്യയ്ക്ക് ലഭിക്കാതെ പോയ ഒരുപാട് പുണ്യങ്ങൾ ലഭിച്ചവരാണ് നമ്മൾ. ശ്രീനാരായണ ഗുരുവിനെപോലെ .......

<u>ശ്രീ. എം. എ. ബേബി</u>: സർ, അമ്മ എന്ന് പറഞ്ഞപ്പോൾ നമ്മുടെ പ്രിയപ്പെട്ട കവി വളരെ വ്യക്തമായി ഇതിനെ പറഞ്ഞിട്ടുണ്ട്.

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ,

മർത്യന് പെറ്റമ്മ തൻ ഭാഷ താൻ'

ഇപ്പോൾ ഇതെല്ലാം നമ്മൾ മറന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: സർ, ഇത് ഉചിതമായൊരു ഇടപെടലായിരുന്നു. നമ്മുടെ നാടിന് ഒരു പ്രത്യേകതയുള്ളത്, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കാതെ പോയ ഒരു ഭാഗ്യമെന്നത് ശ്രീനാരായണ ഗുരുവിന്റെയും അയ്യങ്കാളിയുടെയും ഇടപെടലാണ്. അക്ഷരം കൊണ്ട് ശക്തരാകാൻ അവർ നൽകിയ നിർദ്ദേശമുള്ള ഒരു നാട്ടിൽ ഭാഷാസംസ്ഥാനമുണ്ടായ അന്നുമുതൽ നമ്മുടെ ഭരണഭാഷ മലയാളമായിരുന്നുവെങ്കിൽ, ഇന്ന് ഇന്ത്യയുടെ മാതൃകയാണ് കേരളമെന്ന്

പറയുന്നതിന് എത്രയോ ഉയരങ്ങളിൽ നാം എത്തുമായിരുന്നു. നമ്മുടെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനങ്ങൾ ഈ സമയത്ത് ഒരിക്കലും കുറച്ചുകാണാൻ കഴിയില്ല. വളരെ ബൃഹത്തായ ഗ്രന്ഥങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്; ഭാഷാന്തരം ചെയ്യുന്നുണ്ട്. അത് ഒരു വലിയ സേവനമാണ്. ഇവിടത്തെ എൻസൈക്ലോപീഡിയ ഉണ്ടാക്കാൻ വേണ്ടിയുള്ള ശ്രമം ഇഴഞ്ഞുനീങ്ങുന്നത് നിർഭാഗ്യകരമാണ്. അതിന്റെ പ്രവർത്തനങ്ങൾ നവീകരിക്കാനും പൂർത്തീകരിക്കാനും കഴിയേണ്ടതുണ്ട്. കളി പള്ളിക്കൂടം മുതൽ കലാലയം വരെ വേണ്ടി വന്നാൽ സർവ്വകലാശാല വരെ ഈ ഭാഷയുടെ ഔന്നത്യം ഉയർത്താൻ കഴിയുന്ന രീതിയിൽ ഈ നിയമത്തെ മാറ്റിയെടുക്കുന്നതിനായി സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുക്കണമെന്നാണ് പറയാനുള്ളത്. കമ്മിറ്റി പെട്ടെന്ന് കൂടി പിരിയുന്നതിനുപകരം സമയമെടുത്ത് ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയും വേണം. ഭാഷ എന്നാൽ നമ്മുടെ പരിസ്ഥിതിയുമായി, നമ്മുടെ പരിതസ്ഥിതിയുമായി വേരുകളോളം ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു രീതിയിലുള്ള വിവേചനമുണ്ടാകാത്ത ഒരു നല്ല നിയമമാക്കി ഇതിനെ മാറ്റിയെടുക്കാൻ ഈ സഭ സഹകരിക്കുമെന്നാണ് എന്റെ വിശ്വാസം. പുത്തൻ

അറിവുകൾ സൃഷ്ടിക്കപ്പെടുന്നതിനനുസരിച്ച് ഭാഷാബോധന പഠനരീതികളിൽ മാറ്റം വരുത്തേണ്ടിവരും. എസ്.സി.ഇ.ആർ.ടി. ആണെങ്കിലും മറ്റ് ഏജൻസികളാണെങ്കിലും ഭാഷയെക്കുറിച്ചുള്ള പുത്തൻ അറിവുകൾക്കനുസൃതമായി ബോധനരീതിയിലും പഠനസമീപനങ്ങളിലും.....

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: അങ്ങ് ഭാഷയുടെ പരിപോഷണത്തെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. വളരെ ശ്രദ്ധേയമായിട്ടുള്ളൊരു പ്രസംഗമാണ്. ഭാഷയുടെ പ്രയോഗം, സംസ്ഥാനത്തെ ഓരോ പ്രദേശങ്ങൾക്ക് വ്യത്യസ്തമായിട്ടുള്ള ഉച്ചാരണവും രീതികളുമാണുള്ളത്. ഭാഷയുടെ നവീകരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പ്രാദേശികമായിട്ടുള്ള വായ്മൊഴി വഴക്കങ്ങൾ സംരക്ഷിച്ചുകൊണ്ടല്ലേ ചെയ്യേണ്ടത്. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u>: വായ്മൊഴിയും വരമൊഴിയും ഒരു ഭാഷയുടെ രണ്ട് വിരുദ്ധ മുഖങ്ങളല്ല. രണ്ട് കാലഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന ഒന്നാണ്. അതുകൊണ്ടാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത് വാചിക ഭാഷ ഘട്ടംഘട്ടമായി വളർന്നുവന്ന രീതി സംവേദനക്ഷമതയും നവീനക്ഷമതയുമാണ് ഒരു ജനതയുടെ പുരോയാനത്തിന്റെ, പുരോഗമനത്തിന്റെ

അളവുകോൽ. അവിടെ വേണ്ടത് നവീനക്ഷമതയാണ്. എത്രയധികം ക്ലാസ്സിക് ആണെങ്കിലും നവ്യമായ അനുഭവങ്ങളുമായി സംവദിക്കാൻ കഴിയാത്തിടത്തോളം കാലം, നവീനക്ഷമതയില്ലാത്തിടത്തോളം കാലം ഒരു ജനതയ്ക്ക് മുന്നോട്ടുപോകാനാകില്ല. ഒരു ജനത എന്ന് പറയുന്നത് ആ ഭാഷയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ്. നവീനക്ഷമതയും സംവേദനക്ഷമതയും ആവശ്യമാണ്. വായ്മൊഴിയിലൂടെ നമ്മുടെ മുൻഗാമികൾ അത് ആർജ്ജിച്ചെടുത്തിട്ടുണ്ട്. ഉപനിഷത്ത് എന്ന് പറയുന്നത് താങ്കൾ എന്താണെന്നാണ് വിചാരിച്ചത്? ഉപനിഷത്ത് വായ്മൊഴിയല്ലേ. നമ്മുടെ മുനിമാർ എടുക്കുന്ന, നമ്മുടെ അദ്ധ്യാപകരുടെ മുന്നിൽ ഈ കുട്ടികൾ വന്നിരിക്കുകയാണ്. അതാണ് അറബിയിലുള്ള ദറസ്സ് എന്ന് പറയുന്നത്. ഗുരുവിന്റെ അടുക്കൽ വന്നിരുന്ന് ശിഷ്യന്മാർ പഠിക്കുകയാണ്. ആ വായ്മൊഴികളാണ് അവസാനം നമ്മൾ വരമൊഴികളാക്കി മാറ്റി ഈ ലോകത്തിന് മുഴുവൻ അന്തസ്സായ... ഭർത്തൃഹരി പറഞ്ഞതുപോലെ 'സർവ്വം ശബ്ദേന ഭാസതേ' എന്നുപറയുന്ന രീതിയിൽ ഈ ലോകത്തെ മാറ്റിയെടുക്കാൻ കഴിയുന്ന ഈ വചന പരിശുദ്ധി, ഈ വചന സാന്നിദ്ധ്യം നിലനിൽക്കണമെങ്കിൽ നമ്മുടെ മക്കൾക്ക് ഭാഷാഭിമാനമുണ്ടാകണം,

ഭാഷാബോധമുണ്ടാകണം. അത് വളർത്താൻ സഹായകരമാകുന്ന രീതിയിൽ ഈ നിയമത്തെ സമഗ്രമായി അഴിച്ചുപണിയുന്നതിന് സാധിക്കട്ടെ ......

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, വേദപഠനത്തെയും ദറസ്സുപോലുള്ള പഠനത്തെയും ഒരുമിപ്പിച്ച് പറഞ്ഞതുകൊണ്ടാണ് ഞാൻ അങ്ങയോട് ചോദിക്കുന്നത്. വേദപഠനത്തിന് ഉപയോഗിക്കുന്നത് 'ഓത്ത്' എന്ന പദമാണ്. 'ഓത്ത്' എന്നുപറയുന്നത് വേദപഠനത്തിന് ഉപയോഗിക്കുന്ന ഭാഷയാണ്. സാധാരണ പള്ളികളിലും മദ്രസ്സകളിലുമൊക്കെ പഠിക്കുന്ന മത പഠനത്തിനുപയോഗിക്കുന്നതും 'ഓത്ത്' എന്ന പദം തന്നെയാണ്. വേദപഠനങ്ങൾക്കും ദൈവികമായ പഠനങ്ങൾക്ക് 'ഓത്ത്' എന്ന ഒരു പ്രയോഗംപോലും മലയാളി എല്ലാവരും ഏകീകരിച്ച് സ്വീകരിച്ചിരിക്കുന്നുവെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: ഇപ്പോൾ ബാഗ്ദാദിൽ ഒരു നവപ്രകാശം കടന്നുവന്ന സമയത്ത് Al-Kindy-യുടെ സ്കൂളിൽ പഠിക്കാൻ പോയത് അറബികൾ മാത്രമായിരുന്നില്ല, അവിടെ പോയത് ഇന്ത്യാക്കാരായ പണ്ഡിതന്മാരുമുണ്ടായിരുന്നു. പാലിയും പാടലീപുത്രവുമെല്ലാം തകർന്ന കാലത്ത്, നളന്ദയും തക്ഷശിലയുമെല്ലാം നഷ്ടപ്പെട്ടുപോയ കാലത്ത് നമ്മുടെ

ഇന്ത്യാക്കാർ ബാഗ്ദാദിലെ Al-Kindy-ന്റെ സ്കൂളിലേയ്ക്ക് പോയിരുന്നു. അതുപോലെ ചൈനീസ് പണ്ഡിതന്മാരും അവിടേയ്ക്ക് പോയിരുന്നു. ഇംഗ്ലീഷ് ഡിക്ഷണറി എടുത്തുനോക്കിയാൽ അറിയാൻ സാധിക്കും. ഇന്ന് ബിസിനസ്സ് ഗുരുവെന്ന് പറയുന്നത്, 'ഗുരു' എന്ന പ്രയോഗം 'ആചാര്യ' എന്ന വാക്ക് ഇതെല്ലാം നമ്മുടേതാണ്.

ശ്രീ. സി. പി. മുഹമ്മദ്: എല്ലാ മതങ്ങളുടെ ഗ്രന്ഥങ്ങൾ എടുത്ത് പരിശോധിച്ചാലും ഇതുപോലുള്ള ഒരുപാട് സാദൃശ്യങ്ങളുണ്ടാകും. ബൃഹദാരണ്യകോപനിഷത്തിലെ പ്രശസ്തമായ, നമ്മളൊക്ക കേട്ടിട്ടുള്ള വരികൾ .....

'അസതോമ സദ്ഗമയ, തമസോമാ ജ്യോതിർഗമയ'

തമസോമാ ജ്യോതിർഗമയ എന്നുള്ളതിന് തുല്യമായി 'ഫു ളുലുമാത്തി ഇലന്നൂർ' ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് എന്നാണ്. 'തമസോമാ ജ്യോതിർഗമയ' ഇരുട്ടിൽനിന്നും വെളിച്ചത്തിലേയ്ക്ക് എന്നാണ് അർത്ഥമാക്കുന്നത്. ഇങ്ങനെ പലതുമുണ്ട്. ഒന്നും രണ്ടുമല്ല.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസംഗം നീട്ടികൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. ലോകത്തിന്റെ ഘടനയെ

സംബന്ധിച്ച് ഒരു ആഴമേറിയ പഠനമുണ്ടെങ്കിൽ ഇവിടെ ഇപ്പോൾ സൂചിപ്പിച്ച ചോദ്യങ്ങൾക്കെല്ലാം ഉത്തരം ലഭിക്കും. ഇത് ഒരേയൊരു വരദാനമാണ്, ഇതിന്റെ ഉറവ ഒന്നാണ്. അതാത് കാലഘട്ടത്തിനനുസൃതമായി, അതാത് ജനതയുടെ ഭാഷയിൽ ഇത് വരുന്നുവെന്ന് മാത്രമേയുള്ളൂ. സത്യത്തിൽ ഉപനിഷത്ത് എന്നുപറഞ്ഞാലും ഭഗവത്ഗീത എന്നുപറഞ്ഞാലും ആ ഭാഗങ്ങളിലെല്ലാം, ഭഗവത്ഗീത എന്ന് പറയുന്നത് സുവിശേഷമാണ്. ബൈബിളിലും അങ്ങനെതന്നെയാണ് പറയുന്നത്. ഇതൊക്കെ സുവിശേഷങ്ങളാണ്. സുവിശേഷങ്ങളെന്ന് പറയുന്നത് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ ചിന്തയുടെ, സാംസ്കാരികമായ വളർച്ചയുടെ ആദ്യ പടവാണ്. ഋഗ്വേദത്തെക്കുറിച്ച് ഗുരു നിത്യചൈതന്യയതി നടത്തിയ മൂന്നുശ്ലോകങ്ങളുടെ പഠനമുണ്ട്. ആ ശ്ലോകം മാത്രം ഇരുന്ന് വായിക്കുന്ന ഒരാൾ അന്തംവിട്ടുപോകും. ഗുരു നിത്യചൈതന്യ യതി മലയാളത്തിന്റെ മഹാഭാഗ്യമായിരുന്നു. അദ്ദേഹം ഇന്ന് നമ്മോടൊപ്പമില്ല. ഞാൻ പറഞ്ഞുവന്നത്, ഈ ലോകത്തിന്റെ സംസ്കൃതികൾ മുഴുവൻ....അതായത് ചൈനയിലെ സംസ്കാരം, താവോങ് (Thao ngo) ആണെങ്കിലും കൺഫ്യൂഷ്യസ് ആണെങ്കിലും ഈജിപ്ഷ്യൻ സംസ്കാരമാണെങ്കിലും സിന്ധുനദിയുടെ

സംസ്കാരമാണെങ്കിലും ബാബിലോണിയ സംസ്കാരമാണെങ്കിലും മെസപൊട്ടേമിയ സംസ്കാരമാണെങ്കിലും സുമേറിയ അടക്കമുള്ള പ്രാക്തനമായ സെമിറ്റിക് സിദ്ധാന്തങ്ങളാണെങ്കിലും അവസാനം മുഹമ്മദ് നബിയുടെ സിദ്ധാന്തമാണെങ്കിലും ഇതെല്ലാം ഉറവയെടുത്ത ഒരു മഹാലോകമുണ്ട്. അത് ബഹുസ്വരതയെ ഏകദാനമായി മാറ്റുന്ന ഒരു വലിയ ലോകമാണ്. അതുകൊണ്ട് ഈ ഭാഷാപഠനങ്ങൾ തങ്ങളുടെ മാതൃഭാഷയിൽ കൂടുതൽ പഠിക്കാനും വളരാനും സാധിക്കുന്നതോടെ ഒരു ഗ്ലോബലൈസേഷൻ ആണ് വരുന്നത്. അന്ധമായ മുതലാളിത്തത്തിന്റെ, നവലിബറിലിസത്തിന്റെ അന്ധമായ മുതലാളിത്തവും അതിന് കൂട്ട് നിൽക്കുന്ന സൈനിക ശേഷിയും മാധ്യമശ്രേണിയും അല്ല ഇവിടെ വരാൻ പോകുന്നത്. ഒരു കൾച്ചറൽ ക്യാപ്പിറ്റൽ വളർന്നുവരാൻ പോകുകയാണ്. ആ കൾച്ചറൽ ക്യാപ്പിറ്റൽ ഈ ഫിനാൻസ് ക്യാപ്പിറ്റൽ, അന്ധമായ മുതലാളിത്തത്തിനെതിരായി ഈ വിജ്ഞാനം പകരുന്നതോടെ, ഈ വിജ്ഞാനലോകത്ത് ലഭിക്കുന്നതോടെ അന്ധമായ മുതലാളിത്തം തകരുക തന്നെ ചെയ്യും. ഈ പ്രതിലോമശക്തികൾ അടിയറവ് പറയുകതന്നെ ചെയ്യും. അത് തടസ്സപ്പെടുത്താൻവേണ്ടിയാണ് നമ്മൾ പലപ്പോഴും നീചഭാഷ, ദേവഭാഷ എന്നൊക്കെ പറഞ്ഞ് ജനങ്ങളെ അകറ്റിനിർത്താൻ ശ്രമിച്ചത്. ഈ

മഹാസരണിയിൽനിന്നും ജനങ്ങളെ മാറ്റിനിർത്താൻവേണ്ടി ഇത് ദേവഭാഷയാണെന്ന് പറഞ്ഞ് കുറേ ആളുകൾ മാറിനിന്നു. ഇത് നീചഭാഷയാണെന്ന് പറഞ്ഞ് കുറേ ആൾക്കാർ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു. അതിനെതിരെ ലോകം ഇന്ന് ഗ്ലോബലൈസേഷൻ എന്ന് പറയുന്നത് അമേരിക്ക പറയുന്നത് എന്റെ ഹിസ്റ്ററി അല്ല എന്നാണ്. ഹണ്ടിഗൻ (Handi gan) പറയുന്ന ക്ലാസ്സ് ഓഫ് സിവിലൈസേഷൻസ് അല്ല ഇവിടെ വരാൻ പോകുന്നത്. ചൈനീസ് കൾച്ചറൽ ക്യാപ്പിറ്റൽ, ഇന്ത്യൻ കൾച്ചറൽ ക്യാപ്പിറ്റൽ, അറേബ്യൻ കൾച്ചറൽ ക്യാപ്പിറ്റൽ, ഗ്രീക്ക് കൾച്ചറൽ ക്യാപ്പിറ്റൽ അന്ധമായ മുതലാളിത്തത്തിനെതിരായി ഈ ലോകത്ത് വരാൻ പോകുന്നതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന ഒന്നാണ് യഥാർത്ഥത്തിൽ ഭാഷാപരമായ ഈ ഉണർവ്. ഈ ഉണർവ്വിന് അനുകൂലമായി ഈ നിയമനിർമ്മാണം സമഗ്രമായി അഴിച്ചുപണിയണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഏതൊരു ആവാസ വ്യവസ്ഥയുടെയും നിലനിൽപ്പിന് വൈവിധ്യങ്ങൾ അനിവാര്യമാണ്. പ്രകൃതിയുടെ വീക്ഷണത്തിലൂടെ നോക്കുമ്പോൾ ജൈവ വൈവിധ്യം വളരെ അനിവാര്യമാണ്.

അതുപോലെ സാംസ്കാരികമായ ദൃഷ്ടിയിലൂടെ നോക്കുമ്പോൾ ഭാഷാ വൈവിധ്യവും വളരെ പ്രധാനമാണ്. ലോകത്ത് ഏഴായിരത്തോളം സംസാരഭാഷകളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. പക്ഷേ അതിൽ 90 ശതമാനവും 100 വർഷത്തിനപ്പുറം നിലനിൽക്കില്ല എന്നുള്ള സൂചനകളാണ് പുറത്തുവരുന്നത്. ഭാഷാ വൈവിധ്യം അത്രത്തോളം ആശങ്കയിലായിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഏകദേശം 380 സംസാരഭാഷകളുണ്ട്. അതിൽ 95 ശതമാനത്തിലേറെ ഭാഷകളും നിലനിൽപ്പ് ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന് നമുക്ക് കൃത്യമായ ഉദാഹരണങ്ങൾ തന്നെയുണ്ട്. 2004-ലെ സുനാമി ദുരന്തത്തിൽ ആൻഡമാൻ നിക്കോബാർ ദ്വീപിലെ ചില പ്രത്യേക ഗോത്രവിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകളും മരണപ്പെട്ടതോടെ  അവരുടെ ഭാഷയും ഇല്ലാതായി. ഈ നിലയിൽ ഭാഷകൾ നിലനിൽപ്പ് ഭീഷണി നേരിട്ടുകൊണ്ടിരിക്കുമ്പോൾ ഭാഷാ വൈവിധ്യത്തെ നിലനിർത്തുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും മുന്നോട്ടുകൊണ്ടുപോവുകയും ചെയ്യുകയെന്നത് അനിവാര്യമായിട്ടുള്ള സാംസ്കാരിക ദൗത്യമായി മാറിയിരിക്കുകയാണ്. ഇത് പറയുമ്പോഴും ഞാനൊരു ഭാഷാ തീവ്രവാദിയാകാൻ ആഗ്രഹിക്കുന്നില്ല. അമിതമായ പ്രാദേശിക ഭാഷാ

സ്നേഹം അമിതമായ പ്രാദേശിക വികാരത്തെപ്പോലെ ഒരു ആധുനിക ജനാധിപത്യത്തിന് ചേർന്നതല്ല എന്നാണ് എനിക്ക് തോന്നുന്നത്. മലയാള ഭാഷയെ നമ്മളെല്ലാവരും സ്നേഹിക്കുകയാണ്. മലയാള ഭാഷയെ പരമാവധി പുഷ്ടിപ്പെടുത്തണമെന്നും വരുംകാലങ്ങളിൽ അതിനെ മുന്നോട്ടു കൊണ്ടുപോകണമെന്നും നമ്മൾ ആഗ്രഹിക്കുകയാണ്. ഭാഷയുടെ പ്രാഥമികമായ ദൗത്യമെന്നുള്ളത് ആശയവിനിമയമാണെങ്കിലും നമ്മുടെ ചരിത്രവും സംസ്കാരവുമൊക്കെ ശരിയായ രീതിയിൽ ഉൾക്കൊള്ളാൻ മാതൃഭാഷ/പ്രാദേശിക ഭാഷ മനസ്സിലാക്കേണ്ടതും അതിലൂടെ കടന്നുപോകേണ്ടതും അനിവാര്യമാവുകയാണ്. നമുക്ക് പഴഞ്ചൊല്ലുകളും നാടൻപാട്ടുകളും നാട്ടുചരിത്രവും ക്ലാസ്സിക്കുകളും നമ്മുടേതായ ഐതിഹ്യങ്ങളും കടങ്കഥകളുമൊക്കെയുണ്ട്. ഇവയെല്ലാം മാതൃഭാഷയിലൂടെയാണ് നമ്മൾ പരിചയപ്പെടുന്നത്. അതിലൂടെ നമ്മുടെ നാട് എന്താണ്, എങ്ങനെയാണത് കടന്നുവന്നത്, സ്വാഭാവികമായും എങ്ങനെയാണതിന് മുന്നോട്ടുപോകാൻ കഴിയുക എന്നതിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കണമെങ്കിൽ മാതൃഭാഷയെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ രംഗത്ത് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ, ഇവിടെ നേരത്തെ

പ്രസംഗിച്ചവർ സൂചിപ്പിച്ചതുപോലെ, മാതൃകാപരമെന്ന് നമുക്ക് വിശേഷിപ്പിക്കാൻ സാധിക്കും. മലയാള ഭാഷയ്ക്കുവേണ്ടി ഒരു സർവ്വകലാശാല എന്ന ആശയം എത്രയോ കാലങ്ങളായി ഇവിടെ നിലവിലുണ്ടായിരുന്നുവെങ്കിലും അതിനെ പ്രയോഗവൽക്കരിക്കാൻ സാധിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ് എന്ന കാര്യത്തിൽ തീർച്ചയായും അഭിമാനിക്കാൻ സാധിക്കും. മലയാളത്തിന് ക്ലാസിക്കൽ ഭാഷാ പദവി കേന്ദ്ര സർക്കാരിൽനിന്ന് ലഭ്യമാക്കാൻ സാധിച്ചു എന്നത് ഒരു നേട്ടം തന്നെയായി നമുക്ക് വിലയിരുത്താൻ സാധിക്കും. ക്ലാസിക്കൽ ഭാഷ എന്ന വാക്ക് ഞാൻ മനഃപൂർവം ഉപയോഗിച്ചതാണ്. അതിന് നമ്മൾ നൽകുന്ന മലയാള തർജ്ജമ ശ്രേഷ്ഠഭാഷ എന്നുള്ളതാണ്. ആ തർജ്ജമ എത്രത്തോളം ശരിയാണ് എന്നുള്ള കാര്യത്തിൽ ഞാൻ സംശയം പ്രകടിപ്പിക്കുകയാണ്. ചില ഭാഷകൾ ശ്രേഷ്ഠമാകുമ്പോൾ സ്വാഭാവികമായി മറ്റ് ചില ഭാഷകൾ മ്ലേച്ഛമാണെന്ന് കരുതേണ്ടിവരും. അതുകൊണ്ടുതന്നെ മലയാളത്തെ ശ്രേഷ്ഠഭാഷയായി നമ്മൾ വിശേഷിപ്പിക്കുമ്പോൾ ഈ പദവിയിലേയ്ക്ക് കടന്നുവരാത്ത മറ്റ് ചില ഭാഷകളൊക്കെ നമ്മുടെ ഭാഷയെക്കാൾ മോശപ്പെട്ടതാണ് എന്ന ചിന്താഗതി സ്വാഭാവികമായും ഉണ്ടാകുന്നുണ്ട്. ആ ചിന്താഗതി പക്വവും ഭൂഷണവുമല്ല എന്ന്

നമ്മൾ തിരിച്ചറിയേണ്ടതായിട്ടുണ്ട്. അത്തരം വാക്കുകളുടെമേൽ മാത്രം നിൽക്കുകയല്ല, ഒരു ഭാഗത്ത് ഈ പദവി ലഭിക്കുന്നതിനുവേണ്ടി നമ്മൾ ശ്രമിക്കുമ്പോഴും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഔദ്യോഗിക തലത്തിൽ മുന്നോട്ട് കൊണ്ടുപോകുമ്പോഴും ഒരു സമൂഹമെന്ന നിലയിൽ എത്രത്തോളം ..........

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. വി. റ്റി. ബൽറാം സംസാരം ആരംഭിക്കുമ്പോൾ പറഞ്ഞത് ഞാനൊരു ഭാഷാഭിമാനിയല്ല എന്നാണ്. മറ്റ് പലരും പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി എന്തുകൊണ്ടാണ് ഇങ്ങനെ പറയുന്നതെന്ന കാര്യം അങ്ങ് വിശദീകരിച്ചില്ല.

ശ്രീ. വി. റ്റി. ബൽറാം: സർ, ഞാൻ പറഞ്ഞുവന്നത് അതുതന്നെയാണ്. എന്റെ ഈ പ്രസംഗത്തിൽപ്പോലും ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകളിൽനിന്നുള്ള പദപ്രയോഗങ്ങൾ സ്വാഭാവികമായി കടന്നുവരും. കാരണം മലയാളത്തിൽ സംസാരിക്കാൻവേണ്ടി മനഃപൂർവം കടിച്ചുപിടിച്ച് മലയാളത്തിലെ മാത്രം പദങ്ങൾ ഉപയോഗിക്കുകയോ സ്വാഭാവികമായി നമ്മുടെ സംസാര ഭാഷയിൽ നമ്മൾ നിരന്തരം ഉപയോഗിക്കുന്ന ഇംഗ്ലീഷ് പദങ്ങളെ ഒഴിവാക്കി നിർത്തുകയും ചെയ്യുന്ന തരത്തിലുള്ള കാപട്യം വേണമെന്ന്

കരുതുന്നില്ല. അമിതമായ പ്രാദേശിക ഭാഷാ സ്നേഹം, അമിതമായ പ്രാദേശിക വികാരം എന്ന അർത്ഥത്തിലാണ് ഞാൻ പറഞ്ഞത്. മുംബെയിൽ ശിവസേനയടക്കമുള്ള വളരെ പ്രതിലോമകരമായിട്ടുള്ള fascist രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ആളുകൾ ഉൽപ്പാദിപ്പിക്കുന്ന പ്രാദേശിക വികാരമുണ്ട്. കർണ്ണാടക ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളിലും നമ്മൾ അത് കണ്ടു. ഇത് കേരളത്തിന് അത്ര യോജിച്ചതല്ല എന്നാണ് എന്റെ അഭിപ്രായം. മലയാളി സമൂഹം ലോകത്തുതന്നെ ഏറ്റവും കൂടുതൽ മൊബീലായിട്ടുള്ള ഒരു കമ്മ്യൂണിറ്റിയാണ്. ലോകത്തിൽ എവിടെപ്പോയാലും മലയാളികളുണ്ട്. നീൽ ആംസ്ട്രോങ് ആദ്യമായി ചന്ദ്രനിൽ ചെന്നപ്പോൾ അവിടെയും ഒരു മലയാളി ചായക്കട നടത്തിക്കൊണ്ടിരുന്നു എന്ന് തമാശ രൂപത്തിൽ നമ്മൾ പറയാറുണ്ട്. അത് മലയാളിയുടെ വിശ്വാതീതമായ സാന്നിദ്ധ്യത്തിന്റെ തെളിവായി നമ്മൾ പറയാറുണ്ട്. ലോകത്ത് എവിടെ ചെന്നാലും നമ്മളുണ്ട്. പക്ഷേ നമ്മുടെ നാട്ടിൽ മറ്റേതെങ്കിലും സംസ്ഥാനക്കാർ വന്നാൽ അവരെ നമ്മൾ ഒരു തീണ്ടാപ്പാട് അകലെ മാറ്റിനിർത്തുകയാണ്. നമ്മളൊക്കെ ജനപ്രതിനിധികളെന്ന നിലയിൽ വിവിധ സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും മലയാളികളുടെ പരിപാടികൾക്ക് പോകാറുണ്ട്. ഡൽഹിയിൽ മലയാളികൾ ജോലിയിൽ നിന്ന് റിട്ടയർ

ചെയ്തതിനുശേഷവും അവിടെ താമസിക്കുന്നുണ്ട്. അവർ അവിടെ മലയാളി അസോസിയേഷനുകൾ രൂപീകരിക്കുകയും അവിടത്തെ സാംസ്കാരിക മേഖലയിൽ മലയാളി എന്ന നിലയിൽ കൂട്ടായ്മയോടുകൂടി ഇടപെടുകയും ചെയ്യുന്നു. മുംബൈ, മദ്രാസ്, അമേരിക്ക, യൂറോപ്പ്, ഗൾഫ് രാജ്യങ്ങൾ തുടങ്ങി ലോകത്തിന്റെ ഏത് ഭാഗങ്ങളിലും മലയാളികൾ അവിടെ താമസിച്ച് അവിടത്തെ ജനതയുടെ പൗരജീവിതത്തിന്റെയും സാംസ്കാരിക ജീവിതത്തിന്റെയും ഭാഗമായി ഇഴുകിച്ചേർന്ന് മുന്നോട്ട് പോകുന്നുണ്ട്. അവർക്ക് അതിനുള്ള അംഗീകാരം അവിടെനിന്ന് ലഭിക്കുന്നുണ്ട്. ഞാൻ ജനപ്രതിനിധിയായിട്ട് അഞ്ചര വർഷത്തോളമായി. കേരളത്തിൽ ഇന്നുവരെ ഒരു തമിഴ് സംഘടനയുടെ ഒരു പരിപാടിയിൽ നമുക്ക് പങ്കെടുക്കാൻ സാധിച്ചിട്ടില്ല. പ്രവാസി തമിഴർ ഇവിടെ വന്ന് അവരുടെ സംഘടന രൂപീകരിച്ചിട്ടില്ല. എന്റെ നാട്ടിൽ ഒരു തമിഴ്നാട്ടുകാരൻപോലും സ്വന്തമായി വീട് വാങ്ങി താമസിക്കുന്നില്ല. അന്യസംസ്ഥാന തൊഴിലാളികൾ വന്ന് തൊഴിൽ ചെയ്ത് പോകുന്നുണ്ടെന്നല്ലാതെ തമിഴ്നാട്ടുകാരനോ കർണ്ണാടകക്കാരനോ മറ്റ് ഉത്തരേന്ത്യൻ സംസ്ഥാനക്കാരനോ ഇവിടെ വന്ന് വീട് വച്ച് താമസിക്കുന്നില്ല. അത് എന്തുകൊണ്ടാണെന്ന് നമ്മൾ ആലോചിക്കണം. എന്തുകൊണ്ടാണ്

മലയാളികൾ മറ്റ് സംസ്ഥാനക്കാരെ സംശയദൃഷ്ടിയോടെ നോക്കിക്കാണുന്നത് എന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കണം. ഇപ്പോൾ എന്തെങ്കിലും ക്രമപ്രശ്നമുണ്ടായാലും ആരോഗ്യപ്രശ്നമുണ്ടായാലും നമ്മൾ ആദ്യം കുറ്റപ്പെടുത്തുന്നത് അന്യസംസ്ഥാന തൊഴിലാളികളെയാണ്. അവരാണ് എല്ലാ പ്രശ്നത്തിനും കാരണമെന്ന രീതിയിൽ അവരെ സംശയദൃഷ്ടിയോടെയാണ് നോക്കിക്കാണുന്നത്. പഞ്ചായത്തുകളുടെ ഔദ്യോഗിക സംവിധാനങ്ങളുടെ ഭാഗമായി കേരളത്തിൽ പല സ്ഥലങ്ങളിലും ഇവരെ ശ്രദ്ധിക്കണം, ഇവരെക്കുറിച്ച് എന്തെങ്കിലും വിവരങ്ങളുണ്ടെങ്കിൽ ഉടൻ പോലീസിൽ അറിയിക്കണം എന്നുള്ള ഫ്ലക്സ് ബോർഡുകളും നോട്ടീസ് ബോർഡുകളും അറിയിപ്പുകളും പ്രത്യക്ഷപ്പെടുകയാണ്. ഈ രീതിയിൽ മറ്റുള്ള ആളുകളെ സംശയത്തോടെ നോക്കിക്കാണുന്ന ഒരു മനോഭാവം മലയാളികൾക്കിടയിൽ ഉണ്ട്. ഇതേ മനോഭാവം ലോകത്തുള്ള മറ്റ് സമൂഹങ്ങൾ നമ്മളോട് കാണിച്ചിരുന്നെങ്കിൽ ഇന്ന് പ്രവാസി മലയാളികൾ ഉണ്ടാകുമായിരുന്നില്ല. നമ്മൾ ഇത്തരം വിഷയങ്ങളിൽ കുറച്ചുകൂടി മനസ് തുറന്ന് കേരളത്തെ എങ്ങനെ ഒരു മൾട്ടി കൾച്ചറൽ സൊസൈറ്റിയാക്കാം എന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. കേരളം മലയാളികളുടെ

മാത്രം മാതൃഭൂമി എന്നുള്ള പഴയ അവസ്ഥയിൽനിന്ന് മാറി മറ്റുള്ള ആളുകളെയും മറ്റുള്ള സാംസ്കാരികതയെയും മറ്റുള്ള വംശീയതയിൽപ്പെട്ട ആളുകളെപ്പോലും നമ്മുടെ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റി ഇന്ത്യയിൽ ഏറ്റവും ജീവിക്കാൻ കൊള്ളാവുന്ന വിശാല ഇടമായി കേരളത്തെ നമുക്ക് മാറ്റേണ്ടതായിട്ടുണ്ട്. ഈ നിലയിൽ ചിന്തിക്കുമ്പോൾ അമിതമായ പ്രാദേശിക വികാരത്തെപ്പോലെ അമിതമായ പ്രാദേശിക ഭാഷാ വികാരവും ഒരു പക്ഷേ അപകടം ചെയ്തേക്കാം എന്നതിനെക്കുറിച്ച് സൂചിപ്പിച്ചു എന്നുമാത്രമേയുള്ളൂ. അത് മലയാളത്തോടുള്ള അനാദരവായി താങ്കൾ തെറ്റിദ്ധരിക്കരുത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, മലയാളികളുടെ പ്രത്യേകത കൂടി അങ്ങ് കാണണമെന്ന അഭ്യർത്ഥനയുണ്ട്. ലോകത്ത് എവിടെയെല്ലാം മലയാളികൾ ജോലി ചെയ്യുന്നുണ്ടോ, ആ രാജ്യങ്ങളിലെയെല്ലാം ഭാഷ സ്വായത്തമാക്കുന്നതിലുള്ള മലയാളികളുടെ കഴിവുകൂടി അങ്ങ് കാണേണ്ടതുണ്ട്. അത് നമ്മുടെ ഭാഷയുടെ പ്രത്യേകതയാണ്. വേഗത്തിൽ സംസാരിക്കുന്ന ഭാഷയാണ് മലയാളം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 'ലോകത്തെവിടെയും എനിക്കൊരു വീടുണ്ട്' എന്നാണ് ശ്രീ. ഒ.എൻ.വി. കുറുപ്പ് എഴുതിയത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: ഭാഷ പ്രയോഗിക്കാനുള്ള നമ്മുടെ കഴിവ് മലയാളികളുടെ പ്രത്യേകതയാണ്. മലയാളം വളരെ വേഗതയിൽ സംസാരിക്കുന്ന ഒരു ഭാഷയാണെന്ന് അറബികൾ സാധാരണ പറയാറുണ്ട്. അതുകൊണ്ട് താരതമ്യേന വേഗത കുറഞ്ഞ ഭാഷ സ്വായത്തമാക്കാൻ മലയാളികൾക്ക് കഴിയാറുണ്ട്. ഗൾഫ്, പാരീസ്, ജർമ്മനി തുടങ്ങിയ ഏത് രാജ്യത്തായാലും അവിടെ താമസിക്കുന്ന മലയാളികൾ ആ രാജ്യത്തെ ഭാഷ പഠിക്കുന്നുണ്ട്. അതുകൊണ്ട് അവിടത്തെ സംസ്കാരവുമായി ഇഴുകിച്ചേരാനും അവർക്ക് കഴിയുന്നുണ്ട്. ഇവിടെ എന്തുകൊണ്ട് പ്രവാസികൾ ഉണ്ടാകുന്നില്ലെന്ന് ചോദിച്ചാൽ.... തമിഴരും മറ്റും തുടർച്ചയായി അധിവസിക്കുന്ന സ്ഥലങ്ങളിൽ അവരും ഇവിടത്തെ ഭാഷ പഠിക്കാറുണ്ട്. അത് മലയാളികളുടെ കുഴപ്പമായി കാണാൻ കഴിയില്ലെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അങ്ങ് സൂചിപ്പിച്ച ഒരു കാര്യം, കേരളത്തിൽ എത്തിയ മറ്റ് ദേശക്കാർ ആരും കേരളത്തിൽ നിൽക്കുകയോ വീട് വയ്ക്കുകയോ ചെയ്തിട്ടില്ല എന്നുള്ളതാണ്. ആ പ്രസ്താവന തെറ്റാണ്. കാരണം കേരളത്തിൽ കോഴിക്കോട് സേട്ട്നൈറ്റ്ജി ഫുട്ബോൾ ടൂർണമെന്റ് എന്ന പേരിലുള്ള ഫുട്ബോൾ ടൂർണമെന്റ് കേരളത്തിലെ കായിക രംഗത്തിന്

സംഭാവന ചെയ്തത് ഗുജറാത്തിൽ നിന്നെത്തി കോഴിക്കോട് താമസമാക്കിയ സേട്ടുമാരാണ്. എറണാകുളം ജില്ലയിൽ കൊച്ചി-മട്ടാഞ്ചേരി ഭാഗത്ത് എത്രയോ വർഷമായി താമസിക്കുന്ന മുസ്ലീം വിഭാഗത്തിൽപ്പെട്ട കച്ചിമേമൻ സേട്ടുമാരുണ്ട്. വടക്കൻ മേഖലകളിൽനിന്നും വന്നവർ ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽവന്ന് താമസിക്കുന്നവരുണ്ട്. ......(മൈക്ക് ഓഫ്)..... കാര്യം അങ്ങ് പറഞ്ഞത്  ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. വി.റ്റി. ബൽറാം: ഞാൻ അത് പറഞ്ഞത് ഒരു താരതമ്യത്തിന്റെ അടിസ്ഥാനത്തിലാണ്. മലയാളികൾ മറ്റ് സമൂഹങ്ങളിൽ ചെന്ന് അവിടത്തെ ഭാഗമാകുന്നതുപോലെ മറ്റുള്ള ആളുകളെ ഉൾക്കൊള്ളാൻ നമ്മൾ എത്രത്തോളം തയ്യാറാകുന്നുണ്ട് എന്നുള്ള മനോഭാവത്തെക്കുറിച്ചാണ് ചോദിച്ചത്. കേരളത്തിൽ വ്യത്യസ്ത സമൂഹത്തിൽ നിന്നുള്ളവർ വരികയും താമസിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവരൊക്കെ നഗരകേന്ദ്രീകൃതമായോ അല്ലെങ്കിൽ പ്രത്യേകമായ ആവശ്യങ്ങൾക്കുവേണ്ടി തലമുറകളായി വന്നുതാമസിക്കുന്നവരോ ആണ്. എന്നാൽ പുതിയതായി ആളുകൾ കടന്നുവരുമ്പോഴുള്ള കാര്യമാണ് ഞാൻ

പറഞ്ഞത്. അവരെ സംശയത്തോടെ നോക്കിക്കാണുന്ന സമീപനമാണ് പൊതുവെയുള്ളത്. മലയാളികൾ ലോകത്തിന്റെ എല്ലാ ഭാഗത്തും ഉള്ളതുപോലെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പ്രത്യേകിച്ച് അയൽ സംസ്ഥാനങ്ങളിൽനിന്നും ആളുകൾ കേരളത്തിൽ എത്തുമ്പോൾ അവരെ നമ്മൾ നോക്കിക്കാണുന്ന രീതിയും മനോഭാവവും എത്രത്തോളം ഉൾക്കൊള്ളലിന്റേതാണ് എന്നുള്ളതാണ് പ്രശ്നമായി ഞാൻ ഉന്നയിച്ചത്.

<u>ശ്രീ. ജോസ് തെറ്റയിൽ</u> : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രധാന കാര്യം തുടക്കത്തിൽ പറഞ്ഞെങ്കിലും പിന്നീട് വ്യതിചലിച്ചുപോയി. ഭാഷാ ഭ്രാന്തില്ലെന്ന് പറഞ്ഞത് സ്വീകാര്യമായ കാര്യമാണ്. മതഭ്രാന്തായാലും രാഷ്ട്രീയ ഭ്രാന്തായാലും നമുക്ക് സ്വീകരിക്കാൻ കഴിയില്ല. നിങ്ങൾ ഉദ്ദേശിക്കുന്നത്, അന്യഭാഷകളിൽ നിന്നും പദങ്ങൾ എടുക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതുപോലെ പുതിയ ഭാഷയുടെ വികാസം ഉണ്ടാകുന്നുവെന്നാണെങ്കിൽ മംഗ്ലീഷ് എന്നുള്ള രീതിയിൽ വരുന്നത് ശരിയാണോയെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. രണ്ടാമതായി, അര നൂറ്റാണ്ട് മുമ്പ് തന്നെ മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച്

സാഹിത്യകാരനായ എം.പി. പോൾ പറഞ്ഞ ഒരു കാര്യമുണ്ട്. മലയാളികൾ ഐഡിയാസ് എക്സ്പ്രസ് ചെയ്യാൻ ഒട്ടുംതന്നെ ഡിഫിക്കൽറ്റി ഇല്ലാത്ത ആളുകളാണ് എന്നുപറഞ്ഞ് പരിഹസിച്ച കാര്യമാണത്. മലയാള ഭാഷ ഉപയോഗിക്കുമ്പോൾ ഇംഗ്ലീഷ് പദങ്ങളും ഇടയ്ക്ക് വരുന്നതിനോട് വിരോധമില്ലെന്നാണോ അതോ പരിപൂർണ്ണമായ ഭാഷ എന്ന നിലയിൽ ശുദ്ധമായ മലയാളഭാഷ തന്നെ പറയണം എന്നുള്ള നിഷ്കർഷയാണോ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി.റ്റി. ബൽറാം</u>: ശുദ്ധമായ ഭാഷ എന്ന പ്രയോഗത്തിനോടാണ് ഞാൻ വിയോജിപ്പ് പറഞ്ഞത്. അത്തരത്തിലുള്ള സങ്കുചിതത്വങ്ങൾ ഇക്കാര്യത്തിൽ ഒരു പരിധിക്കപ്പുറം അനഭലഷണീയമാണ് എന്നുള്ളത് തന്നെയാണ് എന്റെ അഭിപ്രായം. മറ്റുള്ള ഭാഷകളിൽനിന്ന് പദങ്ങൾ കടം കൊള്ളുകയോ അല്ലെങ്കിൽ അതിനോട് സാമ്യമുള്ളതോ, ആ അർത്ഥം പ്രസരിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ളതോ ആയ പദങ്ങൾ ഇവിടെ ഉണ്ടാക്കപ്പെടുമ്പോഴാണ് ഭാഷ വികസിക്കേണ്ടത്. നമ്മുടെ ചെറുപ്പത്തിൽ കണക്ക് ക്ലാസ്സിൽ സർഫസ് ഏരിയ

എന്നത് പഠിച്ചത് ഉപരിതല വിസ്തീർണ്ണമെന്നാണ്. എന്നാൽ ഇന്നത് പരപ്പളവ് എന്നാണ് പഠിപ്പിക്കുന്നത്. വളരെ ലളിതമാണ്. സർഫസ് ഏര്യയെന്ന് പറയുന്ന കൺസപ്റ്റിനെ നേരത്തെ ധാരണയില്ലാത്ത ആളുകൾക്കുപോലും മനസ്സിലാകുന്ന രീതിയിൽ കൃത്യമായി മലയാളീകരിച്ചു. ഇത്തരത്തിൽ മനോഹരങ്ങളായ വാക്കുകൾ നമുക്ക് സൃഷ്ടിക്കാൻ സാധിക്കും. അങ്ങനെയുള്ള അവസരങ്ങളിൽ മലയാള പദങ്ങൾ സൃഷ്ടിക്കുകയും അതുവഴി ഭാഷയെ വികസിപ്പിക്കുകയും ചെയ്യുകയല്ലാതെ അതിന് കഴിയാത്ത അവസരങ്ങളിൽ മന:പൂർവ്വം മലയാളം വേണമെന്നുള്ളതിന്റെ പേരിൽ കേട്ടാൽ ഒരുതരത്തിലും ഉൾക്കൊള്ളാൻ കഴിയാത്ത മലയാള പദങ്ങൾ ഉണ്ടാക്കേണ്ട കാര്യമില്ല. അതിന് ഇംഗ്ലീഷിൽ നിന്നോ മറ്റ് ഭാഷകളിൽ നിന്നോ കടന്നുവരുന്ന പദങ്ങളെ തൽസമമായി ഉപയോഗിക്കുകയെന്നുള്ളതാണ് ഉചിതമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഇവിടെ പ്രസംഗിച്ച എല്ലാവരും എല്ലാം മലയാളത്തിൽ വേണമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. അതിന്

പ്രത്യേകമായി ഒരു പദ്ധതി വേണ്ടേ? ഒരു ദിവസം കൊണ്ട് എഞ്ചിനീയറിംഗ് പഠനവും എം.ബി.ബി.എസ്. പഠനവും മലയാളത്തിലാക്കാൻ പറ്റുമോ? അതുകൊണ്ട് മലയാളത്തെ സ്നേഹിക്കുന്ന നമ്മൾ ഈ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുമ്പോൾ അതിന് ഒരു പദ്ധതി വേണം. എത്ര കൊല്ലം കൊണ്ട് മാറ്റിയെടുക്കാൻ കഴിയും. കസേര, മേശ തുടങ്ങിയ വാക്കുകൾ പോർട്ടുഗീസ് പദങ്ങളാണ്. മലയാളത്തിലുള്ള പല പദങ്ങളും മറ്റ് ഭാഷകളിൽ നിന്നും എടുത്തിട്ടുള്ളതാണ്. അതുകൊണ്ട് മലയാളം വിശ്വഭാഷയായി മാറണമെന്നുണ്ടെങ്കിൽ നമുക്കൊരു പദ്ധതിയുണ്ടാക്കണം. ഹൈക്കോടതിയിൽ മലയാളത്തിലൊരു കേസ് കൊടുക്കാൻ കഴിയില്ല, കാരണം നമ്മുടെ ചീഫ് ജസ്റ്റീസിനും പല ജഡ്ജിമാർക്കും മലയാളം അറിയില്ല. സുപ്രീം കോടതിയിലെ അവസ്ഥയും ഇതുതന്നെ. അതുകൊണ്ട് മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതോടൊപ്പം അതിന്റെ സാങ്കേതിക വശത്തെക്കുറിച്ചുംകൂടി ഒരു ഗവേഷണം നടത്തണ്ടേയെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. വി.റ്റി. ബൽറാം</u>: താങ്കൾ പറഞ്ഞതു തന്നെയാണ് ഞാൻ പറഞ്ഞതിന്റെ രത്നച്ചുരുക്കം. താങ്കൾ മനോഹരമായി അതിനെ കൺക്ലൂഡ് ചെയ്തുവെന്ന് മാത്രമേയുള്ളൂ. മലയാളത്തിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കാനും അതിനെ പ്രോത്സാഹിപ്പിക്കാനും ഏതൊക്കെ മേഖലകളിൽ എങ്ങനെയൊക്കെ സാധിക്കണമെന്നതിനെക്കുറിച്ചൊരു വ്യക്തമായ കാഴ്ചപ്പാടും ദീർഘവീക്ഷണത്തോടെയുള്ള ഒരു കർമ്മ പദ്ധതിയും നമുക്ക് ആവിഷ്കരിക്കാൻ സാധിക്കണം. ഇവിടെ പറഞ്ഞതുപോലെ, ഓരോ മേഖലയിലും ഏതൊക്കെ അളവിൽ, എത്രത്തോളം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ, ആളുകൾക്ക് ആശയ വിനിമയം കൂടുതൽ അനായാസമാകുന്ന രീതിയിൽ എങ്ങനെ മലയാളത്തെ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും എന്നതിനെക്കുറിച്ച് ആലോചിക്കുമ്പോഴും അക്കാര്യത്തിൽ വളരെ അടിയന്തരമായി അടിച്ചേൽപ്പിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് നാളെകളിൽ കേരളത്തിന് മുമ്പിലുള്ള സാധ്യതകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിൽ കേരളത്തെ പിറകോട്ട് വലിക്കുമോ എന്നുള്ള ആശങ്ക കൂടി പരിഗണിച്ചുകൊണ്ട് കൃത്യമായ കർമ്മ പദ്ധതി

ആവിഷ്കരിക്കണമെന്ന് തന്നെയാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, മെമ്പർ പറഞ്ഞതുപോലെ എനിക്ക് ചെറിയ ഭീതിയുണ്ട്. ഉദാഹരണത്തിന് കോടതിയുടെ കാര്യത്തിൽ lost in translation എന്നുപറയുന്ന ഒരു കൺസപ്റ്റുണ്ട്. കോടതിയുടെ തീരുമാനങ്ങളൊക്കെ പലപ്പോഴും ഒരു വാക്കിൽ മാറിമറിയും. പ്രത്യേകിച്ച് മേൽക്കോടതിയിലേയ്ക്കും സുപ്രീം കോടതിയിലേയ്ക്കുംമറ്റും പോകുമ്പോൾ ഒരു വാക്ക് മാറുന്നതിൽ ആയിരിക്കും ചിലപ്പോൾ വിധി മാറുന്നത്. ശ്രീ. വി. റ്റി. ബൽറാം പറഞ്ഞതുപോലെ, പ്രത്യേക കാര്യങ്ങളിൽ അതീവ സൂക്ഷ്മതയോടെ നന്നായി പഠിച്ചിട്ടായിരിക്കണം അത് ചെയ്യുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം, ഭാഷാ സ്നേഹത്തെക്കുറിച്ചാണ്. അതിയായ ഭാഷാ സ്നേഹം ഭാഷാ തീവ്രവാദത്തിലേയ്ക്ക് പോകരുത്. ഉദാഹണരത്തിന്, ഇംഗ്ലീഷിലെ പൈജാമ, കണ്ടാംഗറസ് തുടങ്ങിയ വാക്കുകൾ ഇംഗ്ലീഷുകാർ ഹിന്ദിയിൽ നിന്നും എടുത്തിട്ടുള്ളതാണ്. അതുപോലെ dissemination കാരണമാണ് സംസ്കാരം

മുന്നോട്ട് പോകുന്നത്. അത് പഠിച്ച് കറക്റ്റായി മുന്നോട്ട് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ശ്രീ. വി.റ്റി. ബൽറാം പറഞ്ഞ ചില കാര്യങ്ങളോട് വിയോജിപ്പ് ഉണ്ടെങ്കിലും മറ്റുപല കാര്യങ്ങളിലും യോജിപ്പുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: എല്ലാ കാര്യത്തിലും മലയാളം തന്നെ പറയണമെന്നില്ല. ഭാഷാപ്രയോഗങ്ങളിൽ പതിറ്റാണ്ടുകളായി ഉപയോഗിക്കുന്ന മറ്റ് ഭാഷകൾ സ്വായത്തമാക്കുന്നതിലോ സ്വീകരിക്കുന്നതിലോ തെറ്റില്ല. അതേസമയം മലയാളം തന്നെ ഉപയോഗിക്കാവുന്ന കാര്യങ്ങളിൽ അനാവശ്യമായി ഇംഗ്ലീഷ് തിരുകിക്കയറ്റി വികൃതമാക്കുന്ന രഞ്ജിനി ഹരിദാസ് മോഡലിനെ അങ്ങ് അംഗീകരിക്കുമോ?

ശ്രീ. വി.റ്റി. ബൽറാം: ഏതെങ്കിലും ഒരു വ്യക്തിയുടെ ഭാഷയെ നമ്മൾ അധിക്ഷേപിക്കുന്നത് ശരിയല്ല. അവർക്ക് ഏറ്റവും കംഫർട്ടബിൾ ആയിട്ടുള്ള ഭാഷ സംസാരിക്കാനുള്ള അവകാശം അനുവദിച്ച് കൊടുക്കാനുള്ള വിശാല മനസ്കത നമുക്കുണ്ടാകണം. അവർ സ്ത്രീ ആയതുകൊണ്ടാണ് കൂടുതൽ വിമർശിക്കപ്പെടുന്നതെന്നുള്ള നിരീക്ഷണം കൂടി ഞാൻ പങ്ക് വയ്ക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: മലയാളവും ഇംഗ്ലീഷും വികൃതമായ

രീതിയിൽ കൂട്ടിക്കലർത്തി സംസാരിച്ച് ടെലിവിഷനിൽ അവതരിപ്പിക്കുന്ന രീതിയെയാണ് ഞാൻ വിമർശിച്ചത്. അല്ലാതെ രഞ്ജിനി ഹരിദാസ് സ്ത്രീ ആയതുകൊണ്ടല്ല. അത് തെറ്റിദ്ധാരണയാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ പ്രായോഗികമായ ചില കാര്യങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ശരിതന്നെയാണ്. അങ്ങ് നിർദ്ദേശിക്കുന്നതിന് ഉപോൽബലമായി ഒരു കാര്യം ഞാൻ ചോദിക്കുകയാണ്. 'Switch' എന്നുള്ള വാക്കിന് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നൽകിയിരിക്കുന്ന മലയാളം വാക്ക് 'വൈദ്യുതി ഗമനാഗമന നിയന്ത്രണ യന്ത്രം' എന്നാണ്. അത്തരത്തിൽ ഒറ്റവാക്ക് കിട്ടാതെ പോകുന്നിടത്ത് ആ ഭാഷയിലുള്ള അല്ലെങ്കിൽ ഏത് ഭാഷയിൽനിന്നാണെങ്കിലുമുള്ള വാക്ക് സ്വീകരിക്കുന്നതിന് വിരോധമില്ല എന്നർത്ഥത്തിലാണോ അങ്ങ് ഉദ്ദേശിച്ചതെന്ന് അറിയാൻവേണ്ടി ചോദിക്കുകയാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, ഭാഷ സാധാരണഗതിയിൽ പരസ്പരം ബോദ്ധ്യപ്പെടാനുള്ളതാണ്. ഇപ്പോൾ വടക്കൻ കേരളത്തിലാണെങ്കിലും തെക്കൻ കേരളത്തിലാണെങ്കിലും അതുപോലെ മറ്റ് സംസ്ഥാനങ്ങളിലും ഓരോ സ്ഥലമാറ്റം അനുസരിച്ച് അതാത് മാതൃഭാഷയിലാണെങ്കിലും വ്യത്യസ്തമായുള്ള

ഉച്ചാരണത്തിന്റെ അടിസ്ഥാനത്തിലാണ് മനസ്സിലാകുന്നത്. തമിഴ്നാട്ടിൽനിന്ന് ധാരാളം ആളുകൾ ഇവിടെവന്ന് താമസിക്കുന്നുണ്ട്. നേരത്തെ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞിരുന്നു, കേരളത്തിലെ കിഴക്കൻ മേഖലകളിലെ സംസ്കാരംതന്നെ പ്രത്യേകം രൂപപ്പെട്ടതാണ് എന്ന്. തമിഴ്നാട്ടിലുള്ളവരും കേരളീയരുമായിട്ടുള്ള വിവാഹബന്ധങ്ങൾവരെ ഇപ്പോഴും മാറ്റാൻ കഴിയാത്ത സാഹചര്യങ്ങൾ നിലവിലുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം മുതൽ ഇങ്ങോട്ട് കാസർഗോഡ് ജില്ലവരെ ഈ സാഹചര്യമുണ്ട്. നമ്മുടെ വിദ്യാഭ്യാസ രംഗത്ത് മാതൃഭാഷയിൽനിന്ന് കുട്ടികൾ എങ്ങോട്ടേയ്ക്കാണ് പോകുന്നത്; എന്തുകൊണ്ടാണ് വിദ്യാഭ്യാസ രംഗത്തുവരുമ്പോൾ മാതൃഭാഷയിൽ പഠിക്കുന്ന കുട്ടികൾ മറ്റ് ഭാഷകളിലേയ്ക്ക് കടക്കുന്നത്? നമ്മളാഗ്രഹിച്ചാൽപ്പോലും ചിലപ്പോൾ വീടുകളിലുള്ളവരുടെയും മറ്റുള്ളവരുടെയും നിർബന്ധംകൊണ്ട് മറ്റ് ഭാഷ തെരഞ്ഞ് നടക്കേണ്ട സാഹചര്യങ്ങളിലേയ്ക്ക് പോകുന്നു. ആ നിലയിലേയ്ക്കുള്ള കാഴ്ചപ്പാടും, മാതൃഭാഷയ്ക്ക് ഊന്നലും നൽകേണ്ട സാഹചര്യമല്ലേ വാസ്തവത്തിൽ ശ്രദ്ധയിൽ വരേണ്ടത്. അതങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, അങ്ങിവിടെ ചൂണ്ടിക്കാണിച്ചത് ശ്രീമതി

രജ്ഞിനി ഹരിദാസ്..

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട വി. റ്റി. ബൽറാം, ഇനിയും ഒരു ബിൽ കൂടിയുണ്ട്. ഞാൻ ഓർമ്മപ്പെടുത്തിയതാണ്.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, ശ്രീമതി രജ്ഞിനി ഹരിദാസിനെ വിമർശിച്ചത് സ്ത്രീയായതുകൊണ്ടാണ് എന്നത് സഭാരേഖയിൽനിന്ന് നീക്കംചെയ്യേണ്ട ഒരു പദപ്രയോഗമാണ്. സ്ത്രീയായതുകൊണ്ടല്ല വിമർശിച്ചത്, അവരുടെ ഭാഷയെയാണ് വിമർശിച്ചത്. ഔദ്യോഗിക ഭാഷാ കമ്മിറ്റി നടത്തിയ ഒരു പരിശോധനയിൽ ഏറ്റവും പ്രധാനമായും കണ്ടത്... ഇപ്പോൾ ഇവിടെത്തന്നെ എഴുതിയിരിക്കുന്നത് 'Honorable Speaker' എന്നാണ്. ഇത്തരം ഇംഗ്ലീഷിലുള്ള ബോർഡുകൾ ഏറ്റവുമധികമുള്ളത് കേരളത്തിലാണ്. കേരളത്തിലെ ഏറ്റവും ചെറിയൊരു ഗ്രാമത്തിലേയ്ക്ക് പോയാലും ആ ഗ്രാമത്തിന്റെ നടുക്ക് ഒരു ചെറിയ കടയുണ്ടെങ്കിൽ ആ കടയുടെ പേരുപോലും 'Tea Shop' എന്നാണ് എഴുതിവയ്ക്കുന്നത്, 'ചായക്കട' എന്ന് എഴുതാറില്ല. അത്തരമൊരു മാനസികാവസ്ഥയിലേയ്ക്ക് നമ്മുടെ നാട് മാറുന്നു. അതാണ് ഒരുപക്ഷെ ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. അത്തരമൊരു മാനസികാവസ്ഥയിലേയ്ക്ക് നമ്മുടെ നാട് മാറിയത് തിരികെ പിടിക്കാനുള്ള

വലിയൊരു പോരാട്ടമാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. അല്ലാതെ അടിച്ചേൽപ്പിക്കലല്ല. അത്തരമൊരു സംസ്കാരം വല്ലാതെ പോകുമ്പോൾ അത് തിരികെ പിടിക്കാനാവശ്യമായ ഒരു ഇടപെടലാണ്, അല്ലാതെ മലയാളഭാഷ അടിച്ചേൽപ്പിക്കുകയെന്ന പദപ്രയോഗം ശരിയല്ല. തിരികെ കൊണ്ടുവരാനുള്ള ശ്രമമാണ് നടത്തുന്നത്.

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഞാൻ ചുരുക്കുകയാണ്. ധാരാളം ആളുകൾ ഇടപെട്ട് സംസാരിച്ചതിന് നന്ദിയുണ്ട്. ഞാൻ പറഞ്ഞത് ശ്രീമതി രജ്ഞിനി ഹരിദാസ് അടക്കമുള്ള ആളുകൾ വിമർശിക്കപ്പെടുന്നത്... ശ്രീ. കെ. വി. അബ്ദുൾ ഖാദർ വിമർശിച്ച അർത്ഥത്തിലല്ല പറഞ്ഞത്, ഈ സഭയിലാരെങ്കിലും അങ്ങനെ വിമർശിച്ചുവെന്നുമല്ല, അവർക്കെതിരെ പൊതുവിൽ ഇത്തരത്തിലുള്ള വികലമായ ഭാഷാ പ്രയോഗത്തിന്റെ ഒരുദാഹരണമായി വീണ്ടും വീണ്ടും ചൂണ്ടിക്കാണിക്കപ്പെടുന്നതിന്റെ പിറകിലുള്ള സ്ത്രീ വിരുദ്ധത പുറത്തുള്ള ആളുകളുടെ കാര്യത്തിൽ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമെയുള്ളൂ. അത്തരത്തിൽ ഒരു വിലയിരുത്തൽ ഉണ്ടാകണമെന്നുതന്നെയാണ് ഞാൻ കരുതുന്നത്. ഇത്തരത്തിൽ ഇംഗ്ലീഷ് ചേർത്ത് സംസാരിക്കുമ്പോൾ അത് വികലമായി ചിത്രീകരിക്കപ്പെടുകയും അത് മോശമാണെന്ന് പറയുകയും

ചെയ്യുന്നതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. എന്നാൽ നമ്മുടെ മലയാള സിനിമയിലൊക്കെ, എന്റെയൊക്കെ പ്രദേശത്ത് വള്ളുവനാടൻ മലയാളമാണ് ഔദ്യോഗിക ഭാഷയായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. കഥാപാത്രങ്ങൾ തിരുവനന്തപുരത്തെ ആളാണെങ്കിലും സംസാരിക്കുന്നത് നമ്മുടെ നാട്ടിലെ ഭാഷയായിരിക്കും. ആ അർത്ഥത്തിലുള്ള ഭാഷയിലെ രാഷ്ട്രീയത്തെ നമ്മൾ കാണാതെ പോകരുത്. അതുകൊണ്ടുതന്നെ വികലമായ ഭാഷയെന്ന് പറഞ്ഞുകൊണ്ട് ചിലയാളുകളുടെ ഭാഷാപ്രയോഗത്തെ വിലകുറച്ച് കാണുന്ന സമീപനത്തെയാണ് ഞാനംഗീകരിക്കുന്നില്ലായെന്ന് പറഞ്ഞത്. സമയക്കുറവുകാരണം ഞാൻ പ്രസംഗം ചുരുക്കുകയാണ്. ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കുന്ന വളരെ സദുദ്ദേശപരമായിട്ടുള്ള ഈ ഇടപെടലിനെ, നിയമംമൂലം മുമ്പോട്ടുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളെ നമ്മൾ എല്ലാവരും അംഗീകരിക്കുകയും വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയും ചെയ്യുന്നു. മാതൃഭാഷ നിലനിൽക്കേണ്ടത് അത്യാവശ്യമാണ്. ഈ ഭാഷ ഏത് തരത്തിൽ അല്ലെങ്കിൽ ഇന്നുള്ള അവസ്ഥയിൽത്തന്നെയാണോ, കൂടുതൽ വിപുലമായ രീതിയിൽ കൂടുതൽ വിശാലമായ അർത്ഥത്തിലാണോ ഭാഷ നിലനിൽക്കേണ്ടത് എന്നുള്ള കാര്യത്തിൽ മാത്രമാണ് നമുക്ക് ഒരുപക്ഷേ

വിയോജിപ്പുണ്ടാകുന്നത്. മലയാളം നമ്മുടെ മാതൃഭാഷയാണ്. നമുക്കേറ്റവും കൂടുതൽ അനായാസമായി ആശയവിനിമയം നടത്താൻ കഴിയുന്ന ഭാഷയാണ്. നമുക്കേറ്റവും കൂടുതൽ അനായാസമായി കാര്യങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന ഭാഷയാണ്. ആ അർത്ഥത്തിൽ മലയാള ഭാഷയ്ക്ക് അതിന്റേതായ പ്രസക്തിയും സൗന്ദര്യവും പ്രാധാന്യവുമുണ്ട്. അതിനെ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് ഈ നിയമത്തിലൂടെ സാധിക്കണം. പക്ഷെ അത് പറയുമ്പോഴും അതിന് പ്രായോഗികമായിട്ടുള്ള കർമ്മ പദ്ധതികളുണ്ടാകണം, ഒരു ഭാഷ എന്നുള്ള നിലയിൽ മലയാള ഭാഷയുടെ പദസമ്പത്ത് അനുയോജ്യമാംവണ്ണം വർദ്ധിപ്പിക്കാനുള്ള ഇടപെടലുണ്ടാകണം. ആധുനിക സാങ്കേതികവിദ്യകളുടെ കാലത്ത് ലോകം മാറുമ്പോൾ, ലോകത്തിന്റെ ആശയവിനിമയ സ്വഭാവം മാറുമ്പോൾ അതിനനുസൃതമായി മലയാളത്തെ അതിന് പാകപ്പെടുത്തിയെടുക്കാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. ആധുനിക ലോകത്ത് ആശയവിനിമയത്തിന്റെ ഉപാധികൾ മാറുകയാണ്. സാങ്കേതിക വിദ്യകൾ മാറുകയാണ്. ഇപ്പോൾ മലയാളത്തിൽ ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം നമുക്കുണ്ടാകേണ്ടതിനെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. മലയാളം കമ്പ്യൂട്ടിംഗ് എത്രത്തോളം സക്സസ്ഫുള്ളാണ്, എത്രത്തോളം മുന്നോട്ടുകൊണ്ടു

പോകേണ്ടതായിട്ടുണ്ട്, എന്നീ കാര്യങ്ങൾ നമ്മൾ ആലോചിക്കണം. മലയാളത്തിൽ വിക്കിപീഡിയ, എത്രത്തോളം വിഷയങ്ങൾ അതിലുൾക്കൊള്ളിച്ചിട്ടുണ്ട്. നമ്മൾ ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. ഇംഗ്ലീഷിലെ വിക്കിപീഡിയയിൽ ഉള്ളതിന്റെ ഒരു ശതമാനംപോലും ഉള്ളടക്കം ഒരുപക്ഷെ മലയാളം വിക്കിപീഡിയയിലില്ല. അത്തരത്തിലുള്ള കാര്യങ്ങളൊക്കെ വർദ്ധിപ്പിക്കുന്നതിനും മലയാളത്തെ കൂടുതൽ ആഗോളവൽക്കരിക്കുന്നതിനും വേണ്ടി എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകൾ ഈ നിയമത്തിന്റെ ഭാഗമായി ഉണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ മലയാള നിയമത്തെക്കുറിച്ച് വളരെ നല്ലൊരു ചർച്ചയാണ് ഇവിടെ നടന്നത്. വളരെ നാളുകൾക്കുടിയാണ് മലയാള ഭാഷയിൽനിന്ന് ഇത്രയും നല്ല പ്രസംഗം എനിക്ക് കേൾക്കാനുള്ള ഭാഗ്യം കിട്ടിയത്. ഈ ചർച്ചയിൽ പങ്കെടുത്ത ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. വി. റ്റി. ബൽറാം എന്നിവരെ അഭിനന്ദിക്കുന്നു. അതോടൊപ്പം ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും പല മെമ്പർമാരും ചോദ്യങ്ങളുമായി സജീവമായി ചർച്ചയിൽ

പങ്കെടുത്തു. അവരോടും ഈ ചർച്ച ഏറ്റവും സജീവമാക്കിയതിന് നന്ദി പറയുകയാണ്. മലയാള നിയമം, അത് മലയാളികളെല്ലാം ആഗ്രഹിച്ചത്, പ്രത്യേകിച്ച് നമ്മുടെ സാഹിത്യ നായകന്മാരും സാംസ്കാരിക നായകന്മാരും ഭാഷാ സ്നേഹികളുമെല്ലാം വളരെയധികം ആഗ്രഹിച്ച ഒരാവശ്യം, ഇവിടെ പറഞ്ഞതുപോലെ നമ്മളൊരിക്കലും ഭാഷാ ഭ്രാന്തിന്റെ പിറകെ പോയിട്ടില്ല. പക്ഷെ, മലയാളത്തിന്റെ കാര്യത്തിൽ നമ്മളെല്ലാം അഭിമാനിക്കുന്നവരാണ്. മലയാളികളെ കോർത്തിണക്കുന്ന രണ്ട് ഘടകങ്ങൾ മലയാളവും ഓണവുമാണ്. ഒരുപോലെ, ഒരു മനസ്സോടെ പ്രവർത്തിക്കുന്ന എല്ലാവരും മലയാളത്തിന്റെ ഭാഷയിൽ അഭിമാനം കൊള്ളുന്നവരാണ്. ദക്ഷിണേന്ത്യൻ ഭാഷകളിൽ എല്ലാത്തിനും ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിട്ടും മലയാളത്തിന് കിട്ടാത്തത് നമ്മളെയൊക്കെ നിരാശപ്പെടുത്തിയെന്ന് മാത്രമല്ല വേദനിപ്പിക്കുകയും ചെയ്തു. തമിഴ്, കന്നട, തെലുങ്ക് എന്നീ 3 ഭാഷകൾക്ക് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചപ്പോൾ മലയാളത്തിന് കിട്ടിയില്ല. അതിനുവേണ്ടി ശ്രമമാരംഭിച്ചപ്പോൾ മലയാള ഭാഷയുടെ പാരമ്പര്യത്തെക്കുറിച്ച് ചിലർക്ക് തർക്കംവന്ന് നമ്മുടെ അപേക്ഷ നിരാകരിച്ചു. നമ്മൾ കൂട്ടായി നടത്തിയ ശ്രമത്തിന്റെ ഫലമായി അന്നത്തെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് വീണ്ടും അക്കാര്യം സമിതി

പരിശോധിക്കാൻ പറഞ്ഞു. നമ്മുടെ വാദം കേൾക്കുകപോലും ചെയ്യാതെയാണ് അത് തള്ളിക്കളഞ്ഞത്. പിന്നീട് അതിന്റെ വിശദവിവരങ്ങൾ കൊടുക്കാൻ അവസരം കിട്ടി. ആ അവസരത്തിൽ അതിന്റെ എല്ലാ വിധത്തിലും യോഗ്യത തെളിയിക്കുന്ന കാര്യങ്ങൾ നമുക്ക് അവതരിപ്പിക്കാൻ സാധിക്കുകയും ശ്രേഷ്ഠഭാഷാ പദവി ലഭിക്കുകയും ചെയ്തു. നമ്മെളല്ലാം വളരെയധികം ആ കാര്യത്തിൽ അഭിമാനിക്കുകയാണ്. ഈ കഴിഞ്ഞ നാലര വർഷക്കാലത്തിനുള്ളിൽ, എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ മലയാള ഭാഷയ്ക്കുവേണ്ടി പലതും ചെയ്യാൻ സാധിച്ചു എന്നതിൽ അഭിമാനമുണ്ട്. മലയാളത്തെ ഒന്നാം ഭാഷയാക്കി. മലയാളം സർവ്വകലാശാലയ്ക്ക് രൂപം കൊടുത്തു, അത് ആരംഭിച്ചു, നല്ല നിലയിൽ അത് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ടുള്ള പ്രഖ്യാപനം വന്നിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു. പക്ഷെ ഇപ്പോഴും നമ്മുടെ സെക്രട്ടേറിയറ്റിൽ സർക്കുലറുകൾ ഇറക്കുമ്പോൾ മലയാള ഭാഷ ഉപയോഗിക്കുന്ന കാര്യത്തിലുള്ള കുറവുകൾ നിയമസഭയുടെ ഔദ്യോഗിക ഭാഷ സമിതിതന്നെ പലപ്പോഴും കണ്ടെത്തിയിട്ടുള്ള കാര്യമാണ്. അതിനുള്ള പരിഹാരങ്ങൾ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ എടുക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത് ശരിയാണ്. ഇക്കാര്യത്തിൽ നമുക്ക് പൂർണ്ണതയിലേയ്ക്ക് എത്താൻ സാധിച്ചിട്ടില്ലായെന്നത് സമ്മതിക്കുന്നു. പക്ഷെ ഇപ്പോൾ എല്ലാഭാഗത്തുനിന്നുമുള്ള സഹകരണത്തോടുകൂടി ഭരണഭാഷ പരമാവധി മലയാളമാക്കുന്നതിനുള്ള ഫലപ്രദമായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. കീഴ്ക്കോടതികളിൽ കോടതി ഭാഷ മലയാളമാക്കിയിരിക്കുന്നു. ഇക്കാര്യത്തിൽ ഓരോരോ പടികളായി നമ്മൾ മുമ്പോട്ട് പോവുകയാണ്. നമ്മൾ ഭാഷാ സ്നേഹികളാണ്. മലയാളം ഒന്നാം ഭാഷയായി നിർബന്ധിതമാക്കിയപ്പോൾ ഭാഷാ ന്യൂനപക്ഷങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിൽ അങ്ങേയറ്റത്തെ ജാഗ്രത കാണിച്ചു. കന്നടയും തമിഴും സംസാരിക്കുന്ന ഭാഷാ ന്യൂനപക്ഷങ്ങൾ കേരളത്തിലുണ്ട്. അവർക്ക് ഒരു വിധത്തിലും ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കണമെന്നതിൽ പ്രത്യേക ശ്രദ്ധയുണ്ട്. ചില പോരായ്മകളൊക്കെ ഉണ്ടെന്നും അത് തിരുത്തണമെന്നും ഇവിടെ നിർദ്ദേശങ്ങൾ വന്നു. സബ്ജക്ട് കമ്മിറ്റിയിൽ വരുമ്പോൾ നിശ്ചയമായും അത്തരം നിർദ്ദേശങ്ങളോട് പോസിറ്റീവായിട്ടായിരിക്കും പ്രതികരിക്കുന്നത്. ഈ നിയമത്തിൽ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്ന് എഴുതിയിട്ടുണ്ട്. അതിന്റെ ആവശ്യമില്ല. അങ്ങനെയൊരു തെറ്റ് ഇതിൽ കടന്നുകൂടിയിട്ടുണ്ട്. ഇന്നുള്ള ബില്ലിന്റെ പേര് മാറ്റി ക്രമീകരിച്ചാൽ

മതിയാകും. അങ്ങനെയുള്ള കാര്യങ്ങൾ മാറ്റാൻ ഗവൺമെന്റുതന്നെ മുൻകൈ എടുക്കും. അതിനുപുറമെ മെമ്പർമാർ മുന്നോട്ടുവയ്ക്കുന്ന പ്രായോഗികമായിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിക്കും എന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പുരുഷൻ കടലുണ്ടി, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2015-ലെ കേരള മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

(ശ്രീ. കെ. സി. ജോസഫ്): സർ, 2015-16-ൽ ഈ നിയമസഭയിൽ ബഹുമാന്യനായ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ 46- ാം ഖണ്ഡികയിൽ " വിസ തട്ടിപ്പും പ്രവാസി കേരളീയരുടെ ജീവനും സ്വത്തിനും എതിരെയുള്ള ക്രിമിനൽ കുറ്റകൃത്യങ്ങളും ഇന്ന് വളരെ ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അത്തരം കേസുകൾ മാത്രമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിന് ഒരു എൻ.ആർ.ഐ. കമ്മീഷൻ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികൾ മുഖേന വിവിധ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുവാൻ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. " എന്നു പറഞ്ഞിട്ടുണ്ട്. ഇതോടനുബന്ധിച്ചാണ് ഇന്നിവിടെ എൻ.ആർ.ഐ. കമ്മീഷന്റെ ബിൽ അവതരിപ്പിക്കുന്നത്. കഴിഞ്ഞ ദിവസം ഈ സഭയിൽ നടന്ന പ്രവാസി ക്ഷേമനിധിയുമായി ബന്ധപ്പെട്ട ചർച്ചകളിൽ ബഹുമാന്യരായ മെമ്പർമാർ പ്രവാസി മേഖലയിലെ ഗൗരവതരമായ പ്രശ്നങ്ങൾ വിശദമായി സംസാരിക്കുകയുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. നമ്മുടെ പ്രവാസികൾക്ക് ഗൾഫ് രാജ്യങ്ങളിലുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പരാജയപ്പെടുമ്പോൾ, അവർക്ക് നാട്ടിൽപോലും സംരക്ഷണമില്ലായെന്നതാണ് അവരുടെ പരാതി. കേരളത്തിന് പുറത്ത് കഴിയുന്ന

മലയാളികളെ സംബന്ധിച്ചിടത്തോളം അവരുടെ നാട്ടിലെ വസ്തുവകകൾപോലും സംരക്ഷിക്കപ്പെടുന്നില്ല. നാട്ടിലുള്ള വന്ദ്യവയോധികരായ അവരുടെ മാതാപിതാക്കളെപ്പോലും പീഡിപ്പിക്കുന്ന നയമാണ് ഇവിടെ കണ്ടുവരുന്നത്. പ്രവാസികളുടെ നാട്ടിലെ സ്വത്തുക്കൾ ബന്ധുക്കൾപോലും കയ്യടക്കുന്ന പ്രവണത ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. നമ്മുടെ നാടിന് വിദേശ നാണ്യം നേടിത്തരുന്ന പ്രവാസികൾക്ക് അവരുടെ നാട്ടിൽപോലും സംരക്ഷണമില്ലായെന്നതും നാട്ടിൽത്തന്നെ അവരെ ചൂഷണം ചെയ്യുന്നുവെന്നതും വളരെ ഗൗരവമേറിയ വിഷയമാണ്. സാധാരണഗതിയിൽ, പ്രവാസികൾ ഒരുമാസത്തെ അവധിക്കായിരിക്കും നാട്ടിൽ വരുന്നത്. ഒരു മാസത്തെ അവധിയിൽ വരുന്നവർക്ക് ഇവിടെ വളരെയേറെ കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ടാകും. അപ്പോൾ ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ടായാൽ അത് പരിഹരിക്കാൻ സാധിക്കണമെന്നില്ല. ആ സാഹചര്യത്തിലാണ് കഴിഞ്ഞതവണ നടന്ന എൻ.ആർ.ഐ ആഗോള സംഗമത്തിൽ ഇക്കാര്യം ഉന്നയിക്കപ്പെട്ടത്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള നടപടികൾ വളരെ വൈകുന്നതുകൊണ്ട് പ്രവാസികളുടെ പരാതികൾ പരിഹരിക്കാൻവേണ്ടി ഒരു സംവിധാനമുണ്ടാക്കുമെന്ന് അവിടെവച്ച് ഞാനും ബഹുമാന്യരായ മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും പറയുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പഞ്ചാബിൽ ഇതുപോലൊരു കമ്മീഷൻ നിലവിലുണ്ട്. പഞ്ചാബിലെ എൻ.ആർ.ഐ.കളുടെ, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളായ അമേരിക്ക, കാനഡ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ താമസിക്കുന്നവരുടെ പ്രശ്നങ്ങൾ ഏറ്റവും ഫലപ്രദമായി കൈകാര്യം ചെയ്യാൻ ആ കമ്മീഷന് കഴിയുന്നുണ്ടെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഇന്ത്യയിൽ പഞ്ചാബിലാണ് എൻ.ആർ.ഐ.കളുടെ പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഒരു കമ്മീഷനെ നിയമിച്ചിട്ടുള്ളത്. ആ നിയമത്തിന്റെ ചുവടുപിടിച്ചാണ് ഇവിടെയും ഈ ബിൽ അവതരിപ്പിക്കുന്നത്. ഇന്നുണ്ടാകുന്ന ധാരാളം പരാതികളിൽ ഒന്നാണ് റിക്രൂട്ട്മെന്റ് തട്ടിപ്പ്. ഈ ചൂഷണത്തിനെല്ലാം വഴിവയ്ക്കുന്നത് മലയാളികളാണ്. റിക്രൂട്ട്മെന്റ് കമ്പനികളും ഇവിടെയുള്ള മാഫിയ സംഘവും മലയാളികളാണ്. മലയാളികൾതന്നെയാണ് പ്രവാസികളെ പീഡിപ്പിക്കുന്നത്. ആളുകളിൽനിന്നും വൻതുക വാങ്ങി ഗൾഫിലേയ്ക്ക് ജോലിക്ക് കൊണ്ടുപോകുന്നു. എന്നാൽ അവിടെ ചെന്നാൽ ജോലി കിട്ടുന്നില്ല, അല്ലെങ്കിൽ

ആറുമാസം ജോലി ചെയ്തിട്ട് നാട്ടിലേയ്ക്ക് മടങ്ങിപ്പോരേണ്ടിവരുന്നു, അതുമല്ലെങ്കിൽ വേതനം ലഭിക്കുന്നില്ല. ഇതൊക്കെ നിർഭാഗ്യകരമായ സംഭവങ്ങളാണ്. അത്തരം ചൂഷണം അവസാനിപ്പിക്കാൻ സാധിക്കണം. റിക്രൂട്ട്മെന്റിന്റെ കാര്യത്തിലും അതുപോലെ മലയാളികളുടെ വസ്തുവകകളുടെ സംരക്ഷണത്തിന്റെ കാര്യത്തിലുമുള്ള ചൂഷണത്തിന് അറുതി വരുത്തണം. അതിന് സഹായകരമായ ബില്ലാണ് അവതരിപ്പിക്കുന്നത്. ഇവിടെയുണ്ടാകുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റംവരുത്തി ബിൽ സമ്പൂർണ്ണമാക്കാൻ ഈ സഭയിലെ എല്ലാവരുടെയും സഹകരണം അപേക്ഷിക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു:സർ, 2015 ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നോർക്കവകുപ്പിന്റെ ചുമതലയുള്ള ബഹുമാന്യനായ മന്ത്രി കേരളത്തിലെ പ്രവാസികളെ മുൻനിർത്തി വളരെയേറെ താത്പര്യത്തോടുകൂടിയാണ് ഇത്തരത്തിലൊരു കമ്മീഷൻ രൂപപ്പെടുത്തുന്നതിനുള്ള ബിൽ അവതരിപ്പിക്കുന്നതെന്ന് ഞാൻ കരുതുകയാണ്. മാതൃഭാഷയോട് നമുക്ക് ഏത് വിധത്തിലാണോ കടപ്പാടും ബാധ്യതയുമുള്ളത് അതുപോലെതന്നെയാണ് പ്രവാസി

മലയാളികളുടെ കാര്യത്തിലും നമുക്കുള്ളത്. ഒരുപക്ഷെ ഈ സംസ്ഥാനം നാം ഇന്ന് ജീവിക്കുന്ന വിധത്തിലാക്കിത്തീർക്കുന്നതിന് നമ്മുടെ പ്രവാസികളായ സഹോദരങ്ങളുടെ കണ്ണീരും വിയർപ്പുമാണ് കാരണമായിട്ടുള്ളതെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല. ജീവിതത്തിലെ നല്ലകാലം മുഴുവനും വിദേശത്ത് തൊഴിലെടുത്തതിനുശേഷം സ്വന്തം കുടുംബാംഗങ്ങളോടൊപ്പം വാർദ്ധക്യം ചെലവഴിക്കാൻ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് പലപ്പോഴും അനുഭവിക്കേണ്ടി വരുന്നത് വളരെ തിക്തമായ കാര്യങ്ങളാണ്. പ്രവാസികളെക്കുറിച്ച് പറയുമ്പോൾ പൊതുവേ സമ്പന്നരായ പ്രവാസികളാണ് പലപ്പോഴും മനസ്സിൽ വരിക. പണ്ട് സിംഗപ്പൂരിലോ മലേഷ്യയിലോ അല്ലെങ്കിൽ ഗൾഫ് നാടുകളിലോ ബ്രിട്ടനിലോ അമേരിക്കയിലോ പോയി കോടിക്കണക്കിന് സമ്പാദ്യവുമായി തിരിച്ചുവന്ന ചുരുക്കം ആളുകളുടെ മണിമന്ദിരങ്ങളും അവരുടെ വിലപിടിപ്പുള്ള കാറുകളും ജീവിതസാഹചര്യവുമാണ് ഒരു ശരാശരി മലയാളിക്ക് പ്രവാസിയെന്ന് കേൾക്കുമ്പോൾ പെട്ടന്ന് മനസ്സിൽ തോന്നുക. എന്നാൽ കേരളത്തിലെ സഹോദരങ്ങൾ, ജനിച്ച മണ്ണിൽ സ്വന്തം അച്ഛനമ്മമാരോടും മക്കളോടുമൊപ്പം ജീവിച്ചുകൊണ്ട് അവരെ സംരക്ഷിക്കാൻ സാധിക്കില്ലെന്ന കാരണത്താൽ ....

ശ്രീ. എ. എം. ആരിഫ്: സർ, പ്രവാസിയുടെ ഒരു മുഖത്തെക്കുറിച്ച് മാത്രമേ

നമുക്കറിയൂ. പ്രവാസിയുടെ മറ്റൊരു മുഖത്തെക്കുറിച്ച്, ഒരു പ്രവാസി അയാളുടെ അനുഭവക്കുറിപ്പെഴുതിയത് ഞാൻ വായിക്കാം. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയില്ല. ഫെയ്സ് ബുക്കിൽ വന്നതാണ്. “ വീട്ടുകാർക്ക് അഹങ്കരിക്കാനും നാട്ടുകാർക്ക് അസൂയപ്പെടാനും ഭാര്യയ്ക്ക് നെടുവീർപ്പിടാനും മക്കൾക്ക് അടിച്ചുപൊളിക്കാനും തൊഴിലുടമയ്ക്ക് തെറിവിളിക്കാനും മൂട്ടകൾക്ക് ചോര കുടിക്കാനും വിമാനക്കമ്പനിക്ക് നഷ്ടം നികത്താനും മരുന്ന് കമ്പനിക്ക് കരകയറാനും ഒരു ജന്മം, അതാണ് പ്രവാസി" എന്ന് അടുത്ത കാലത്ത് വന്ന ഒരു പ്രവാസിയുടെ അനുഭവക്കുറിപ്പ് അങ്ങ് വായിച്ചുകാണുമല്ലോ.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, നല്ല ഒന്നാന്തരമൊരു വാങ്മയ ചിത്രം തന്നെയാണ് ശ്രീ. എ. എം. ആരിഫ് ഇവിടെ വരച്ചുകാട്ടിയത്. അക്ഷരാർത്ഥത്തിൽ പ്രവാസിജീവിതം എന്താണെന്ന് പ്രതിപാദിക്കുന്ന ഒരുപാട് ലേഖനങ്ങളും കഥകളും കവിതകളും 'ആടുജീവിതം' പോലെയുള്ള നോവലുമൊക്കെ വന്നിട്ടുണ്ട്. നോർക്ക രൂപീകരിച്ചുകൊണ്ട് 1996 മുതൽ ഗവൺമെന്റ് നടത്തുന്ന നല്ല ശ്രമങ്ങൾ വലിയ ഒരളവോളം ഇത്തരം കാര്യങ്ങൾ ജനങ്ങളുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും പരിഹരിക്കുന്നതിനുള്ള ഇടപെടലുണ്ടാകുന്നതിനും കാരണമായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആഗോള പ്രവാസി

സമ്മേളനത്തിന്റെ തുടർച്ചയെന്നോണം ഇങ്ങനെയൊരു കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചതും സ്വാഗതാർഹം തന്നെയാണ്. ഈ ബിൽ കൊണ്ടുവരുന്നതിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് പ്രവാസികൾക്ക് അക്ഷരാർത്ഥത്തിൽ പ്രയോജനം സിദ്ധിക്കണമെന്ന് തന്നെയാണെന്ന് ഞാൻ കരുതുകയാണ്. അവർക്ക് ആത്മാർത്ഥമായ പ്രയോജനം ലഭിക്കണമെങ്കിൽ ഈ ബില്ലിൽ വലിയ മാറ്റം വരുത്തേണ്ടതുണ്ടെന്ന് വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പഞ്ചാബിൽ സമാനമായ ഒരു കമ്മീഷൻ ഉണ്ടെന്നും ആ കമ്മീഷൻ വളരെ ഫലപ്രദമായി അവിടുത്തെ പ്രവാസികളുടെ കാര്യത്തിലിടപെടുകയും അതുമൂലം വളരെയേറെ ഗുണം അവർക്ക് ലഭിക്കുന്നുണ്ടെന്നും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഇതിൽ ഇടപെട്ടുകൊണ്ട് പറയുകയുണ്ടായി. പൈലറ്റ് ചെയ്തിരിക്കുന്ന ഈ ബില്ലിന്റെ ഉള്ളടക്കവും പഞ്ചാബിൽ നിലവിലുള്ള കമ്മീഷന്റെ പ്രവർത്തനവും താരതമ്യപ്പെടുത്തിയാണോ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഇത്തരമൊരു അഭിപ്രായം പ്രകടിപ്പിച്ചതെന്ന് എനിക്ക് സംശയമുണ്ട്. കാരണം ഈ ബിൽ പാസ്സായി ഒരു കമ്മീഷൻ നിലവിൽ വന്നാൽ അതുകൊണ്ട് ലഭിക്കാനിടയുള്ള നേട്ടത്തെക്കുറിച്ച് ബഹുമാന്യനായ നോർക്ക വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. പക്ഷെ അങ്ങനെയൊരു നേട്ടമുണ്ടാക്കാൻ സാധിക്കുന്ന കമ്മീഷനാണോ

ഇതെന്നുള്ളത് അങ്ങ് ഗൗരവപൂർവ്വം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മലയാളികളെ സംബന്ധിച്ച് നൂറ് വീടെടുത്താൽ......

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, ഈ കമ്മീഷൻ ക്വാസി ജുഡീഷ്യൽ ബോഡിയാണ്. ഇതിന്റെ തീരുമാനങ്ങൾ ബയന്റിംഗാണ്. ഉദാഹരണത്തിന്, അമേരിക്കയിലുള്ള ഒരാളിന് നാട്ടിൽ ഒരു പ്രശ്നമുണ്ട്. എന്നാൽ അയാൾക്ക് ഇവിടെ വരാൻ കഴിയില്ല. അപ്പോൾ ഒരു പെറ്റീഷൻ ഇന്റർനെറ്റ് വഴി അയച്ചാൽ -ഇപ്പോൾ വെബ് ക്യാമറാ സിസ്റ്റം നിലവിലുണ്ട്- അയാൾക്ക് കമ്മീഷനോട് നേരിട്ട് സംസാരിക്കാനും അയാളുടെ പ്രശ്നങ്ങൾ പ്രസന്റ് ചെയ്യാനും കഴിയണം. നോർക്കവഴി പരിഹരിക്കേണ്ടത് ആ രീതിയിൽ പരിഹരിക്കണം. കമ്മീഷൻകൊണ്ട് ഉദ്ദേശിക്കുന്നത് അവരുടെ പ്രശ്നങ്ങൾ അവർ ഇവിടെ വരാതെതന്നെ പരിഹരിക്കത്തക്ക സംവിധാനം ഉണ്ടാവുകയെന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. പഞ്ചാബിൽത്തന്നെ സമയബന്ധിതമായാണ് പെറ്റീഷനുകൾ പരിഹരിക്കുന്നത്. ഇന്ത്യയിൽ ആദ്യമായി ഇത്തരമൊരു കമ്മീഷനുണ്ടായത് പഞ്ചാബിലാണ്. പഞ്ചാബ് കമ്മീഷന്റെ എഫക്ടീവ്നെസ്സ് കണ്ടുകൊണ്ടാണ് പ്രവാസി സമ്മേളനത്തിൽവച്ച് ഇങ്ങനെയൊരു അഭിപ്രായം ഉയർന്നുവന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു

ബിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയെ അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. അതിന്റെ പ്രയോജനം കിട്ടുമെന്നാണ് നമ്മുടെ വിശ്വാസം.

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ പറഞ്ഞുവരുമ്പോൾ എല്ലാവർക്കും അത് ബോദ്ധ്യമാകും. 100 മലയാളി കുടുംബങ്ങൾ എടുത്താൽ അതിൽ 30 കുടുംബങ്ങൾക്കും പ്രവാസി ബന്ധമുണ്ട്. ഒന്നുകിൽ ആ കുടുംബത്തിലെ അംഗം നേരിട്ട് വിദേശത്ത് ജോലി ചെയ്യുന്ന അല്ലെങ്കിൽ അവരെ ആശ്രയിച്ച് ജീവിക്കുന്നു. 50 ലക്ഷത്തിലധികം ആളുകൾ പ്രത്യക്ഷവും പരോക്ഷവുമായി പ്രവാസികളുടെ വരുമാനത്തെയാണ് ആശ്രയിക്കുന്നത്. ആഗോള സാമ്പത്തിക തകർച്ചയുണ്ടായ ഘട്ടത്തിൽ കേരളത്തിൽനിന്നും വിദേശത്തുപോയ സഹോദരങ്ങൾ വലിയ പ്രയാസം അവിടെ അനുഭവിച്ചു. ലോകമാകെ നേരിട്ട സാമ്പത്തിക പ്രതിസന്ധി കേരളത്തിൽ ഒരല്പം പോലും അനുഭവപ്പെട്ടില്ല എങ്കിൽ അതിന് പൂർണ്ണമായും നാം കടപ്പെട്ടിരിക്കുന്നത് പ്രവാസികളോടാണ്. അവർ വലിയ തോതിൽ കഷ്ടപ്പാടും ഞെരുക്കവും അനുഭവിച്ച് ചെയ്തുവന്ന ജോലി കൂടുതൽ ഭാരത്തോടുകൂടി അതിന്റെ കാൽഭാഗം വേതനത്തിനുവേണ്ടി വീണ്ടും ചെയ്യുകയാണ്. ഇന്ന് ഒരു തൊഴിലാളിക്ക് ഗൾഫ് രാജ്യങ്ങളിൽ ലഭിക്കുന്നത് ശരാശരി 17000 രൂപയ്ക്ക് തുല്യമായ

വിദേശനാണ്യമാണ്. ഈ തുകയ്ക്ക് ജോലി ചെയ്യാൻ എന്തുകൊണ്ടാണ് അവിടെ പോകുന്നത്? 500 രൂപയ്ക്ക് ദിവസക്കൂലിയിൽ ഇവിടെ ജോലി ചെയ്യാൻ അവസരമുള്ള ആളുകൾ, അല്ലെങ്കിൽ 700-1000 രൂപയ്ക്ക് ദിവസക്കൂലിക്ക് ജോലി ചെയ്യാൻ കഴിയുന്നവർ എന്തുകൊണ്ടാണ് 17000-20000 രൂപയ്ക്ക് വിദേശത്ത് പോയി തൊഴിലെടുക്കുന്നതെന്ന് പരിശോധിക്കണം. വളരെ കൃത്യമായി പരിശോധിച്ചാൽ നമ്മുടെ സാമൂഹ്യജീവിതത്തിന്റെ ഒരു ഉയർച്ചയുണ്ട്. ആ സാഹചര്യത്തിനനുസരിച്ച് ഇവിടെ ജീവിക്കാൻ ഒരു മലയാളിക്ക് ദിവസം 1000 രൂപ കിട്ടിയാൽ സാധിക്കില്ല. എന്നാൽ വിദേശത്ത് പോയി അതിന്റെ പകുതി തുക കിട്ടിയാൽ അവൻ ജീവിക്കാതെ ബാക്കി വയ്ക്കുകയാണ്. ജീവിക്കാതെ എന്നു പറഞ്ഞാൽ, അക്ഷരാർത്ഥത്തിൽ പ്രവാസി മലയാളികളിൽ 58%-ത്തോളം വരുന്ന സാധാരണ തൊഴിലാളികൾ, അന്യസംസ്ഥാനത്ത് നിന്നും കേരളത്തിൽവന്ന് തൊഴിലെടുക്കുന്ന ആളുകളേക്കാൾ പരിതാപകരമായ അന്തരീക്ഷത്തിൽ അവിടെ പോയി തൊഴിലെടുത്ത് മിച്ചം വയ്ക്കുന്ന ചില്ലിക്കാശാണ് നമുക്കയച്ചുതന്ന് നമ്മളെ ഇത്ര സുഖലോലുപരാക്കുന്നത് എന്ന കാര്യം മറക്കരുത്. തീർച്ചയായും ആ പ്രവാസികളെ സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ ഈ താല്പര്യം അങ്ങേയറ്റം ഗൗരവപൂർവ്വം കാണാൻ ജനങ്ങൾ തയ്യാറാകും, പ്രവാസികൾ തയ്യാറാകും. പക്ഷെ ഈ പദ്ധതികളെല്ലാം

നമ്മൾ ആവിഷ്ക്കരിക്കുമ്പോൾ അതുകൊണ്ട് പ്രയോജനം സിദ്ധിക്കുന്നുണ്ടോ എന്നുകൂടി പരിശോധിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ ബില്ലിലെ വകുപ്പ് 10-ന്റെ ( 2) -ാം ഉപവകുപ്പിൽ, "കമ്മീഷൻ മുമ്പാകെയുള്ള ഏതൊരു നടപടിയും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥവ്യാപ്തിയിൽപ്പെടുന്ന ജുഡീഷ്യൽ നടപടിയായി കരുതേണ്ടതും, കമ്മീഷൻ, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്ട്) 195-ാം വകുപ്പിന്റെ ഉദ്ദേശ്യത്തിലേയ്ക്കായി ഒരു കോടതിയായി കരുതപ്പെടേണ്ടതുമാണ്" എന്ന് പറഞ്ഞിട്ടുണ്ട്. ഇത് ജുഡീഷ്യൽ അധികാരമുള്ള ഒരു കോടതിയാണ്, സാധാരണ പോലുള്ള സമിതിയല്ല. കോടതിയുടെ എല്ലാ അധികാരവും കമ്മീഷന് കൊടുത്തിട്ടുണ്ട്. കൂടാതെ വകുപ്പ് 10(3)-ൽ "9-ാം വകുപ്പിൻ കീഴിൽ അന്വേഷണം നടത്തുമ്പോൾ, കമ്മീഷൻ എല്ലാ കക്ഷികൾക്കും സ്വമേധയായോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ പ്രതിനിധി മുഖേനയോ അവരുടെ അഭിപ്രായം അവതരിപ്പിക്കുവാൻ അവസരം നൽകേണ്ടതാണ്" എന്നും പറയുന്നുണ്ട്. അതായത് പ്രവാസികൾക്ക് ഇവിടെ വരാതെ ആളുകളെ

ച്ചമതലപ്പെടുത്താൻ സാധിക്കും. കമ്മീഷന് കോടതിയുടെ അധികാരമുള്ളതുകൊണ്ട് തീരുമാനങ്ങൾക്ക് വലിയ സാംഗത്യമുണ്ട്, നിയമപ്രാബല്യവുമുണ്ട്.

ശ്രീ. ജെയിംസ് മാത്യു: ഞാൻ അവസാനം പറയാൻ ഉദ്ദേശിച്ച കാര്യങ്ങൾ ബഹുമാന്യരായ രണ്ട് മന്ത്രിമാരും ഇടപെട്ട് പറഞ്ഞ സ്ഥിതിക്ക് ആദ്യം തന്നെ പറഞ്ഞുപോകുന്നതായിരിക്കും നല്ലതെന്നാണ് കരുതുന്നത്. കാരണം, പഞ്ചാബിലെ കമ്മീഷന്റെ തീരുമാനമെന്നത് ബൈൻഡിംഗാണെങ്കിൽ നമ്മുടെ കമ്മീഷന്റെ തീരുമാനം ബൈൻഡിംഗ് അല്ലെന്നുമാത്രമല്ല എൻഫോഴ്സ് ചെയ്യാൻ ഒരു അതോറിറ്റിയുമില്ല, അടിസ്ഥാനപരമായ പ്രശ്നമതാണ്. ബഹുമാനപ്പെട്ട മന്ത്രി വായിച്ച രണ്ട് ഉപ വകുപ്പുകളും ഞാൻ വായിച്ചു. അതിനുശേഷം ഒരു ഉപവകുപ്പ് കൂടിയുണ്ട്. ഉപവകുപ്പ് (4) ഞാൻ വായിക്കാം. "ഈ ആക്ടിൻ കീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലേയും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശിപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്." കോടതി ക്വാസി ജുഡീഷ്യൽ അല്ല. ഈ കമ്മീഷൻ ക്വാസി ജുഡീഷ്യൽ ആണ്, കോടതിയുടെ അധികാരങ്ങൾ ഇതിനില്ല. അങ്ങനെയുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കരുത്. നേരെമറിച്ച് കൺസ്യൂമർ കോടതി, എം.എ.സി.ടി. (മോട്ടോർ ആക്സിഡന്റ് ക്ലെയിം

ട്രൈബ്യൂണൽ), ഫാമിലി കോടതി ഇവയൊക്കെ ജുഡീഷ്യലാണ്, എൻഫോഴ്സ് ചെയ്യാനുള്ള അവകാശമുണ്ട്. ന്യൂനപക്ഷ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും പോലെ ശിപാർശ ചെയ്യാനുള്ള അവകാശത്തിനപ്പുറം യാതൊരു അധികാരവുമില്ലാത്ത ഒരു കമ്മീഷനാണിതെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തിരിച്ചറിഞ്ഞിട്ടുണ്ടോ; ഈ ബിൽ പൈലറ്റ് ചെയ്യുന്ന നോർക്ക വകുപ്പുമന്ത്രി തിരിച്ചറിഞ്ഞിട്ടുണ്ടോ? സത്യത്തിൽ അവർ രണ്ടുപേരും ഇങ്ങനെ ഒരു ബില്ലാണ് ഉദ്ദേശിച്ചതെന്ന് ഞാൻ ഒരിക്കലും കരുതുന്നില്ല.

വിദേശത്തുള്ളയാൾ നേരിട്ട് വരാതെ ഓൺലൈനായോ വീഡിയോ കോൺഫറൻസിംഗിലൂടെയോ പരാതിപ്പെടും. അവർ നേരിട്ട് വരുന്നില്ല, വരേണ്ടതില്ല. ഇവിടെ ബഹുമാന്യനായ നോർക്ക വകുപ്പുമന്ത്രി പറഞ്ഞ 1860-ലെയും 1908-ലെയുമെല്ലാം ആക്ടിനെക്കുറിച്ച് പരാമർശിക്കുന്നത് എവിഡൻസുമായി ബന്ധപ്പെട്ട കാര്യമാണ്. അത് അതിന്റെ മുമ്പിൽ പരാമർശിച്ചിട്ടുണ്ട് - ഒരു സിവിൽ കോടതിയുടെ അധികാര അവകാശത്തോടു കൂടി ഒരാളെ സമൺ ചെയ്യാം, തെളിവ് ശേഖരിക്കാം, റിപ്പോർട്ട് വാങ്ങാം, വിവിധ ഡോക്യുമെന്റുകൾ പ്രസന്റ് ചെയ്യിപ്പിക്കാം. ഇതിനെല്ലാം ഒരു കോടതിക്കുതുല്യമായ അധികാരമുണ്ട്. അക്കാര്യത്തിൽ സിവിൽ കോടതിയുടെ അവകാശം തന്നെയാണ് ഇവിടെയും ബാധകമാകുന്നത് എന്ന്

പറഞ്ഞിട്ടുണ്ട്. പക്ഷേ അതിന്റെ അവസാനത്തിൽ എന്താണ് പറയുന്നത്? ആളുകൾ പരാതി തന്നാൽ വളരെ കൃത്യമായി ജുഡീഷ്യൽ പ്രൊസീഡ്യുവർ അനുസരിച്ചുതന്നെ കാര്യങ്ങളെല്ലാം നടത്തി അവസാനം കോടതിയുടെ വിധി വരുന്നതെന്താണ്? ബന്ധപ്പെട്ട കക്ഷികൾ ഇക്കാര്യങ്ങൾ പൊരുത്തപ്പെട്ടു തീർക്കണം അല്ലെങ്കിൽ ഗവൺമെന്റിലേയ്ക്ക് ശിപാർശ ചെയ്യാമെന്നാണ്. അതല്ലാതെ എന്ത് അധികാരമാണ് കമ്മീഷന് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളത്? ഞാൻ കൃത്യമായി ആ വരികൾ ഒന്നുകൂടി വായിക്കുകയാണ് - "ഈ ആക്ടിൻ കീഴിൽ നടത്തിയ ഏതൊരു അന്വേഷണത്തിലെയും കമ്മീഷന്റെ തീരുമാനങ്ങൾ അതിന്റെ ശിപാർശയോടുകൂടി ഉചിതമായ നടപടിക്കോ അല്ലെങ്കിൽ തർക്കത്തിലേർപ്പെട്ട കക്ഷികൾക്ക് പരിഹാരത്തിനായോ സർക്കാരിലേയ്ക്ക് നൽകേണ്ടതാണ്." നമ്മുടെ പാവപ്പെട്ട പ്രവാസികളോട് ഇങ്ങനെയൊരു ക്രൂരത ചെയ്യാമോ; കോടിക്കണക്കിന് വരുന്ന പാവപ്പെട്ട പ്രവാസികൾ ഈ ദിവസം എന്താണ് പ്രതീക്ഷിക്കുന്നുണ്ടാകുക? ക്വാസി ജുഡീഷ്യൽ അവകാശത്തോടു കൂടിയ ഒരു കമ്മീഷൻ വരുന്നു. അതോടുകൂടി രണ്ടു കൊല്ലത്തേയ്ക്ക് വിദേശത്തേയ്ക്ക് പോയ ആളുടെ കുടുംബത്തിൽ ആറു മാസം തികയുന്നതിനുമുമ്പ് പ്രയാസമുണ്ടാകുന്നു. ആ പ്രയാസം പരിഹരിക്കുന്നതിനുവേണ്ടി രണ്ടു വർഷത്തേയ്ക്കു പോയ ആൾ തിരിച്ചുവന്നാൽ അവിടെ 2 ലക്ഷം രൂപ മുതൽ 4

ലക്ഷം രൂപ വരെ തുക അടയ്ക്കണം, വരാൻ പറ്റില്ല. ഒരു ദിവസത്തേയ്ക്ക് വന്നാൽ പോരല്ലോ. ഇവിടെ സിവിൽ കേസ് നടത്തണ്ടേ? അവരെ സംബന്ധിച്ച് വലിയ പ്രതീക്ഷയാണ് ഈ കമ്മീഷൻ കൊണ്ട് അവർ ഉദ്ദേശിച്ചിട്ടുണ്ടാകുക. പക്ഷേ ഗവൺമെന്റ് ഇത്തരം ഒരു ബിൽ കൊണ്ടുവരുമ്പോൾ മിനിമം കൺസ്യൂമർ കോടതിയുടെയോ ഫാമിലി കോടതിയുടെയോ സ്റ്റാറ്റസെങ്കിലും കൊടുക്കണമായിരുന്നു. ഈ കമ്മീഷന് അതില്ല. സംസ്ഥാനത്തിന്റെ ആകെ വരുമാനത്തെത്തന്നെ നിർണ്ണായകമായ രീതിയിൽ സ്വാധീനിക്കുന്ന തോതിലുള്ള തുകയാണ് പ്രവാസികൾ തരുന്നത്. 80,000 രൂപമുതൽ ഒരു ലക്ഷം കോടി രൂപ വരെയാണ് നിയമവിധേയമായി അവർ അയയ്ക്കുന്നത്. ഇതിന്റെ 300 മുതൽ 400 ഇരട്ടിവരെയാണ് കുഴൽപ്പണമായി വരുന്നത്. പാവപ്പെട്ട തൊഴിലാളിയുടെ തൊഴിൽ സ്ഥലത്തുപോയി അവന്റെ കാശ് വാങ്ങുകയും എന്നാൽ വാങ്ങുന്നതിനു മുമ്പ് നാട്ടിലുള്ള അവരുടെ വീട്ടിൽ എത്തിച്ചുകൊടുക്കുകയാണ്. അത്ര വിശ്വസ്തതയോടെ ചെയ്യുന്ന പണമിടപാടാണ് നമ്മൾ കുഴൽപ്പണം എന്നുപറയുന്ന ഹവാല. വൻകിടക്കാർ കോടാനുകോടി രൂപ ഇപ്രകാരം കൊണ്ടുപോകുന്നു, അതേ പേരാണ് പാവപ്പെട്ട തൊഴിലാളികൾ ഇത്തരത്തിൽ നാട്ടിലേയ്ക്ക് പണമയക്കുന്നതിനും പറയുന്നത്. പ്രവാസി മലയാളികൾ ഈ ദിവസത്തെ നോക്കിക്കാണുക അവരുടെ

ജീവിതത്തിലെ ഒരു വലിയ പ്രതീക്ഷ പൂവണിയുന്ന ദിവസമായിട്ടാണ്. ഈ ബിൽ പൈലറ്റ് ചെയ്യുന്ന ഘട്ടത്തിൽ ഇതിന്റെ ഭേദഗതി അവതരിപ്പിക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ, ഈ ബില്ലിനെ എതിർക്കാൻ സാധിക്കുമോയെന്ന് പലവട്ടം ആലോചിച്ചതാണ്. ഈ ബില്ലിനെ എതിർത്തുകൊണ്ട് പ്രതിപക്ഷത്തിരിക്കുന്ന ഒരാൾ സംസാരിക്കുന്നു എന്നു പറഞ്ഞാൽ....., ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പോലും ഈ ബില്ലിനെ എങ്ങനെയാണ് കണക്കിലെടുത്തിട്ടുള്ളത്? അദ്ദേഹം ഇങ്ങനെയാണ് കണക്കിലെടുത്തിട്ടുള്ളതെങ്കിൽ, പ്രവാസി മലയാളി ഈ ബില്ലിനെ എങ്ങനെയായിരിക്കും കണക്കിലെടുത്തിട്ടുണ്ടാവുക? 2015-ൽ വരുന്ന കേരള പ്രവാസി കമ്മീഷൻ ബിൽ പഞ്ചാബിലെ ബില്ലിനെക്കാൾ ഒരുപടി കൂടി തങ്ങളെ സംരക്ഷിക്കുന്നതായിരിക്കുമെന്നാണ് അവർ പ്രതീക്ഷിക്കുക. പഞ്ചാബിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ; ആഗോള പ്രവാസി സമ്മേളനത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു പുതിയ കമ്മീഷനെയാണ് അവർ പ്രതീക്ഷിക്കുന്നത്. പക്ഷേ ആ കമ്മീഷന് ഒരു അധികാരവുമില്ല. നമുക്ക് ന്യൂനപക്ഷ കമ്മീഷനുണ്ട്. ഇവിടെ ന്യൂനപക്ഷ കമ്മീഷനിൽ അംഗങ്ങളായുള്ള ഒരുപാട് ആളുകളുണ്ടല്ലോ. ന്യൂനപക്ഷങ്ങളായിട്ടുള്ള ആളുകൾക്ക് ന്യൂനപക്ഷ കമ്മീഷന്റെ മുമ്പാകെ അവരെ ബാധിക്കുന്ന സിവിലും ക്രിമിനലുമായ ഏതെങ്കിലും ഒരു

കേസിന്മേൽ പരാതി കൊടുത്ത് പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് ഒരംഗമെങ്കിലും പറയട്ടെ. ന്യൂനപക്ഷ കമ്മീഷന് അത് സാധിക്കുമെന്ന് ഈ സഭയ്ക്കകത്തിരിക്കുന്ന ന്യൂനപക്ഷ അംഗങ്ങളായ ഒരാൾക്കെങ്കിലും പറയാൻ സാധിക്കുമോ? അതിന് കഴിയില്ല. ഈ കമ്മീഷന് റൈറ്റില്ല. പിന്നെ ഇതുകൊണ്ടുള്ള പ്രയോജനം എന്താണ്? കമ്മീഷൻ കൊണ്ടുള്ള പ്രയോജനം എന്താണെന്ന് ചോദിച്ചാൽ, കമ്മീഷനിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതായത്, കേരള ഹൈക്കോടതിയിൽ നിന്ന് ജഡ്ജിയുടെ പദവിയിൽ വിരമിച്ച ഒരാൾ, അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കും. നമുക്കെല്ലാം ഉദ്ദേശ്യം ബോധ്യമായി. പ്രവാസി ഭാരതീയരെ സംബന്ധിച്ച വിഷയങ്ങളിൽ അറിവും പരിചയവുമുള്ള, പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത കേരള കേഡറിൽ നിന്ന് വിരമിച്ച ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ. ഇനി ബാക്കിയുള്ളവർക്കുകൂടി കൊടുക്കുന്ന ശമ്പളം ഉണ്ടെങ്കിൽ ഈ പ്രവാസികൾക്കുവേണ്ടി ബഹുമാന്യനായ മന്ത്രിയും നോർക്കയും പ്രഖ്യാപിച്ച ഒരുപാട് പദ്ധതികളുണ്ട്. ആ പദ്ധതി നടപ്പാക്കാൻ ഈ തുകയെങ്കിലും ഉണ്ടായിരുന്നെങ്കിൽ എത്ര ഉപകരിക്കുമായിരുന്നു. ഞാൻ പദ്ധതിയൊന്ന് വായിക്കാം. അത് കേട്ടാൽ മനസ്സിലാകും. പൈസയില്ല. പത്ത് രൂപയില്ല. അതില്ലാത്തതുകൊണ്ടാണ് ആ

പദ്ധതി പലതും മുടങ്ങിക്കിടക്കുന്നത്. തിരികെ വന്ന പ്രവാസികൾക്കായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മൂലധന പലിശ സബ്സിഡി നൽകി സംരംഭം ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായ സഹകരണങ്ങൾ നൽകുന്ന പുനരധിവാസ പദ്ധതി. അത് നടന്നിട്ടില്ല. കൊടുക്കാൻ നമ്മുടെ കയ്യിൽ പൈസ വേണ്ടേ? സംസ്ഥാനത്ത് നിക്ഷേപം നടത്തുവാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും ആഗ്രഹിക്കുന്ന പ്രവാസികൾക്ക് ബന്ധപ്പെട്ട ലൈസൻസിംഗ് ഉൾപ്പെടെ സഹായം നൽകുന്നതിനുവേണ്ടി നോർക്ക റൂട്ട്സിന്റെ മേൽനോട്ടത്തിൽ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി. നോർക്കയുടെ ഓഫീസ് കെട്ടിടത്തിന്റെ മൂന്നാമത്തെ നിലയിലോ മറ്റോ ഒരു ഹാൾ ഇപ്പോൾ ഫർണിഷ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫർണിഷ് ചെയ്യാൻ പറ്റാത്തത് പൈസയില്ലാത്തതുകൊണ്ടാണ്. പർച്ചേസ് ചെയ്യാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. ഞാൻ ഇപ്പോൾ വായിച്ച പദ്ധതി പ്രഖ്യാപിച്ചിട്ട് കാലം എത്രയായി. ഹാൾ ഫർണിഷ് ചെയ്യാൻ പൈസയില്ലാത്തതുകൊണ്ട് സാധനം വാങ്ങാൻ പൈസയില്ലാത്തതുകൊണ്ട് ആ ഹാൾ അവിടെ കിടക്കുകയാണ്. ഒരു കാര്യവും ഏർപ്പെടുത്തിയിട്ടില്ല. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന തന്റേതല്ലാത്ത കാരണങ്ങൾ കൊണ്ട് ശിക്ഷ അനുഭവിക്കുന്ന പ്രവാസികൾക്ക് നിയമസഹായം ലഭിക്കുന്നതിനുള്ള പദ്ധതിയായ

പ്രവാസി ലീഗൽ അസിസ്റ്റന്റ്സ്. ഒരു കാര്യവും നടന്നിട്ടില്ല. അങ്ങനെയുള്ള ആളെ ചുമതലപ്പെടുത്താനുള്ള പൈസ ഇല്ല. അങ്ങനെ ആർക്കെങ്കിലും കാശ് കൊടുത്ത് അവിടെ കേസ് വാദിക്കാനുള്ള എന്ത് സംവിധാനമാണ് നോർക്കയ്ക്ക് ചെയ്യാൻ സാധിക്കുന്നത്. പണമില്ലാത്തതുകൊണ്ട് തന്നെയാണ്. വിദേശ രാജ്യങ്ങളിൽ ജയിലിൽ മോചിതരാകുന്ന നിർദ്ദനരായ പ്രവാസികൾക്ക് സൗജന്യ വിമാന ടിക്കറ്റ് നൽകുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് സ്വപ്ന സാഫല്യം പദ്ധതി. കുറ്റം പറയരുതല്ലോ കുറച്ചുപേരുടെ ടിക്കറ്റ് റീഫണ്ട് ചെയ്ത് കൊടുത്തിട്ടുണ്ട്. പക്ഷേ അവിടെ ബഹുമാന്യനായ മന്ത്രിയോട് എനിക്ക് ഒരപേക്ഷയുണ്ട്. അവിടെ ചില തട്ടിപ്പുകൾ നടക്കുന്നുണ്ട്. ഞാൻ അങ്ങയോട് സ്നേഹപൂർവ്വം പറയുകയാണ് അവിടെ നടക്കുന്ന തട്ടിപ്പ് പരിശോധിക്കണം. അങ്ങേയ്ക്ക് ഉത്തരവാദിത്വമുള്ളതുകൊണ്ട് പറയുകയാണ്. വിമാന ടിക്കറ്റിന്റെ ക്ലെയിം കൊടുക്കുന്ന ആളുകൾക്ക് മുൻഗണന തെറ്റിച്ച് ക്ലെയിം വാങ്ങി കൊടുക്കുന്നതിന് ചില ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഞാൻ ആളുകളുടെ പേരോ കാര്യമോ ഇവിടെ പറയുന്നില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അങ്ങ് പറഞ്ഞ അത്തരത്തിലുള്ള ഒരു പരാതിയും ഇന്നുവരെ ഗവൺമെന്റിന് ലഭിച്ചിട്ടില്ല. അങ്ങയുടെ പ്രസംഗം തന്നെ തെളിവായി

സ്വീകരിച്ചുകൊണ്ട് നടപടി സ്വീകരിക്കാം. അങ്ങ് 10-ാമത്തെ ക്ലോസ് വായിച്ചു നിർത്തി. 11-ാമത്തെ ക്ലോസിലെ 4 (3)-ാം ഉപവകുപ്പ് പ്രകാരം കമ്മീഷന്റെ ശിപാർശ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനകം സർക്കാർ അതിന്മേൽ തീരുമാനം എടുക്കേണ്ടതും ആയത് കമ്മീഷനെ അറിയിക്കേണ്ടതുമാണ്. കമ്മീഷന്റെ ശിപാർശ ബൈന്റിംഗാണ്. രണ്ട് മാസത്തിനുള്ളിൽ തീരുമാനം എടുത്തിരിക്കണം. അതിനുള്ള അധികാരമില്ലേ കമ്മീഷന്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ബഹുമാനപ്പെട്ട അംഗം പ്രസംഗിക്കുന്ന കൂട്ടത്തിൽ പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട് ഒന്നും ഇതുവരെ നടന്നിട്ടില്ല, പിന്നെ ഇത്തരം ഒരു ബില്ലിന്റെ പ്രസക്തി എന്താണെന്ന് ചോദിക്കുന്നത് കേട്ടു. പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട് 20000 -ത്തോളം അപേക്ഷ കേരള സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആ 20000-ത്തോളം അപേക്ഷകളിൽ ഏകദേശം 6700 അപേക്ഷ നടപടികൾക്കായി പരിഗണിക്കുകയും അതോടൊപ്പം തന്നെ 1022 പേർക്ക് സബ്സിഡി കൊടുക്കാൻ ബാങ്കുകൾ തയ്യാറാവുകയും ചെയ്തിട്ടുണ്ട്. 1022 പേർക്ക് സ്വന്തമായി സ്ഥാപനങ്ങൾ തുടങ്ങാൻ ബാങ്ക് സബ്സിഡി കൊടുക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും അതോടൊപ്പം തന്നെ ഇന്നലെ ബാങ്കുകളുമായി സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തുവെന്നുള്ള സാഹചര്യത്തിൽ ഇതുപോലുള്ള ഒരു

പ്രസ്ഥാനത്തെക്കുറിച്ച് അങ്ങ് പറയുന്നത് ശരിയാണോ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞതിൽ നിന്ന് വ്യത്യസ്തമാണ് എന്റെ അഭിപ്രായം. പുനരധിവാസ പദ്ധതിയിൽ നമ്മൾ വലിയ പ്രഖ്യാപനം നടത്തിയെന്നുള്ളത് സത്യമാണ്. പക്ഷെ 20000 പേരുടെ അപേക്ഷകൾ സ്വീകരിച്ചിട്ട് എത്ര മാസത്തിനുശേഷമാണ് പ്രോസസിംഗ് നടന്നത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, 1022 പേർക്ക് സ്വന്തമായി വ്യവസായ സംരംഭം തുടങ്ങാൻ സർക്കാർ സഹായിച്ചത് കേരളത്തിലെ ആദ്യത്തെ സംഭവമല്ലേ?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നിതാഖത്തുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതികളെ സംബന്ധിച്ച് നമ്മൾ തലനാരിഴകീറി ചർച്ച ചെയ്തതാണ്. ഇരുന്നൂറ്റി ചില്ല്വാനം ആളുകൾക്ക് വാഹനം വാങ്ങാൻ സഹായം കൊടുത്തുവെന്നുള്ളത് ശരിയാണ്. ബാക്കി ആളുകൾ ബാങ്കുകൾ കയറിയിറങ്ങി പല ആളുകൾക്കും ഒരു കാര്യവും ചെയ്യാൻ കഴിഞ്ഞില്ല. കാര്യങ്ങൾ നടപ്പിലാക്കാൻ ബാങ്കുകൾ സന്നദ്ധമായില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബാങ്കിംഗ്തല സമിതിയുടെ യോഗത്തിൽ പരസ്യമായി പറഞ്ഞതല്ലേ? ബഹുമാനപ്പെട്ട

അബ്ദുറഹിമാൻ രണ്ടത്താണി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണോ?

ശ്രീ.ജെയിംസ് മാത്യു: സർ, ഞാൻ രേഖവച്ച് പറയാം.

ശ്രീ. കെ. സി. ജോസഫ്: സർ, പ്രവാസി പദ്ധതിയിൽ നോർക്കയ്ക്ക് ആകെ കിട്ടിയ അപേക്ഷ 19000 ആണ്. അവരെയെല്ലാം ഇന്റർവ്യൂവിന് വിളിച്ചപ്പോൾ 7000 പേർ മാത്രമാണ് വന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എന്തിനാണ് അവരെ വിളിക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, വിളിക്കുന്നത് എന്തിനാണെന്നല്ല. പ്രവാസികളുണ്ടായത് 2011-ൽ അല്ല. ഇന്നുവരെ കേരളത്തിലെ ഒരു ഗവൺമെന്റും ഈ സ്കീം കൊണ്ടുവന്നില്ലായെന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. അങ്ങ് പറയുന്ന കാര്യങ്ങളിലൊക്കെ കഴിഞ്ഞ ഗവൺമെന്റ് എന്താണ് ചെയ്തത്. ഒരു പദ്ധതിയുമില്ലായിരുന്നു. അന്ന് നോർക്ക വകുപ്പ് പോലും ഇല്ലായിരുന്നു. അന്ന് മുഖ്യമന്ത്രി നോർക്ക വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായിരുന്നു. എന്നിട്ടും നോർക്ക വകുപ്പ് totally defunct ആയിരുന്നു. അത് അങ്ങ് മനസ്സിലാക്കണം.

ശ്രീ. ജെയിംസ് മാത്യു: സർ, എന്റെ നാട്ടിലുള്ള കുറെയാളുകൾ ഗൾഫിലുള്ളവരാണ്. ഇത് പറഞ്ഞുതീരാതെ പോയാൽ തിരിച്ചുചെല്ലുമ്പോൾ എന്നോട് ചോദിക്കില്ലേ താൻ എന്തിനാണ് അവിടെ പോയതെന്ന്. ഇപ്പോൾ

ബഹുമാന്യനായ മന്ത്രി പറഞ്ഞു രണ്ട് മാസത്തിനകം ശിപാർശയിന്മേൽ സർക്കാർ തീരുമാനമെടുക്കുമെന്ന്. ആത്മഹത്യ ചെയ്യുന്ന കൃഷിക്കാരുടെ കാര്യത്തിൽ കടാശ്വാസ കമ്മീഷന്റെ ശിപാർശ കൊടുക്കാൻ സാധിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ പറഞ്ഞാൽ മതി. കേരളത്തിൽ ജിവിച്ചിരിക്കാൻ വയ്യാത്തതുകൊണ്ട് കട ബാധ്യത കൊണ്ട് ആത്മഹത്യ ചെയ്യുന്ന കൃഷിക്കാരെ രക്ഷിക്കാൻ വേണ്ടി കർഷക കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നു. ആ കമ്മീഷന്റെ ശിപാർശ പരിഹരിക്കാൻ ഈ ഗവൺമെന്റിന് സാധിക്കുന്നുണ്ടോ? രാജ്യത്തില്ലാത്ത പ്രവാസികളുടെ കാര്യത്തിൽ ഒരു കമ്മീഷനെ കൊണ്ടുവന്ന് ആ കമ്മീഷന്റെ നിർദ്ദേശം രണ്ട് മാസത്തിനകം തീർപ്പാക്കുമെന്ന് ആരോട് പറയാൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, ക്വാസി ജുഡീഷ്യൽ ബോഡിയാകുമ്പോൾ അങ്ങനെയാണ്. ഇത് കോടതിയല്ലല്ലോ. ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ ശിപാർശ ഗവൺമെന്റ് ബൈൻഡിംഗാണ്. അത് നടപ്പിലാക്കും. ഒരിടത്ത് പോലീസ് മർദ്ദനമുണ്ടാകുമ്പോൾ ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ പരിശോധിച്ച് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപ കൊടുക്കാൻ പറഞ്ഞാൽ സർക്കാർ കൊടുക്കേണ്ടി വരും. അതുപോലെ, ഓംബുഡ്സ്മാൻ ആണെങ്കിലും വനിതാ കമ്മീഷൻ ആണെങ്കിലും ആ ശിപാർശകൾ സർക്കാർ

അംഗീകരിച്ചേ മതിയാകൂ. അതാണ് ക്വാസി ജൂഡീഷ്യൽ ബോഡി. ആ ക്വാസി ജൂഡീഷ്യൽ ബോഡിയാണിത്. അതുകൊണ്ട് ഇതിലെ ശിപാർശകൾ സർക്കാരിൽ ബൈൻഡിംഗാണ്. അത് നടപ്പാക്കിയേ മതിയാകൂ. അങ്ങനെ നടപ്പിലാക്കാനെ സാധിക്കൂ. ഇത് കോടതിയാക്കാൻ പറ്റുമോ?

ശ്രീ. ജെയിംസ് മാത്യു: സർ, അടിനെ പട്ടിയാക്കുന്ന രീതിയിലുള്ള വിശദീകരണമാകരുത്. പ്രവാസികൾക്ക് സർക്കാരുമായാണോ തർക്കം. പ്രവാസികളുടെ തർക്കവും പരാതിയും മുഴുവനും ഗവൺമെന്റുമായാണോ? ഗവൺമെന്റാണ് പ്രതിഭാഗത്തുള്ളതെങ്കിൽ വനിതാ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും പരിഹരിക്കാൻ സാധിക്കും, നിർദ്ദേശിക്കാൻ സാധിക്കും. സർക്കാർ ബൈൻഡിംഗാണ്. രണ്ട് പേർ തമ്മിലുള്ള സ്വത്ത് തർക്കം അവരുടെ അവകാശ തർക്കം എങ്ങനെ പരിഹരിക്കാൻ സാധിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, തർക്കമുണ്ടായിക്കഴിഞ്ഞാൽ കമ്മീഷന്റെ ശിപാർശ പ്രകാരം പോലീസിൽ വരും. പോലീസ് നടപടിയെടുക്കും.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങയുടെ പോലീസ് സാധാരണ വ്യക്തിയുടെയോ ഒരു പ്രവാസി മലയാളിയുടെയോ പരാതി വന്നാൽ പരിശോധിക്കുകയും നടപടിയെടുക്കുകയും ചെയ്യാത്ത പോലീസും ആ പോലീസ്

ഇതുപോലെ ഒരു കമ്മീഷന്റെ ശിപാർശ ഉണ്ടായാൽ മാത്രമെ നടപടിയെടുക്കുവെന്നുമാണെങ്കിൽ തീർച്ചയായും ഈ ആഭ്യന്തര വകുപ്പിൽ നിന്ന് നീതി കിട്ടാൻ കമ്മീഷനുകളുടെ ശിപാർശ തന്നെ വേണം. ഇത് ആദ്യമായിട്ടുള്ള അറിവാണ്. സാധാരണ നിലയിൽ ഒരു പരാതി കൊടുത്താൽ പോലീസ് അത് കൃത്യമായി പരിശോധിച്ച് അതിന്മേൽ നടപടി സ്വീകരിക്കുമെന്നാണ് നാളിതുവരെ നമ്മൾ ധരിച്ചുവന്നത്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി തന്നെ പറയുന്നു അങ്ങനെയല്ല കാര്യങ്ങളെന്ന്. അങ്ങനെയാണെങ്കിൽ പാവപ്പെട്ട പ്രതിപക്ഷത്തിന് ഒരു കമ്മീഷനുണ്ടാക്കി തരണം. നമ്മൾ എന്തെല്ലാം കേസ് കൊടുക്കുന്നു. നമുക്ക് ഒരു കമ്മീഷനെ വച്ച് ആ കമ്മീഷന്റെ മുമ്പാകെയാണ് നമ്മുടെ തർക്കങ്ങളും പരാതികളും കൊടുക്കേണ്ടത്. അവസാനം കമ്മീഷൻ ഒരു നിഗമനത്തിലെത്തി അങ്ങയുടെ പോലീസിൽ പരാതി ശിപാർശയായി വരുന്നു. അപ്പോൾ നടപടിയെടുത്താൽ മതിയെന്നാണോ? ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. നോർക്കയുടെ പ്രവാസി വായ്പാ പദ്ധതിയുടെ അദാലത്തിൽ കുത്തിയിരുപ്പ് സമരം നടന്നു. മലപ്പുറത്താണ് ഈ സമരം. നോർക്ക പ്രഖ്യാപിക്കുന്ന കാര്യങ്ങളെല്ലാം യഥാവിധി നാട്ടിൽ ലഭിക്കുന്നുണ്ടോയെന്ന് ബഹുമാന്യരായ മെമ്പർമാർ അന്വേഷിക്കണ്ടേ. ഞാനിത്

വായിച്ച് പൂർത്തിയാക്കിയിട്ട് വഴങ്ങാം. സർക്കാർ പ്രഖ്യാപിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നില്ല; പലിശ സംബന്ധിച്ച നിർദ്ദേശങ്ങളാണ് അപേക്ഷകരെ പ്രകോപിപ്പിച്ചത്. ഇതും മലപ്പുറത്തെ കാര്യമാണ്. ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണി സൂചിപ്പിച്ചതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് ചികിത്സാ സഹായം, വിവാഹ ധനസഹായം, അംഗവൈകല്യം സംഭവിച്ചവർക്കുള്ള ധനസഹായം എന്നിവയും മരണമടയുന്ന പ്രവാസികളുടെ അനന്തരാവകാശികൾക്ക് മരണാനന്തര ധനസഹായവും നൽകുന്ന സാന്ത്വനം പദ്ധതി. പേരുകൊണ്ടുതന്നെ വളരെയേറെ സാന്ത്വനമുണ്ടാകുന്ന പദ്ധതിയാണിത്. 2014 ആഗസ്റ്റ് മാസത്തിനുശേഷം ഒരു ഉറുപ്പിക ഇതുവരെ കൊടുക്കാൻ സാധിച്ചിട്ടില്ല. ഒന്നര വർഷമായി ഒന്നും കൊടുക്കാൻ കഴിയുന്നില്ല. അതിന് പൈസയില്ല.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സാന്ത്വനം പദ്ധതി വഴി 2010-11 -ൽ 56 ലക്ഷം രൂപയും 2014-15 -ൽ ഒൻപത് കോടി അറുപത്തിയേഴ് ലക്ഷം രൂപയുമാണ് ആകെ ധനസഹായം കൊടുത്തത്. അങ്ങയുടെ സർക്കാരിന്റെ കാലത്ത് 56 ലക്ഷം രൂപ ധനസഹായം കൊടുത്തു. ഞങ്ങൾ കൊടുത്തത് ഒൻപത് കോടി അറുപത്തിയേഴ്

ലക്ഷം രൂപ. അതിൽനിന്നും കാര്യം എന്താണെന്നുള്ളത് അങ്ങ് മനസ്സിലാക്കണം.

ശ്രീ. ജെയിംസ് മാത്യു: സർ, അത് ശരിയാണ്. അതുകൊണ്ടല്ലേ ഭരണം നിങ്ങളെ ഏൽപ്പിച്ചത്. ഒന്നര വർഷമായി അങ്ങനെ ധനസഹായം കൊടുക്കാതിരിക്കാൻ കഴിയുമോ; ഭരണം ഏറ്റെടുക്കുമ്പോൾ ധനസഹായം കൊടുത്താൽ മതിയോ; പിന്നീട് ഒന്നര വർഷമായി കൊടുക്കാതിരുന്നാൽ എങ്ങനെ ശരിയാകും? എന്തുപറഞ്ഞാലും ഭരണപക്ഷത്തുനിന്ന് ഒരു വർത്തമാനമുണ്ട്, നിങ്ങളുടെ കാലത്ത് എങ്ങനെയാണെന്ന്. അത് അങ്ങനെ ആയിക്കോട്ടെ. നമ്മുടെ കാലത്ത് കൊടുത്തത് മോശമായതുകൊണ്ടല്ലേ ജനങ്ങൾ നിങ്ങളെ ഭരണം ഏൽപ്പിച്ചത്. അങ്ങനെ നന്നായി ഭരണം നടത്തുമ്പോൾ, ഒന്നര വർഷമായി കൊടുക്കാത്തതിന് ന്യായം ചോദിച്ചപ്പോൾ പറയുകയാണ് നിങ്ങളുടെ കാലത്ത് എത്രയാണ് കൊടുത്തതെന്ന്. ഇമ്മാതിരി ന്യായം പറയേണ്ട കാര്യമുണ്ടോ? ധനസഹായം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ അതിന് കഴിയുന്നില്ലെന്നുതന്നെ പറയണം. ഒന്നര വർഷമായി ഈ പദ്ധതിക്കുവേണ്ടി ഒരു ഉറുപ്പിക കൊടുത്തിട്ടില്ല. അത് പറയുന്നതിന് എന്താണ് തടസ്സം.

മി. ചെയർമാൻ: ശ്രീ. ജെയിംസ് മാത്യു, 32 മിനിട്ടായി. പ്ലീസ്.... പ്ലീസ് കൺക്ലൂഡ്. ഇങ്ങനെ അനന്തം അവിരാമം പോയാലോ?

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ഇതുംകൂടി പറഞ്ഞ് ഞാൻ വേഗം പൂർത്തിയാക്കാം. നോർക്കയുടെ ഭാഗമായി വിവിധ പദ്ധതികളെക്കുറിച്ച് ഞാൻ ഓരോന്നോരോന്നായി വായിക്കുന്നില്ല. പക്ഷേ ഒരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ സഭയിലെ എന്റെ സംസാരം തന്നെ ഒരു പരാതിയായി എടുത്ത് പരിശോധിക്കാമെന്ന് ബഹുമാന്യനായ മന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. ജോബ് പോർട്ടൽ തുടങ്ങാൻ തീരുമാനിച്ചു. അത് നല്ല നിർദ്ദേശമാണ്. പക്ഷേ ഇപ്പോൾ അവിടെ നടക്കുന്നതെന്താണെന്നുകൂടി ബഹുമാന്യനായ മന്ത്രി അറിയണം. നഴ്സുമാരായ ആളുകൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്താൽ ആ രജിസ്ട്രേഷൻ വിദേശത്തുള്ള ഒരു ഏജൻസി പരിശോധിച്ച് റിക്രൂട്ട്മെന്റിന് തയ്യാറാകുന്നു. ഈ റിക്രൂട്ട്മെന്റിൽ നോർക്ക ഓഫീസിലെ ഒരു സ്റ്റാഫ് വളരെ തെറ്റായ രീതിയിൽ അവിടത്തെ റിക്രൂട്ട്മെന്റിൽ ഇടപെടുകയാണ്. പേര് ഞാനിവിടെ പരാമർശിക്കുന്നില്ല. കാരണം ഒരാളെപ്പറ്റി അങ്ങനെ പരാമർശിക്കുന്നതിന്റെ അനൗചിത്യം കൊണ്ടാണ്. പണം വാങ്ങിയാണ് അത് ചെയ്യുന്നത്. അൻപതിനായിരം രൂപ മുതൽ എഴുപതിനായിരം രൂപ വരെയാണ് നോർക്ക മുഖാന്തിരം വിദേശത്ത് തൊഴിലെടുക്കാൻ അവസരം ലഭിക്കുന്ന നഴ്സുമാർക്ക് അവിടെ മാസവേതനം ലഭിക്കുന്നത്. ഈ ജോലിക്ക് നോർക്ക മുഖാന്തിരമല്ലെങ്കിൽ

മുപ്പത്-മുപ്പത്തിയഞ്ച് ലക്ഷം രൂപ വരെ ഏജന്റുമാർ ഈടാക്കുന്നു. ഈ മുപ്പത്തിയഞ്ച് ലക്ഷം രൂപ പുറത്ത് ഈടാക്കുമ്പോഴാണ്, നോർക്ക ഒരു പൈസയും വാങ്ങാതെ അവരെ റിക്രൂട്ട് ചെയ്യുന്നത്. ഈ റിക്രൂട്ട്മെന്റിനുവേണ്ടി ഓൺലൈനിൽ എൻറോൾ ചെയ്താൽ റിക്രൂട്ടിംഗ് ഏജൻസി നടത്തുന്ന ഒരു ഇന്റർവ്യൂ ഉണ്ട്. ഈ ഇന്റർവ്യൂവിനെത്തുടർന്ന് ആർക്കാണ് സെലക്ഷൻ കിട്ടുന്നതെന്ന് അറിയാൻ പ്രൊവിഷനില്ല. സെലക്ഷന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നില്ല. ആരെയാണ് സെലക്ട് ചെയ്തതെന്ന് നിശ്ചയിക്കുന്നത് അവിടെയുള്ള ചുരുക്കം ചില ആളുകളാണ്. ഇക്കാര്യം ഞാൻ അങ്ങയോട് നേരിട്ട് പറയാം. കാരണം ഇങ്ങനെ പറഞ്ഞിട്ട് അത് മോശമാകരുതെന്ന് കരുതിയിട്ടാണ്. വളരെ തെറ്റായ പ്രവണതയാണ് അവിടെ നടക്കുന്നത്. അത് അവസാനിപ്പിക്കുന്നതിനുള്ള ഇടപെടലുണ്ടാകണം.

മി. ചെയർമാൻ : ശ്രീ. ജെയിംസ് മാത്യു മതിയാക്കൂ. അങ്ങ് മന്ത്രിയെ വിടൂ.

ശ്രീ. ജെയിംസ് മാത്യു : സർ, അങ്ങയുടെ ഈ വാക്ക് അടുത്ത തിരഞ്ഞെടുപ്പിന് പ്രവാസികൾക്ക് അവിടെ അടിച്ചുകൊടുക്കട്ടെ.

മി. ചെയർമാൻ: തീർച്ചയായും. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവാസികളുള്ളത് ഗുരുവായൂരും രണ്ടാമത് വർക്കലയിലുമാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങ് ഇങ്ങനെയൊരു നിലപാട്

സ്വീകരിക്കുന്നതിനെക്കുറിച്ച് ഈ പ്രവാസികൾ മനസ്സിലാക്കിയാൽ എന്തായിരിക്കും അവരുടെ സ്ഥിതി? അങ്ങ് ആലോചിച്ചുനോക്കണം.

മി. ചെയർമാൻ: എല്ലാ പണിയും സമയത്ത് തീർക്കണമെന്ന അഭിപ്രായമുള്ളവരാണ് പ്രവാസികൾ.

ശ്രീ. ജെയിംസ് മാത്യു: സർ, അവരുടെ കാര്യം ചെയ്തുകൊടുക്കണ്ടേ?

മി. ചെയർമാൻ : അവർക്ക് വളരെ കൃത്യതയാണ്. ബ്രേക്ക്ഫാസ്റ്റ് പോലും കഴിക്കാതെയാണ് അവർ ജോലിക്ക് പോകുന്നത്.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങനെ പണിയെടുക്കുന്ന ആളുകളെ ഇങ്ങനെയൊരു കമ്മീഷൻ അവതരിപ്പിച്ച് നമ്മൾ അവഹേളിക്കണോ; അതാണ് എന്റെ ചോദ്യം? ബഹുമാന്യനായ മന്ത്രി പറഞ്ഞതുപോലെ തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അദാലത്തുപോലെ ഒരു സംവിധാനമുണ്ടാക്കി ആ നിർദ്ദേശം സർക്കാരിലേക്കോ പോലീസിലേക്കോ കൊടുക്കാൻ ഹൈക്കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ഒരു ജഡ്ജിയും റിട്ടയർ ചെയ്ത ഒരു പ്രിൻസിപ്പൽ സെക്രട്ടറിയും സർവ്വീസിലുള്ള ഒരു ജോയിന്റ് സെക്രട്ടറിയും പ്രവാസി സംഘടനകളുടെ രണ്ട് പ്രതിനിധികളും എന്തിനാണ്? ഇവരെയെല്ലാമുൾപ്പെടുത്തി യാതൊരു അധികാര അവകാശങ്ങളുമില്ലാത്ത ഒരു കമ്മീഷൻ രൂപീകരിച്ചുകൊണ്ട് അക്ഷരാർത്ഥത്തിൽ

നമ്മുടെ നാടിനുവേണ്ടി ചോരയും നീരും കളഞ്ഞ് കഷ്ടപ്പെട്ട് പണിയെടുത്ത് ഈ നാടിനെ നന്നാക്കുന്ന ആ പാവം സഹോദരങ്ങളെ ഇങ്ങനെ ക്രൂരമായി വഞ്ചിക്കരുത്. തീർച്ചയായും ബഹുമാന്യനായ നോർക്ക വകുപ്പുമന്ത്രി ഈ കമ്മീഷന്റെ ഉള്ളടക്കം സംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ നൽകാമെന്നും രണ്ടുമാസംകൊണ്ട് സർക്കാർ തീരുമാനമെടുക്കുമെന്നുമുള്ള അർത്ഥശൂന്യമായ, അന്തസ്സാരശൂന്യമായ, കപടമായ, കേവലം ഒരു ശിപാർശ ചെയ്യാനായിട്ടുള്ള ഒരു കമ്മീഷനായി ഈ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ അവതരിപ്പിക്കരുത്. ഈ ബില്ലിന്റെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റം വരുത്തി ജൂഡീഷ്യൽ റൈറ്റിന് അങ്ങ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ തീർച്ചയായും ബുദ്ധിമുട്ടൊന്നുമില്ല. കേരളത്തിലെ പ്രവാസി മലയാളികൾക്കുവേണ്ടി ഒരു സ്പെഷ്യൽ കോർട്ട് ഉണ്ടാക്കണം. ഹൈക്കോടതിയുടെ അനുമതിയോടുകൂടി ഒരു സ്പെഷ്യൽ കോർട്ടുണ്ടാക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. ഗവൺമെന്റ് തയ്യാറാണെങ്കിൽ ഈ കാര്യത്തിൽ ഹൈക്കോടതി അനുകൂലമായ നിലപാടെടുക്കും. അതിനും സാധിക്കുന്നില്ലെങ്കിൽ ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലും സിവിൽ പ്രൊസീഡ്യുവർ കോഡിലും സ്റ്റേറ്റുകൾക്ക് വരുത്താവുന്ന ചട്ടങ്ങളിലെ ഭേദഗതിയോടുകൂടി പ്രവാസി മലയാളികളുടെ സിവിലും ക്രിമിനലുമായ കേസുകൾ കൈകാര്യം ചെയ്യുന്ന സിവിൽ

കോർട്ടും അതുപോലെ ജ്യുഡീഷ്യൽ കോർട്ടുകൾക്കാവശ്യമായ മുൻഗണനയും ക്രമവും ഇവർക്കുണ്ടാക്കി കൊടുക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ മതി. ഒരു സ്പെഷ്യൽ കോർട്ടുകൊണ്ട്, ക്രിമിനൽ പ്രൊസീഡുവർ കോഡിലെ ഭേദഗതികൊണ്ടുണ്ടാക്കാൻ സാധിക്കുന്ന നേട്ടത്തിന്റെ ആയിരത്തിലൊരംശംപോലും സാധ്യമാകാത്ത ഒരു കമ്മീഷൻ ആളുകളുടെ കണ്ണിൽ പൊടിയിടാനല്ലാതെ മറ്റൊന്നിനും ഉപകരിക്കില്ലെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ എന്ന പേരിൽ ഒരു പുതിയ ബിൽ അവതരിപ്പിച്ച പ്രവാസി കാര്യങ്ങളുടെ ചുമതലവഹിക്കുന്ന മന്ത്രിയേയും ഈ മന്ത്രിസഭയ്ക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയേയും ഞാൻ ആത്മാർത്ഥമായി ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഈ ബിൽ ഒരു ചരിത്ര സംഭവമായിട്ടാണ് ഞാൻ കാണുന്നത്. പ്രവാസികളുടെ അംഗസംഖ്യയുടെ കാര്യത്തിലും അവർ കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ കാര്യത്തിലും ഒരു തർക്കവും ഇവിടെയില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക്

സഹായകരമായ രീതിയിൽ കോടാനുകോടി രൂപ നമ്മുടെ കേരളത്തിലേക്ക് എല്ലാ വർഷവും എത്തിക്കുന്ന പ്രവാസികൾക്കുവേണ്ടി, അവരുടെ എണ്ണമറ്റ പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി പല പദ്ധതികളും ഇതിനുമുമ്പും ആവിഷ്കരിച്ച ഒരു ഗവൺമെന്റാണിത്. ബഹുമാനപ്പെട്ട നോർക്ക വകുപ്പ് കൈകാര്യം ചെയ്യുന്ന പ്രിയങ്കരനായ ശ്രീ. കെ. സി. ജോസഫ് മന്ത്രിയായി വന്നതിനുശേഷവും ഈ സംസ്ഥാന ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും പ്രവാസികൾക്ക് കിട്ടിയ അത്രയും ശ്രദ്ധ ഒരു കാലത്തും പ്രവാസികൾക്ക് കിട്ടിയിട്ടില്ലെന്ന് പറയാൻ എനിക്ക് യാതൊരു മടിയുമില്ല. അവരുടെ പ്രശ്നങ്ങളെല്ലാം വൈവിധ്യമാർന്ന പ്രശ്നങ്ങളാണ്. അനേകം പ്രശ്നങ്ങൾ അവർക്കുണ്ട്. പ്രവാസികളെ സംബന്ധിച്ച്, വിദേശത്ത് പോകാനാഗ്രഹിക്കുന്ന ഒരാൾ പാസ്പോർട്ടിന് അപേക്ഷ കൊടുക്കുന്ന സന്ദർഭം മുതൽ പ്രശ്നങ്ങൾ ആരംഭിക്കാറുണ്ട്. സാധാരണഗതിയിൽ പാസ്പോർട്ട് ഓഫീസിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, എമിഗ്രേഷൻ, കസ്റ്റംസ്, ടിക്കറ്റ് ചാർജ്ജ്, രോഗം വന്നാലുള്ള പ്രശ്നം, വിദേശത്തുവച്ച് മരണപ്പെട്ടാൽ അവരുടെ മൃതദേഹങ്ങൾ കൊണ്ടുവരുന്ന പ്രശ്നങ്ങൾ, ജോലി ചെയ്തുകൊണ്ടിരിക്കുന്ന ഓരോ രാജ്യങ്ങളിലും ഓരോ കാലഘട്ടത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ നിയമങ്ങൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, ജോലി ചെയ്യാനുള്ള യോഗ്യതകൾ ഇങ്ങനെ ധാരാളം പ്രശ്നങ്ങൾ

അവർക്കുണ്ട്. പ്രവാസികൾ എന്നതുപോലെ വിശാലമായ ഒരു പദം; അതിനകത്ത് വരാത്ത ആരുമില്ല. ഇന്ന് പ്രവാസികളെന്ന് കേൾക്കുമ്പോൾ ഗൾഫിൽ അല്ലെങ്കിൽ ജി.സി.സി. രാഷ്ട്രങ്ങളിൽ ജീവിക്കുന്നവരെയാണ് അധികവും നമുക്ക് ഓർമ്മ വരുന്നത്. ലോകത്ത് മനുഷ്യർ ജീവിക്കുന്ന എല്ലാ പ്രദേശങ്ങളിലും മലയാളികളും ഭാരതീയരുമുണ്ട്; അതുപോലെ മറ്റ് രാഷ്ട്രങ്ങളിലുള്ളവരുമുണ്ട്. ഒരു മനുഷ്യനും മനുഷ്യസമൂഹവും അവർ ജനിച്ച സ്ഥലത്തുതന്നെ ഒതുങ്ങിനിന്ന് ജീവിച്ചതായി പറയാൻ സാധിക്കില്ല. നാടോടികളായി നടന്നും പല സ്ഥലങ്ങളിൽ സഞ്ചരിച്ചും, ഇന്ന് നമ്മുടെ പ്രധാനമന്ത്രി ചെയ്യുന്നതുപോലെ അദ്ദേഹം പ്രവാസി ആയിട്ടില്ലെങ്കിലും ഭൂഖണ്ഡത്തിൽ എത്ര രാഷ്ട്രങ്ങളുണ്ടോ അതെല്ലാം നിന്തരമായി എണ്ണിത്തീർക്കാനെന്ന മട്ടിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. പ്രവാസ ജീവിതം നയിക്കാൻ അദ്ദേഹത്തിന് സാധ്യമല്ല; ജീവിതം നയിക്കുമ്പോൾ ഒരു സ്ഥലത്ത് നിൽക്കേണ്ടി വരും; അത് അസാധ്യമായതുകൊണ്ട് നിരന്തരമായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി പ്രവാസിയായിരുന്നു; അദ്ദേഹം ഗുജറാത്തിലെ മുസ്ലീം കച്ചവടക്കാർക്കുവേണ്ടി ദക്ഷിണാഫ്രിക്കയിൽ പോയി കേസ് നടത്തിയ നല്ല അഭിഭാഷകനായിരുന്നു. അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ സാമൂഹ്യനീതിക്കും സത്യത്തിനുംവേണ്ടിയുള്ള തന്റെ

പോരാട്ടം ആരംഭിച്ച് അവസാനം ഇൻഡ്യയുടെ സ്വാതന്ത്ര്യ സമരത്തിലേക്ക് എടുത്തുചാടി. ആഫ്രിക്കയിൽ നിന്ന് ഇൻഡ്യയിലേക്ക് ജീവിതം പറിച്ചുനട്ട ആദ്യ പ്രവാസി ഒരുപക്ഷെ മഹാത്മാഗാന്ധിയാണെന്ന് പറയാൻ സാധിക്കും. മഹാത്മാഗാന്ധിയുടെ പ്രവാസി ജീവിതത്തിൽ അദ്ദേഹം അനുഭവിച്ച പ്രശ്നങ്ങളായിട്ടുവേണമെങ്കിൽ ദക്ഷിണാഫ്രിക്കയിൽ അദ്ദേഹം നടത്തിയ സമരങ്ങളെ കാണാവുന്നതാണ്. ഇൻഡ്യയിൽനിന്ന് പുറത്തുപോയ മഹാത്മാഗാന്ധിയെപ്പോലുള്ള ഒരു പ്രവാസി ദക്ഷിണാഫ്രിക്കയിൽ എന്തെല്ലാം അനുഭവിച്ചു; ബ്രിട്ടീഷുകാർ സഞ്ചരിക്കുന്ന റെയിൽവേ കോച്ചിൽ സഞ്ചരിച്ചതുകൊണ്ട് അദ്ദേഹത്തെ പട്ടാളക്കാർ പ്ലാറ്റ്ഫോമിലേക്ക് വലിച്ചെറിഞ്ഞപ്പോഴാണ് അദ്ദേഹത്തിന്റെ മുൻവരിയിലെ രണ്ടു പല്ലുകൾ സ്വാതന്ത്ര്യത്തിനും സത്യത്തിനുംവേണ്ടിയുള്ള സമരത്തിന്റെ ബലിപീഠത്തിൽ കാണിക്കയിട്ടത്. അത് നമുക്ക് വിസ്മരിക്കാനാവില്ല. ഇൻഡ്യയിൽ ആര്യവംശജർ എന്നുപറയുന്ന ആളുകൾ മറ്റു പല വിദേശ രാഷ്ട്രങ്ങളിൽനിന്നും വന്നിട്ടുള്ളവരാണ്. പ്രവാസ ജീവിതമെന്നുപറഞ്ഞാൽ മനുഷ്യ ജീവിതത്തിന്റെ ഒരു അനിവാര്യതയാണ്. ജോലി അന്വേഷിച്ചുപോയ മലയാളികളായിട്ടുള്ള ആളുകൾക്കുവേണ്ടി നമ്മൾ എന്തുചെയ്താലും അവർ ജോലി എടുക്കുന്ന രാഷ്ട്രങ്ങളിലെ ഭരണാധികാരികൾ ചെയ്യുന്നതിന്റെ അത്രപോലും നമുക്ക് ചെയ്യാൻ

സാധിക്കുകയില്ലായെന്ന ഒരു യാഥാർത്ഥ്യമുണ്ട്. മലയാളികൾക്ക് കേരളത്തിലെ ഗവൺമെന്റുകൾ (ഏത് ഗവൺമെന്റായാലും) ഇതുവരെ നല്കിയതിനേക്കാളും എത്രയോ ഇരട്ടി ജോലി അന്യരാഷ്ട്രങ്ങളിലെ സർക്കാരുകൾ നല്കിയിട്ടുണ്ട് എന്നുള്ളത് വിസ്മരിക്കാനാകില്ല. അവർക്ക് പരമാവധി ജീവിതസൗകര്യങ്ങളും തൊഴിൽസൗകര്യങ്ങളുമൊക്കെ ചെയ്തുകൊടുത്ത ആ ഗവൺമെന്റുകളെയും അവിടത്തെ നല്ലവരായ ഭരണാധികാരികളെയും അവരുടെ മതേതരത്വത്തിലും ബഹുസ്വരതയിലും അധിഷ്ഠിതമായ സമീപനത്തെയും ഒരിക്കലും വിസ്മരിക്കാനാവുകയില്ല. പ്രവാസികളെക്കുറിച്ച് പറഞ്ഞാൽ ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. എന്റെ നിയോജകമണ്ഡലത്തിലാണ് കോഴിക്കോട് വിമാനത്താവളം, രണ്ടുദിവസം മുമ്പ് ആ വിമാനത്താവളത്തിൽ വന്നിറങ്ങിയ ഒരു പ്രവാസിയെ കസ്റ്റംസ് ഓഫീസർ വൈകുന്നേരംവരെ തടഞ്ഞുവയ്ക്കുകയും ഇടിക്കുകയും അടിക്കുകയുമൊക്കെ ചെയ്തതിന്റെ വാർത്തകൾ പത്രങ്ങളിൽ വന്നു. അതെല്ലാം ഫെയ്സ് ബുക്കിലും മറ്റും അദ്ദേഹം ഇട്ടിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളം ഉൾപ്പെടെയുള്ളവയുടെ വികസനത്തിനും പ്രവാസികൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ, കേരളത്തിലെ എം.പി. മാർ ഇവരെല്ലാവരും ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ നിസ്സാരമായി തള്ളിക്കളയാനാവുകയില്ല.

പ്രവാസികളുടെ ദുരിതങ്ങൾ നേരിൽ കണ്ടുംകേട്ടും മനസ്സിലാക്കിയും പരമാവധി ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യാൻവേണ്ടി പരിശ്രമിച്ച ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. അങ്ങനെയുള്ള ഗവൺമെന്റിൽ നിന്നുവന്ന ഒരു നല്ല സംരംഭമായിട്ടാണ് ഞാൻ ഈ ബില്ലിനെ കാണുന്നത്. സമത്വമുന്നേറ്റ യാത്ര യഥാർത്ഥത്തിൽ കഴിഞ്ഞ നാലരവർഷമായി നടത്തിക്കൊണ്ടിരിക്കുന്നത് ഉമ്മൻ ചാണ്ടി ഗവൺമെന്റാണ്. അല്ലാതെ റോഡിലൂടെ പോകുന്നവരല്ല; അത് നടത്തിക്കൊണ്ടിരിക്കുന്നത് ഒരു ഗവൺമെന്റാണ്. എല്ലാ വിഭാഗത്തിനോടും നീതി ചെയ്യാൻ ശ്രമിക്കുക. ദോഷൈകദൃക്കുകളായ, എല്ലാത്തിലും നിരാശ തോന്നുന്ന, എല്ലാത്തിനെയും വിമർശിക്കുന്ന ആളുകൾക്ക് എന്തും പറയാൻ സാധിക്കും. അങ്ങനെ പറയുകയാണെങ്കിൽ നമുക്കും പറയാമല്ലോ, ഈ അസംബ്ലി കൊണ്ട് എന്താണ് പ്രയോജനം? കുറെ ആളുകൾ വെറുതെ സംസാരിക്കുന്നു, കുറെ ആളുകൾ ബഹളം വയ്ക്കുന്നു, ആരോപണപ്രത്യാരോപണങ്ങൾ നടക്കുന്നു; എന്നാൽപിന്നെ തെരഞ്ഞെടുപ്പ് എന്തിനാണ്; എന്തിനാണ് മത്സരിക്കുന്നത്; അങ്ങനെയൊക്കെ വേണമെങ്കിൽ ചോദിക്കാം; ഒരു പ്രയോജനവുമില്ല. അതുപോലെ ന്യൂനപക്ഷ കമ്മീഷൻ, വനിതാ കമ്മീഷൻ, ഹ്യൂമൻ റൈറ്റ്സ് കമ്മീഷൻ, പ്രവാസി കമ്മീഷൻ

എന്നിവകൊണ്ട് കാര്യവുമില്ല. കോടതികളെക്കൊണ്ട് കാര്യവുമില്ല, ഉമ്മൻ ചാണ്ടി ഗവൺമെന്റിനെക്കൊണ്ട് കാര്യമില്ല. ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല, വ്യവസായങ്ങളൊന്നും നടക്കുന്നില്ല, വിദ്യാഭ്യാസം ശരിയല്ല, ലോകം മുഴുവനും ശരിയല്ല, പിന്നെ ആരാണ് ശരി; ഞാൻ മാത്രം ശരിയാണോ? എന്നാൽപിന്നെ ഇതിന്റെയൊക്കെ ആവശ്യമുണ്ടോ; ഒരു സംഗതിയും ശരിയല്ലായെന്ന തെറ്റായ ദൃഷ്ടിയിലൂടെ കാണുന്ന ആളുകളോട് സഹതപിക്കാൻ മാത്രമെ കഴിയൂ. ഇവിടെ ബഹുമാനപ്പെട്ട കെ. സി. ജോസഫിനും ഈ മന്ത്രിസഭയ്ക്കും ഇതുപോലൊരു ബില്ലുണ്ടാക്കാനല്ലേ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞു, പഞ്ചാബിൽ ഇതുപോലുള്ളൊരു കമ്മീഷൻ രൂപീകരിച്ചിട്ട് ധാരാളം നല്ല കാര്യങ്ങൾ ചെയ്യാൻ സാധിച്ചുവെന്ന്. എല്ലാം ചെയ്യാൻ സാധിക്കുന്ന ആരുമില്ല; എവിടെയും സാധിച്ചിട്ടില്ല. പ്രവാസ ജീവിതംതന്നെ ഏതുകാലത്തും നിലനില്ക്കുമെന്ന് ആരു പറഞ്ഞു? അറബ് വസന്തം പോലെയുള്ള സംഭവങ്ങൾ, ഐ.എസ്.ഐ., ചാവേറുകൾ, പാരീസിലെ ആക്രമണകാരികൾ, ബൊക്കോ ഹറാം തുടങ്ങിയ ലോകത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ഭീകരവാദികൾ പലതരത്തിലുള്ള പ്രശ്നങ്ങളും പല രാഷ്ട്രങ്ങളിലും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്; യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്, നിയമങ്ങൾ മാറാം, സാമ്പത്തികശേഷിയിൽ മാറ്റം

വരാം, നയങ്ങളിൽ മാറ്റം വരാം, ഭരണാധികാരികൾ മാറാം. എല്ലാകാലത്തും മലയാളികൾക്ക് ഗൾഫ് രാഷ്ട്രങ്ങളിലോ ഇതര രാഷ്ട്രങ്ങളിലോ ജീവിക്കാൻ സാധിക്കണമെന്നില്ല. ചിലപ്പോൾ നമ്മൾ വിചാരിക്കാത്ത സന്ദർഭങ്ങളിൽ തിരിച്ചുപോരേണ്ടി വരും. എല്ലാത്തിനും ഒരു പോസിറ്റീവായിട്ടുള്ള സൈഡും നെഗറ്റീവായിട്ടുള്ള സൈഡുമുണ്ടാകും; എല്ലാം ദ്വന്ദ്വങ്ങളാണ്. ഈ ഭൂമിയിൽ സുഖം-ദുഃഖം, നേട്ടം-കോട്ടം, നന്മ-തിന്മ, ചൂട്-തണുപ്പ്, കറുപ്പ്-വെളുപ്പ് ഇങ്ങനെയാണ് എല്ലാം സൃഷ്ടിച്ചിരിക്കുന്നത്. അതിന്റെ പോസിറ്റീവ് സൈഡ് കാണുകയെന്നതാണ് അതിന്റെ ബുദ്ധി; അതാണ് മനുഷ്യൻ ചെയ്യേണ്ടത്. A teacher in the school is writing on a blackboard with a chalk - ഒരു വെള്ള ചോക്കുകൊണ്ട് കറുത്ത ബോർഡിൽ എഴുതേണ്ട കാര്യമെന്താണ്; കറുത്ത ബോർഡിൽ എഴുതിയാലേ വെളുത്ത അക്ഷരം മനസ്സിലാവുകയുള്ളൂ. എല്ലാ സംഗതികൾക്കും ഒരു നെഗറ്റീവും പോസിറ്റീവും ഉണ്ടാകും. ഒരു സംഗതിയും ശരിയല്ലായെന്ന് വിശ്വസിക്കുന്ന ചിലരുണ്ട്. മഴ ശരിയല്ല, കൃത്യമായിട്ട് മഴ പെയ്യുന്നില്ല, ശരിയായിട്ട് വെയിൽ ഉണ്ടാകുന്നില്ല, പുഴ ശരിക്ക് ഒഴുകുന്നില്ല, കടലിലാണെങ്കിൽ മാലിന്യം, സൂര്യോദയം ശരിയല്ല, ചന്ദ്രോദയം ശരിയല്ല, നക്ഷത്രങ്ങൾക്ക് വേണ്ടത്ര പ്രകാശമില്ല, ഇങ്ങനെ ഒരു സംഗതിയും ശരിയല്ല. അങ്ങനെ എല്ലാ സംഗതികളും വളരെ മോശമായിട്ടും

നിഷേധാത്മകമായിട്ടും കാണരുത്. നമ്മൾ മനുഷ്യരാണ്; നമുക്ക് ചെയ്യാൻ സാധിക്കുന്ന സംഗതികൾക്ക് പരിമിതികളുണ്ട്. ഒരു സംസ്ഥാന ഗവൺമെന്റിന് പ്രവാസികളുമായി ബന്ധപ്പെട്ട എല്ലാ സംഗതികളും, is not vested in the State Government, it is vested in the Central Government. ഈ നിയമത്തിന്റെ ambit-ൽ വരാവുന്ന പരമാവധി കാര്യങ്ങൾ ഉൾപ്പെടുത്തിയാലേ പറ്റുകയുള്ളൂ. വഖഫ് ബോർഡുപോലുള്ളവ ഒരു Quasi Judicial Body ആണ്. Quasi Judicial Body രൂപീകരിക്കുമ്പോൾ അതിന് പല അധികാരങ്ങളുമുണ്ടാകും. ആ അധികാരങ്ങളുടെ പരിമിതിയോളം ചെയ്യാൻ, അതിന്റെ implementing agency ആയിട്ട് ഗവൺമെന്റിനെ കാണാൻ സാധിക്കും. വലിയ മാറ്റങ്ങൾ വരുത്താൻ സാധിക്കുന്ന ഒരു സംഭവമാണ്. ഈ ബിൽ അനുസരിച്ച് രൂപീകരിക്കപ്പെടുന്ന, ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കാൻ പോകുന്ന കമ്മീഷനിലാണോ ഇനിമുതലുള്ള പ്രവാസികളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും നിക്ഷിപ്തമായിട്ടുള്ളത്; ഒരിക്കലുമല്ല. അവരുടെ എല്ലാ പരാതികളും ഈ കമ്മീഷനിൽ വച്ച് തീർക്കേണ്ടതല്ല. അവർക്ക് മറ്റ് ഓപ്ഷൻസ് ഉപയോഗിക്കാൻ പാടില്ലായെന്ന് ആരും പറഞ്ഞിട്ടില്ല. ഇവിടെ സാധാരണ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്രിമിനൽ കോടതികളും സിവിൽ കോടതികളും പോലീസുമുണ്ട്. ഇവിടെ സ്റ്റേറ്റ്/സെൻട്രൽ ഗവൺമെന്റ് ഉണ്ട്,

അവിടെ ഉദ്യോഗസ്ഥന്മാരുമുണ്ട്. There are so many other options also. ആ ഓപ്ഷൻസൊക്കെ ഇവർക്ക് യൂട്ടിലൈസ് ചെയ്യാം. ഈ ഓപ്ഷൻസ് യഥാക്രമം യഥാസമയത്ത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാതെ വരുന്ന പ്രവാസികൾക്ക്, 'പാവപ്പെട്ട' എന്ന് പ്രവാസികളോട് ചേർത്തതുകൊണ്ട് പ്രവാസിക്ക് അനുകൂലമായിട്ട് വരില്ല. ഇത് ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കാത്ത പ്രവാസികളെ സഹായിക്കുന്നതിനുവേണ്ടി അഡീഷണലായിട്ടുള്ള ഒരു സംവിധാനം ഈ ഗവൺമെന്റ് ഉണ്ടാക്കുകയാണ്; ഇത് വളരെ സ്വാഗതാർഹമായ ഒരു സംഗതിയാണ്. ഇത് വളരെ സ്വാഗതാർഹമായ സംഗതിയാണ്. പോലീസിനെ ഏല്പിച്ചിട്ട് ഈ പോലീസിന് ഒരു കമ്മീഷന്റെ ഉത്തരവുകൂടി നൽകുകയാണ് ചെയ്യുതെന്ന് ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. ജെയിംസ് മാത്യു സംസാരിച്ചപ്പോൾ പറഞ്ഞു. ഇവിടെ പോലീസും ശരിയല്ല. എന്താ ചെയ്യുക? ആരാണ് ശരി; വീട്ടിലുള്ളവരൊക്കെ ശരിയാണോ? ഞാൻ പറയുന്നത്, കമ്മീഷന്റെ പ്രവർത്തനം അതൊരു ക്വാസി ജുഡീഷ്യൽ ബോഡിയാകുമ്പോൾ നമ്മുടെ ഭരണഘടനയനുസരിച്ച് ചെയ്യാവുന്ന ഒരു പരിമിതിയുണ്ട്. ക്രിമിനൽ പ്രൊസീഡുവർ കോഡിലെ കുറച്ചധികം വകുപ്പുകളും സിവിൽ പ്രൊസീഡുവർ കോഡിലെ ഇന്നയിന്ന വകുപ്പുകളും ഇതിൽ ബാധകമായിരിക്കും. കൂടാതെ 1860-ലെ ഇന്ത്യൻ പീനൽ കോഡിലെ എവിഡൻസ്

ആകും ബാധകമാക്കേണ്ടിവരുമെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഇതിൽ വിചാരണയും തെളിവെടുപ്പുമൊക്കെയുണ്ട്. ബിൽ വായിച്ചപ്പോൾ എന്റെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ട് ഞാൻ അറിഞ്ഞില്ല. എവിഡൻസ് ആക്ടിൽ ഏതൊക്കെ സെക്ഷനുകൾ വരുമെന്ന് അറിയില്ല. ഇന്ത്യയുടെ നിയമങ്ങളുടെ ഒരു ബൈബിൾ എന്ന് പറയുന്നത് സി.പി.സി.-യും സി.ആർ.പി.സി.-യും ഐ.പി.സി.-യുമാണ്. ഈ മൂന്ന് അടിസ്ഥാന നിയമങ്ങളുടെയും പ്രധാനപ്പെട്ട വകുപ്പുകൾ അനുസരിച്ച് കമ്മീഷന് പ്രവർത്തിക്കുവാൻ ഈ ബിൽ സ്വാതന്ത്ര്യം കൊടുക്കുന്നുണ്ട്. അതനുസരിച്ച് പ്രവാസികൾക്ക് ഞാൻ നേരത്തെ പറഞ്ഞ ഓപ്ഷനുകളിലൊന്നും പരാതികൾ യഥാസമയം സമർപ്പിക്കുവാനോ പരിഹാരം കാണാനോ സാധിക്കാതെ വരും. അതിന്റെ ഫലമായി അവിടെ ജോലി ചെയ്യുന്ന ആൾക്ക് ഇവിടെയുള്ള സമ്പത്ത്, ജീവിത സുരക്ഷിതത്വം, വൃദ്ധരായിട്ടുള്ള മാതാപിതാക്കളുടെ സംരക്ഷണം, കുടുംബത്തിന്റെ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരമായ പ്രശ്നങ്ങൾ, ചികിത്സകൾ ഓരോന്നും ഒരു ഡിസ്പ്യൂട്ട് ആയി മാറും. ഇതിപ്പോൾ ശ്രീ.ജെയിംസ് മാത്യു പറഞ്ഞതുപോലെ ഒരു പ്രത്യേക കോടതിയായി വയ്ക്കാൻ പറ്റില്ല. കാരണം ഇതിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ വൈവിധ്യമാർന്നതാണ്. ഇത് ഏതെങ്കിലും ഒരു പ്രത്യേക വകുപ്പിനകത്ത് നിർത്താൻ

സാധിക്കാത്തവിധം വിപുലമായതാണ്. നമുക്ക് നിർവ്വചിക്കാനാവാത്ത വിധം വിപുലമായിട്ടുള്ള പ്രശ്നങ്ങളുണ്ട്. അത് ചിലപ്പോൾ കുടുംബപ്രശ്നങ്ങളായിരിക്കാം. ഒരു സ്പെഷ്യൽ കോർട്ട് ഉണ്ടാക്കിയാൽ ഫാമിലി കോർട്ടിന്റെ പണിയും ക്രിമിനൽ കോർട്ടിന്റെ പണിയും സിവിൽ കോർട്ടിന്റെ പണിയും കൺസ്യൂമർ ഫോറത്തിന്റെ പണിയും എല്ലാംതന്നെ എടുക്കാൻ കഴിയുമോ? കഴിയില്ല. അതുകൊണ്ട് ഇത് പ്രധാനമായും ഒരു കോ-ഓർഡിനേഷൻ കൂടിയാണ്. വൈവിധ്യമാർന്ന സർക്കാർ വകുപ്പുകളുമായി കോ-ഓർഡിനേറ്റ് ചെയ്യുക. അത് സെൻട്രൽ ആന്റ് സ്റ്റേറ്റ് മാത്രമല്ല, If it is connected with some other state, ഏജൻസികളെവരെ ചൂഷണം ചെയ്യുന്ന ഏജൻസികളുണ്ട്. അവർ ചിലപ്പോൾ മലയാളിതന്നെ ആയിരിക്കണമെന്നില്ല. ചിലപ്പോൾ വേറെ സംസ്ഥാനത്തുനിന്നുള്ളവരോ ചിലപ്പോൾ അവിടെത്തന്നെയുള്ളവരോ ആകാം. ഇങ്ങനെ വരുമ്പോൾ നിർവ്വചിക്കാനാവാത്തവിധം വിപുലമായ സ്വഭാവങ്ങളോടു കൂടിയ പലവിധ പ്രശ്നങ്ങളാണ് ഇതിന് മുമ്പിൽ വരിക. ആ പ്രശ്നങ്ങളെ മുഴുവൻ പരിഹരിക്കാൻ ആവശ്യമായ അധികാര പരിധിയാണ് വേണ്ടത്. ഇത് വസ്തു സംബന്ധിച്ച തർക്കമോ ഒരു കുടുംബ പ്രശ്നമോ മാത്രമായി അവശേഷിക്കില്ല. അതുകൊണ്ടുതന്നെ ഒരു സ്പെഷ്യൽ കോർട്ട് എന്നുള്ള പ്രൊപ്പോസൽ അംഗീകരിക്കാൻ കഴിയില്ല. അങ്ങനെ

ഉണ്ടാക്കാൻ സാധിക്കില്ല. ഇതൊരു കോടതിയേ അല്ല. എന്നാൽ ഇതിന് കോടതിയുടെ അധികാരങ്ങളുണ്ട്. എന്നാൽ ഇതൊരു കോടതിയല്ലതാനും. ഇതിനൊരു എക്സിക്യൂട്ടീവ് പവറുമുണ്ട്. എക്സിക്യൂട്ടീവ് ആയിട്ടുള്ള അധികാരവും ജൂഡീഷ്യൽ പവറുമൊക്കെ ഒരുമിച്ചുചേരുന്ന, പലവിധത്തിലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ സാധിക്കുന്ന, ഏത് രാജ്യത്തും ജീവിക്കുന്ന മലയാളികളായിട്ടുള്ള ആളുകൾക്ക് സഹായകരമായിട്ടാണ് ഇത് നിൽക്കുന്നത്. പ്രവാസി എന്നുള്ള നിർവ്വചനത്തിൽപ്പെടുന്ന എല്ലാവർക്കും ഇതിനെ സമീപിക്കുവാൻ സാധിക്കും. അത് ഫങ്ഷൻ ചെയ്തുവരുമ്പോൾ മാത്രമേ അതിന്റെ ട്രാക്കിൽ വരികയുള്ളൂ. ആ സമയം വല്ല പ്രശ്നങ്ങളുമുണ്ടെങ്കിൽ അതാത് സന്ദർഭത്തിൽ അതാത് ഗവൺമെന്റുകൾക്ക് നിയമനിർമ്മാണത്തിൽ മാറ്റംവരുത്തി പലതും ചെയ്യാവുന്ന താണ്.

പിന്നെ, കമ്മീഷനിലെ അംഗങ്ങളെക്കുറിച്ച് മൂന്നാം വകുപ്പിൽ പറഞ്ഞിട്ടുണ്ട്. കമ്മീഷന്റെ രൂപീകരണത്തിൽ കമ്മീഷൻ അംഗങ്ങളെക്കുറിച്ച് പറയുമ്പോൾ ഹൈക്കോടതിയിൽനിന്നുള്ള റിട്ടയേർഡ് ജഡ്ജി-ചെയർമാൻ; അത് കുഴപ്പമില്ല, പ്രിൻസിപ്പൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു റിട്ടയേർഡ് ഐ.എ.എസ്. ഓഫീസർ സെക്രട്ടറി; അതും കുഴപ്പമില്ല, പിന്നെ പറയുന്ന മൂന്നാമത്തെ കാര്യം, രണ്ട്

വർഷത്തിലധികം വിദേശത്തുണ്ടായിരുന്ന പ്രവാസി ഭാരതീയർ എന്നാണ്. അത് വളരെവളരെ ചെറുതാണ്. രണ്ട് വർഷം വിദേശത്ത് പോയിട്ടില്ലാത്ത ആരെങ്കിലും കേരളത്തിലുണ്ടോ എന്ന് സംശയമാണ്. കാരണം ഒരു വിസിറ്റിംഗ് വിസയ്ക്ക് പോയാലും ഫ്രീ വിസയ്ക്ക് പോയാലും രണ്ട് വർഷം അവിടെ തങ്ങി ഒരു ജോലി കിട്ടുമോ എന്ന് അന്വേഷിച്ച് മടങ്ങി വരുന്നവരൊന്നും ഇതിൽ കയറിക്കൂടാൻ പാടില്ല. 25 വർഷമുള്ളവരും 10 വർഷമുള്ളവരും 40 വർഷമുള്ളവരും ധാരാളമുണ്ട്. മിനിമം 5 വർഷമെങ്കിലും ജോലിചെയ്തിട്ടില്ലാത്ത ഒരാൾക്ക് ഗൾഫ് എന്താണെന്ന് മനസ്സിലാവില്ല, ഒരു പ്രവാസിയുടെ ഇഷ്യൂ എന്താണെന്ന് മനസ്സിലാവില്ല. രണ്ട് വർഷം വിദേശത്ത് നിന്നു എന്നുള്ള കാരണംകൊണ്ട് ഒരാളും ഇതിൽ അംഗമാകാൻ യോഗ്യനല്ല എന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് പത്ത് വർഷമെന്നാണ് എന്റെ ശിപാർശ. അത് ബുദ്ധിമുട്ടാണെങ്കിൽ 5 വർഷമെങ്കിലും വിദേശത്ത് സ്വന്തമായി ബിസിനസ്സോ ഗവൺമെന്റ് ജോലിയോ ചെയ്ത് പരിചയമുള്ള ആൾ ആയിരിക്കണം ഈ രണ്ടുപേരും. പക്ഷേ അതിലും ചെറിയ ചില ഭേദഗതികളുണ്ട്. അത് പിന്നീട് ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ സമയത്ത് കൊടുക്കാം. രണ്ട് ആൾ എന്നതിനോട് എനിക്ക് യോജിപ്പില്ല. കാരണം രണ്ട് പോര. ഈ രണ്ട് വരുമ്പോൾ നോർമലി ഗൾഫ് രാജ്യത്തുള്ളവരാണ് ഇതിൽ വരാൻ സാധ്യത കൂടുതൽ. അപ്പോൾ

അത് നാല് പേരാക്കി മാറ്റണം. ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്ത രണ്ടുപേരെ എടുക്കുകയാണെങ്കിൽ അഞ്ച് വർഷം, one must be a pravasi among Europe. ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ഇംഗ്ലണ്ട്, അമേരിക്ക ഇങ്ങനെ ഏതെങ്കിലും യൂറോപ്യൻ രാഷ്ട്രങ്ങളിൽ ജോലി ചെയ്ത് പരിചയമുള്ള ഒരാൾ മൂന്നാമത്തേത്. നാലാമത്തെ ആൾ other nations-ൽ നിന്നായിരിക്കണം. ഈ പറഞ്ഞിട്ടില്ലാത്ത ഗൾഫ് രാഷ്ട്രങ്ങളോ യൂറോപ്യൻ രാഷ്ട്രങ്ങളോ അല്ലാത്ത മറ്റുരാഷ്ട്രങ്ങളിൽ ഏതിലെങ്കിലും നൈജീരിയ, ഉഗാണ്ട തുടങ്ങി യുദ്ധമൊക്കെ നടക്കുന്ന ഇറാക്കിലും സിറിയയിലുമൊക്കെ ധാരാളം മലയാളികളുണ്ട്. മറ്റ് രാഷ്ട്രങ്ങളിൽനിന്നുള്ള ഒരാൾ, യൂറോപ്പിൽനിന്നുള്ള ഒരാൾ, ഗൾഫ് രാജ്യങ്ങളിലുള്ള രണ്ടുപേർ. അങ്ങനെ നാലുപേർ. കാരണം അതൊരു പ്രവാസി കമ്മീഷനാണ്. അവർ ഇരുന്നോട്ടെ. എന്താ കുഴപ്പം? അത് എന്റെ ശിപാർശയാണ്. അത് വേണ്ടന്ന് വയ്ക്കണമെങ്കിൽ വയ്ക്കാം. എനിക്ക് വായിച്ചപ്പോൾ തോന്നിയ കാര്യമാണ് പറഞ്ഞത്. അങ്ങനെയുള്ള നാലുപേരെ ഇതിനകത്ത് ഉൾപ്പെടുത്തണം. അവരുടെ Minimum experience abroad must be more than five years or ten years. അതുകൊണ്ട് രണ്ട് വർഷം മാത്രമുള്ളവരെ എടുക്കരുത്. കമ്മീഷന്റെ അംഗങ്ങളെ സംബന്ധിച്ച തീരുമാനത്തിൽ അങ്ങനെ വരണം. ജനറലായിട്ടുള്ള കാര്യങ്ങളും പറയുകയാണ്. മറ്റ് സംഗതികൾ നമുക്ക്

വേറെ സൂക്ഷ്മമായ പരിശോധനയിൽ നടത്താവുന്ന ഒരു കാര്യമാണ്. കമ്മിഷൻ വിചാരണ ചെയ്ത് ഹിയറിംഗ് നടത്തി പ്രശ്നം തീർപ്പുകല്പിക്കുമ്പോൾ കമ്മീഷനിൽ ആർക്കുവേണമെങ്കിലും വാദിക്കുകയോ പറയുകയോ ഒക്കെ ചെയ്യാം. അവരുടെ പ്രതിനിധികൾക്കുവരാം. ആതറൈസേഷൻ സംവിധാനമൊക്കെ ഉണ്ടാക്കിയാൽ മതി. അവർ വന്നിട്ട് കാര്യങ്ങൾ പറഞ്ഞ് ഒരു തീരുമാനം ആയിക്കഴിഞ്ഞാൽ ചില സംഗതികൾ ഇംപ്ലിമെന്റ് ചെയ്യേണ്ടത് ഗവൺമെന്റായിരിക്കും. വേറെ ഏതെങ്കിലും ഏജൻസിയുമായോ അതുമായി ബന്ധപ്പെട്ട മറ്റ് ഏജൻസിയുടെ സഹായത്തോടു കൂടിയോ തീരുമാനം ഇംപ്ലിമെന്റ് ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് ഇത് വരാൻ പാടില്ല. Government has to implement. അത് സമയബന്ധിതമായി നിശ്ചയിച്ചാൽ മതി. അത് ക്വാസി ജുഡീഷ്യൽ ബോഡിയായാലും ഓർഡേഴ്സിന് എന്തായാലും നിയമസാധുതയുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. ഇപ്പോൾ കേരള വഖഫ് ബോർഡ് പാസാക്കുന്ന കാര്യങ്ങളൊക്കെ തീരുമാനം തന്നെയാണ്. ആ ഡിസിഷനുകൾക്ക് അതിന്റെ ആതന്റിസിറ്റിയുണ്ട്, വാലിഡിറ്റിയുണ്ട്, അത് ലീഗലി വാലിഡ് ആണ്. അതിനൊന്നും യാതൊരു സംശയവുമില്ല. അതിനുള്ള അധികാരങ്ങളൊക്കെയുണ്ട്. ഈ രീതിയിൽ വേണം നമ്മൾ ഈ വിഷയത്തെ കാണാൻ എന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ ഈ പ്രവാസികൾ

ഇപ്പോൾ വിദേശത്ത് നേരിടുന്ന കാര്യങ്ങളൊന്നും ഈ കമ്മീഷന്റെ ആംപിറ്റിൽ വരില്ല. അതിന് മന്ത്രിയുടെ വകുപ്പിൽത്തന്നെയുള്ള മറ്റ് ഡിപ്പാർട്ടുമെന്റുകളും മറ്റ് സൗകര്യങ്ങളുമൊക്കെ ധാരാളമായിട്ടുള്ളതുകൊണ്ട് അവയൊക്കെ വേണ്ടത്ര പ്രയോജനപ്പെടുത്താവുന്ന താണ്. എല്ലാം ഈ കമ്മീഷൻതന്നെ ചെയ്യണമെന്നില്ല. വളരെയേറെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ ആളുകൾ വിദേശരാജ്യങ്ങളിൽ പോയി ജോലി ചെയ്യതുകൊണ്ട് സാംസ്കാരികവും ആരോഗ്യപരവുമായ സമന്വയവും പരസ്പരബന്ധങ്ങളും ഒരു പുതിയ ലോകവീക്ഷണവും രൂപപ്പെടുത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. വ്യവസായങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും കാര്യത്തിലൊക്കെ വിദേശരാഷ്ട്രങ്ങൾ എന്തുമാത്രം കോൺട്രിബ്യൂഷൻസാണ് നൽകിയിട്ടുള്ളത്. നമ്മുടെ പ്രവാസികൾക്കുവേണ്ടി മാത്രമല്ല, വിദേശസഹായത്തോടുകൂടി എന്തെല്ലാം സ്ഥാപനങ്ങളാണ് നമ്മൾ കൊണ്ടുവരുന്നത്. അതൊക്കെ പോസിറ്റീവ് ആയി എടുക്കണം. കേരള സംസ്ഥാനത്തിന്റെ വളർച്ചയിലും വികാസത്തിലും വലിയ പങ്ക് വഹിച്ചിട്ടുള്ളതിൽ പ്രവാസികളും ഇതര രാഷ്ട്രങ്ങളുമുണ്ട്. വിവിധതരം വൈവിദ്ധ്യങ്ങളുടെ സമാഹാരമായിട്ടുള്ള രാജ്യമാണ് ഇന്ത്യ. ബഹുസ്വരത ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലമാണ്. ആ ബഹുസ്വരത ആർജ്ജിക്കുന്നതിനും മനസ്സിലാക്കുന്നതിനും വിദേശ

യാത്ര നടത്തുന്നതും ജോലി ചെയ്യുന്നതും സാംസ്കാരികമായ സമന്വയവുമൊക്കെ വളരെ ഫലപ്രദമാണ് എന്നകാര്യത്തിൽ ഒരു തർക്കവുമില്ല. ഇതൊക്കെ വളരെ വലിയ കോൺട്രിബ്യൂഷൻസാണ്. വിദ്യാഭ്യാസമില്ലാത്തവർ വിദേശ രാഷ്ട്രങ്ങളിൽ പോയി ജോലി ചെയ്തും യാത്രകൾ നടത്തിയും വിവിധ രാഷ്ട്രങ്ങളിലുള്ള ആളുകളെ പരിചയപ്പെട്ടും ധാരാളം അറിവ് നേടിയിട്ടുണ്ട്. നമ്മുടെ നാട്ടിലൊക്കെ ഗൾഫിൽ പോയി ജോലി ചെയ്തിരുന്ന ഒരുപാട് ആളുകളുണ്ട്. അതിൽ തീരെ വിദ്യാഭ്യാസമില്ലാത്ത, സ്കൂളിൽ പോയിട്ടില്ലാത്ത ഒരാൾ രണ്ടുമൂന്ന തവണ ഗൾഫിൽ പോയി റെഡിമെയ്ഡ് കടകളൊക്കെ നടത്തി അറബി ഭാഷയൊക്കെ പഠിച്ചു. പിന്നീട് അദ്ദേഹം കച്ചവടം തുടങ്ങിയത് പാരീസിലാണ്. ടിക്കറ്റ് ഒ.കെ. ആണോ അല്ലയോ എന്ന് നോക്കി മനസ്സിലാക്കാൻ പോലുമുള്ള ഇംഗ്ലീഷ് അറിയാത്ത ഒരാളാണ് അയാൾ. He has started a business in Paris. പാരീസിലും കഴിഞ്ഞപ്പോൾ, again he has started a new business at Maputo. Maputo എന്നുപറയുന്നത് മൊസാംബിക്കിന്റെ തലസ്ഥാനമാണ്. മൊസാംബിക്കിന്റെ തലസ്ഥാനമായ മപ്പൂട്ടോയിലെത്താൻ ജോഹന്നാസ്ബർഗ്ഗിൽ നിന്നും രണ്ടര മണിക്കൂർ പോകണം. സ്കൂളിലേ പോയിട്ടില്ലാത്ത ആൾ ഇവിടെ നിന്ന് ബോംബെയിൽ പോയി, ജോഹന്നാസ്ബർഗ്ഗിൽ പോയി, അവിടെ നിന്ന്

മപ്പൂട്ടോയിൽ പോയി. മപ്പൂട്ടോയിൽ പോർച്ചുഗീസ് ഭാഷയാണ് കൂടുതലായി ഉപയോഗിക്കുന്നത്. മപ്പൂട്ടോ പോർച്ചുഗീസിന്റെ കോളനിയായിരുന്നു. അവിടെ നിന്ന് അയാൾ പോർച്ചുഗീസ് പഠിച്ചു. റഷ്യയിൽ പ്രശ്നം ഉണ്ടായിട്ട് സോവിയറ്റ് യൂണിയനിൽ നിന്നും ആൾക്കാർ ഗൾഫിൽ വന്നപ്പോൾ അയാൾ റഷ്യൻ ഭാഷയും പഠിച്ചു. ഭാഷയെക്കുറിച്ചാണല്ലോ നമ്മൾ രാവിലെ ചർച്ച ചെയ്തത്. അയാൾ മുഴുവനായും പഠിക്കാത്ത ഭാഷ മലയാളമാണ്. അയാൾക്ക് റഷ്യൻ, അറബിക്, പോർച്ചുഗീസ് എന്നീ ഭാഷകൾ അറിയാം. എന്തൊരു സമന്വയമാണ്. എന്തെല്ലാം പുതിയ കാര്യങ്ങളാണ് മനസ്സിലാക്കുന്നത്. അപ്പോൾ ഇത് വലിയൊരു കോൺട്രിബ്യൂഷനാണ്. അവരെ സഹായിക്കേണ്ടത് അത്യാവശ്യമാണ്. നമ്മൾ ഒരു ബഹുസ്വര സമൂഹത്തിലാണ് ജീവിക്കുന്നത്. മതേതരത്വം വെല്ലുവിളികൾ നേരിടുന്ന കാലമാണ്. നമ്മൾ മതേതരത്വമെന്ന് എപ്പോഴും പറയാറുണ്ടെങ്കിലും മതേതരത്വത്തെക്കാൾ വലിയ സങ്കൽപ്പമാണ് ബഹുസ്വരത. മതേതരത്വം എന്നുപറഞ്ഞാൽ ഒരു പ്രത്യേക മതവിശ്വാസിയായതുകൊണ്ട് അവന് ഒരു ബുദ്ധിമുട്ടും വരികയില്ല, സർക്കാരിന് മതമില്ല, വ്യക്തികൾക്ക് അത് ആകാമെന്നുള്ള മട്ടിലാണ് നമ്മൾ കാണുന്നത്. അത് മതപരമായിട്ടുള്ള discrimination മാത്രമേ ഇല്ലാതാകുകയുള്ളൂ. നേരെമറിച്ച് ബഹുസ്വരത എന്നുപറഞ്ഞാൽ വ്യത്യസ്തമായ

ആഹാര ശീലങ്ങൾ, ആചാരങ്ങൾ അനുഷ്ഠാനങ്ങൾ എന്നിവയൊക്കെയാണ്. എം.എസ്. സുബ്ബലക്ഷ്മിയും ഉസ്താദ് ബിസ്മില്ലാഖാനും അംജത് അലിഖാനും അക്ബർ അലിഖാനും ഹരിപ്രസാദ് ചൗരസ്യയും പണ്ഡിറ്റ് രവിശങ്കറും, സൈന നെഹ്‌വാളും സാനിയാ മിർസയും കുത്തബ്മീനാറും താജ്മഹലും സച്ചിൻ ടെൻഡുക്കറും തഞ്ചാവൂരിലെ ബൃഹദീശ്വര ക്ഷേത്രവും അമൃത്സറിലെ സുവർണ്ണക്ഷേത്രവും എല്ലാം common property of all Indians ആണ്. അതെല്ലാം നമ്മുടേതാണ്. എല്ലാ പൈതൃകങ്ങളും ഒത്തിണങ്ങിയ ധാരാളം ബന്ധങ്ങളുണ്ട്. വിദേശ രാഷ്ട്രങ്ങളുമായി എത്രയധികം ബന്ധങ്ങളാണ് നമുക്കുള്ളത്. പ്രവാസജീവിതം പുതിയതാണോ? എല്ലാ രാഷ്ട്രങ്ങളുമായും നമുക്ക് ബന്ധമുള്ളതാണ്. വലിയ വലിയ കച്ചവടക്കാർ അന്യരാഷ്ട്രങ്ങളിൽ നിന്നും നമ്മുടെ നാട്ടിൽ വന്ന് കച്ചവടം നടത്തിയിട്ടുണ്ട്. അങ്ങനെയുള്ള വൈവിധ്യമാർന്ന ജനസമൂഹങ്ങളുമായിട്ടുള്ള നമ്മുടെ ബന്ധങ്ങൾ അതെല്ലാം വന്ന് ഒരു പുതിയ മനുഷ്യനായി നമ്മൾ മാറിയിരിക്കുകയാണ്. ബഹുസ്വരതയുള്ളതുകൊണ്ടാണ് കോഴിക്കോട് ആൾനൂഴിയിൽ ചാടിയ നൗഷാദ് മനുഷ്യത്വപരമായ ആ സമീപനം സ്വീകരിച്ചത്. He is being an Indian. മാത്രമല്ല, he is a human being. അകത്ത് കിടക്കുന്നത് ഏത് മതക്കാരനാണെന്നോ താൻ ഏത് മതക്കാരനാണെന്നോ നോക്കിയല്ല അദ്ദേഹം അത് ചെയ്തത്. അവന്റെ മതം

അതിൽ കൂട്ടിച്ചേർക്കേണ്ട കാര്യമില്ല. അത് മനുഷ്യന്റെ നല്ല സ്വഭാവങ്ങളാണ്.

ഇപ്പോൾ തമിഴ്നാട്ടിൽ വലിയ വെള്ളപ്പൊക്കമുണ്ടായി. എന്റെ മകൾ പഠിക്കുന്നത് കട്ടംകുളത്ത് എസ്.ആർ.എം. യൂണിവേഴ്സിറ്റിയിലാണ്. പന്ത്രണ്ട് നിലയുള്ള ലേഡീസ് ഹോസ്റ്റലിൽ നാലാമത്തെ നിലയിൽ അവൾ പെട്ടുപോയി. രണ്ടുമൂന്നു ദിവസം ഭക്ഷണവും വെള്ളവും വൈദ്യുതിയും ഫോണും ഇല്ലാതെ ബുദ്ധിമുട്ടുകയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനോടും അതിനെക്കുറിച്ച് പറഞ്ഞിരുന്നു. അവരൊക്കെ അതിൽ ഇടപെട്ടു. അവസാനം അവളെ രക്ഷപ്പെടുത്തിയത് യൂണിവേഴ്സിറ്റിയുടെ പുറത്ത് കച്ചവടം ചെയ്യുന്ന ഏതോ ഒരാളാണ്. എനിക്ക് നമ്പർ കിട്ടിയതിനെത്തുടർന്ന് ആ കടക്കാരനെ ഞാൻ ഫോണിൽ വിളിച്ചു. ആ കടക്കാരനും അദ്ദേഹത്തിന്റെ സഹപ്രവർത്തകനുംകൂടി നീന്തി ചെന്ന് എന്റെ മകളെയും വേറൊരു പെൺകുട്ടിയെയും അവിടെ നിന്ന് രക്ഷപ്പെടുത്തി. ഹോസ്റ്റലിലെ വാർഡൻ എന്നോട് ചോദിച്ചു നിങ്ങൾ ആരുടെ കയ്യിലാണ് മകളെ കൊടുക്കുന്നതെന്ന്. ഞാൻ പറഞ്ഞു എനിക്ക് അറിഞ്ഞുകൂടാ, പക്ഷെ I undertake the responsibility എന്ന്. എനിക്ക് തീരെ പരിചയമില്ലാത്ത രണ്ടു മനുഷ്യരാണ് നീന്തിപ്പോയി ഹോസ്റ്റലിൽ കിടന്ന എന്റെ മകളെ കൊണ്ടുവന്ന് ബസിൽ കയറ്റി സേലം വരെ എത്തിച്ചു തന്നത്. രണ്ടു

പെൺകുട്ടികളെ അജ്ഞാതരായ രണ്ടു പുരുഷന്മാർക്ക് ഈ വെള്ളപ്പൊക്കത്തിനിടയിൽ വിട്ടുകൊടുക്കാൻ ആർക്കാണ് ധൈര്യം വരുന്നത്; പക്ഷേ നിർവ്വാഹമില്ല. അവിടെ സുരക്ഷിതത്വമാണ് പ്രശ്നം. തമിഴ്നാട്ടിലെ എല്ലാ പള്ളികളിലും ക്ഷേത്രങ്ങളിലും അഭയാർത്ഥികളാണ്. അവർ കിടന്നുറങ്ങുന്നത് പള്ളികളിലാണ്. ബാങ്ക് വിളിക്കുന്നത് കേട്ടാണ് അന്യ മതസ്ഥരായ ആളുകൾ ഉണരുന്നത്. മറ്റൊരു കൂട്ടർ ശംഖുനാദം കേട്ടാണ് ഉണരുന്നത്. ആ നല്ല മനുഷ്യബന്ധങ്ങൾ വളർന്നു നിൽക്കുന്ന ഒരു സമൂഹത്തിൽ ബഹുസ്വരത നിലനിൽക്കേണ്ടത് ആവശ്യമാണ്. അതെല്ലാം നമ്മൾ ആലോചിക്കുമ്പോൾ പ്രവാസികൾ ബഹുസ്വര സമൂഹത്തിന്റെ വളർച്ചയിലും നമ്മുടെ മനോഭാവത്തെ വിശാലമാക്കുന്നതിലും ചിന്തയുടെ ചക്രവാളത്തെ വികസിപ്പിക്കുന്നതിനും വഹിച്ചിട്ടുള്ള പങ്ക് നിസ്സാരമല്ല. അങ്ങനെയുള്ള പ്രവാസ ജീവിതം നയിക്കുന്ന ലക്ഷോപലക്ഷം മലയാളികൾക്കുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ ബഹുമാനപ്പെട്ട കെ.സി.ജോസഫ് ഉൾപ്പെടെയുള്ള മന്ത്രിമാർ ആലോചിച്ച് കൊണ്ടുവന്നിട്ടുള്ള ഈ ബിൽ സാദ്ധ്യമാകുന്നത്ര ഗുണം ചെയ്യട്ടേയെന്ന ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കെ. രാജു</u>: സർ, പ്രവാസികളുടെ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ളൊരു കമ്മീഷനാണ് ഇതെന്നാണ് ബഹുമാനപ്പെട്ട പ്രവാസികാര്യമന്ത്രി ശ്രീ. കെ. സി. ജോസഫ് നടത്തിയ ഒരു പ്രസംഗത്തിൽ പറഞ്ഞത്. വളരെ വിപുലമായ അധികാരങ്ങളുള്ള ഒരു കമ്മീഷനാണെന്നാണ് എനിക്കുമുൻപ് സംസാരിച്ച ശ്രീ. കെ.എൻ.എ. ഖാദർ പറഞ്ഞത്. പ്രവാസികളുമായി ബന്ധപ്പെട്ട എന്തു കാര്യങ്ങളും ഈ കമ്മീഷന്റെ പരിധിയിൽ വരും. അതെല്ലാം അദ്ദേഹത്തിന്റെ ഭാവനയിൽ ഉടലെടുത്ത കാര്യങ്ങളാണ്. ഈ ബില്ലിലെ വകുപ്പുകൾ പരിശോധിച്ചാൽ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പ്രവാസികളുടെ കേസുകൾ കൈകാര്യം ചെയ്യാനുള്ള പ്രത്യേക കമ്മീഷനാണ് ഇതെന്ന് കാണാം. ഈ കമ്മീഷൻ യഥാർത്ഥത്തിൽ ഒരു കടലാസ് പുലി മാത്രമാണ്. ഈ നിലയിലാണ് ഈ ബിൽ പാസാക്കാൻ പോകുന്നതെങ്കിൽ ഈ കമ്മീഷൻ കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലായെന്ന് ഇപ്പോൾത്തന്നെ പറയാൻ ആഗ്രഹിക്കുകയാണ്. 'ഏട്ടിലെ പശു പുല്ലു തിന്നുകയില്ല' എന്നുപറയുന്നതുപോലെ പല്ലു കൊഴിഞ്ഞ ഒരു സിംഹത്തിന് പ്രത്യേകിച്ച് ഒന്നുംചെയ്യാൻ സാധിക്കുകയില്ല. യഥാർത്ഥത്തിൽ പ്രവാസികൾക്കു വേണ്ടി വലിയ എന്തോ സംഗതി വരുന്നുവെന്ന് പറഞ്ഞുകൊണ്ടുവരുന്ന ഈ കമ്മീഷനിൽ ഒരു കഥയുമില്ല. ഈ കമ്മീഷന്റെ

ചുമതലയായി പറയുന്നത് എന്തൊക്കെയാണ്? അഡ്വൈസറി നേച്ചർ മാത്രമായിട്ടുള്ള കാര്യങ്ങളാണ് കമ്മീഷന്റെ ചുമതലയായി പറയുന്നത്. 9-ാം വകുപ്പ് (2)-ാം ഖണ്ഡത്തിൽ പറയുന്ന കമ്മീഷന്റെ ചുമതലകൾ താഴെപ്പറയും പ്രകാരമാണ്;

(എ) പ്രവാസി ഭാരതീയരായ കേരളീയരെയും അവരുടെ കുടുംബത്തെയും അവരുടെ അവകാശങ്ങളിൽ, പ്രത്യേകിച്ച്, കേരള സംസ്ഥാനത്തെ സ്വത്തുക്കളെയും ജീവനെയും സംബന്ധിക്കുന്ന തർക്കങ്ങളിൽ സഹായിക്കുക;

(ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവാസി ഭാരതീയരായ കേരളീയരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുക;

(സി) പ്രവാസി ഭാരതീയരായ കേരളീയരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക.

സഹായിക്കുക, ഉപദേശിക്കുക, പ്രവർത്തിക്കുക ഇങ്ങനെയുള്ള വെറും അഡ്വൈസറി നേച്ചറായിട്ടുള്ള ചുമതലകൾ മാത്രമാണ് ഈ കമ്മീഷനിൽ ഉള്ളതെന്ന് കാണാം.

(ഡി) പ്രവാസി ഭാരതീയരായ കേരളീയരുടെയും കേരളത്തിൽ താമസിക്കുന്ന അവരുടെ ഭാര്യയ്ക്കും അല്ലെങ്കിൽ ഭർത്താവിനും മാതാപിതാക്കൾക്കും സാമൂഹ്യജീവിതത്തിനും ആരോഗ്യസംരക്ഷണത്തിനുമായി സാമൂഹ്യ സേവന

സംഘടനകളെ സൗകര്യപ്പെടുത്തുക;

(ഇ) പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതിയുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആയതിൻമേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശിപാർശ ചെയ്യുക;

(എഫ്) ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തെയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളിലെ അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാര നിയമനിർമ്മാണ നടപടികളെയും കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക;

(ജി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവർത്തികളെക്കുറിച്ച് അന്വേഷിക്കുന്നതിനും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പു വരുത്തുക. ഇതൊക്കെയാണ് കമ്മീഷന്റെ ചുമതലകൾ എന്നുപറയുന്നത്. ഇതിനെന്തിനാണ് കമ്മീഷൻ? ഇവിടെ ഇന്ത്യൻ പീനൽ കോഡ് അനുസരിച്ചുള്ള ഏതെങ്കിലും ഒഫൻസ് കേരളത്തിലോ ഇന്ത്യയിലോ വച്ച് കമ്മിറ്റ് ചെയ്താൽ, അതിന്മേൽ

കേസെടുക്കാൻ ഇപ്പോൾ നമ്മുടെ രാജ്യത്ത് നിയമമില്ലേ, നിയമത്തിലെ ആ വകുപ്പനുസരിച്ച് നടപടിയെടുത്താൽ പോരേ? നമ്മുടെ രാജ്യത്തെ ഒരു പ്രവാസിയുടെ ഭാര്യ അല്ലെങ്കിൽ മക്കൾ ഇവിടെ താമസിക്കുന്നു, അവരുടെ വസ്തുക്കൾ സമീപപ്രദേശത്തുകാരൻ എൻക്രോച്ച് ചെയ്യുന്നു. അതിനെതിരായി പോലീസിലോ കോടതിയിലോ കേസ് കൊടുക്കുകയല്ലേ നടപടിക്രമം. ഞാൻ ചോദിക്കുന്നു, ഈ നിയമം നമ്മുടെ രാജ്യത്തിന് മുഴുവൻ ബാധകമായിട്ടുള്ള ഐ.പി.സി.-യും സി.ആർ.പി.സി.-യും സി.പി.സി.-യുമെല്ലാം ഇവിടെ നിലവിലുള്ളപ്പോൾ ഉപദേശ നിർദ്ദേശങ്ങൾ കൊടുക്കാൻ മാത്രമായി ഒരു കമ്മീഷനെ രൂപീകരിക്കുന്നതുകൊണ്ട് എന്താണർത്ഥം? നമ്മുടെ നാട്ടിൽ ധാരാളം കമ്മീഷനുകളുണ്ട്. പലതിനും പ്രത്യേകിച്ച് യാതൊരു ഫംഗ്ഷനും നിർവ്വഹിക്കാനില്ലാത്ത നിലയിൽ നിൽക്കുകയാണ്. ആ കമ്മീഷന്റെ പ്രവർത്തനങ്ങൾകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്, ആ ഫലം യഥാർത്ഥത്തിൽ കിട്ടുന്നില്ല. ഈ കമ്മീഷന്റെ രൂപീകരണം കൊണ്ടും അതുതന്നെയായിരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും

വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, നിലവിലുള്ള സംവിധാനത്തിൽ ഉണ്ടാകുന്ന കാലവിളംബം മൂലം പ്രവാസികൾക്ക് വളരെയേറെ പ്രയാസമുണ്ടാകുന്നുണ്ടെന്നും അതുകൊണ്ട് അവരുമായി ബന്ധപ്പെട്ട കേസ് കൈകാര്യം ചെയ്യുന്നതിനുവേണ്ടി പ്രത്യേക സംവിധാനം വേണമെന്ന ആവശ്യം കേരളത്തിലെ പ്രവാസികളടക്കം, അങ്ങയുടെ സംഘടന നേതാവായ ശ്രീ. കെ. ഇ. ഇസ്മയിൽ അടക്കമുള്ളവർ ആവശ്യപ്പെട്ട കാര്യമാണ്. അതുകൊണ്ടാണ് ഗവൺമെന്റ് ഈ നിയമമുണ്ടാക്കിയത്.

ശ്രീ. കെ. രാജു: സർ, അങ്ങ് പറഞ്ഞത് ന്യായമാണ്. അതിനുവേണ്ടി ഇത് പോര എന്നാണ് ഞാൻ പറയുന്നത്. ഇവിടെ ശ്രീ. ജെയിംസ് മാത്യു സൂചിപ്പിച്ചതുപോലെ, അബ്കാരി ആക്ടിന്റെ കീഴിൽ അബ്കാരി കേസുകൾ കൈകാര്യം ചെയ്യാൻ സ്പെഷ്യൽ കോടതികളുണ്ട്. ഫോറസ്റ്റുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യാൻ ഫോറസ്റ്റ് കോർട്ടുണ്ട്. അട്രോസിറ്റീസ് എഗൻസ്റ്റ് എസ്.സി ആന്റ് എസ്.റ്റി, അതിന് പ്രത്യേകമായ സംവിധാന മുണ്ട്. നമ്മുടെ രാജ്യത്ത് പ്രത്യേക വിഭാഗത്തിനുവേണ്ടി പ്രത്യേക മേഖലയിൽ, കോടതികളുണ്ട്. ഉദാഹരണത്തിന്, കുടുംബവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന, ഭാര്യാഭർത്താക്കന്മാരും മക്കളും അവരുടെ അവകാശങ്ങളും അവരുടെ

ജീവനാംശവുമൊക്കെ സംബന്ധിച്ചുള്ള കാര്യങ്ങൾക്കായി ഫാമിലി കോടതിയുണ്ട്. അതിനുവേണ്ടി മാത്രമായി സ്പെഷ്യൽ കോടതിയുണ്ട്, അവിടെ കേസ് കൊടുക്കുക, അതല്ലേ അതിന്റെ പരിഹാരം? പ്രവാസി സംഘടനാ സമ്മേളനത്തിൽ ഉയർന്നുവന്നതുപോലെ, പ്രവാസികളുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പരിഹാരം കാണാൻ, അവരുടെ കേസുകൾ കേട്ട് അടിയന്തരമായി പരിഹാരമുണ്ടാക്കാൻ ഒരു സ്പെഷ്യൽ കോർട്ട് രൂപീകരിക്കുന്നതിനുവേണ്ടി, എന്തുകൊണ്ട് ഹൈക്കോടതിയുടെ അനുവാദം വാങ്ങി ഒരു പ്രത്യേക കോടതി സ്ഥാപിച്ചുകൂടാ; അതല്ലേ ഇതിന്റെ പരിഹാരം?

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ശ്രീ. ജെയിംസ് മാത്യുവും അങ്ങും പ്രത്യേക കോടതി സ്ഥാപിക്കണമെന്നുള്ള ഒരു ആർഗ്യുമെന്റാണ് വയ്ക്കുന്നത്. അതിന് ഉദാഹരണമായി, അബ്കാരി കേസുകളുടെയും ഫോറസ്റ്റുമായി ബന്ധപ്പെട്ട കേസുകളുടെയും കാര്യം പറഞ്ഞു. ക്രിമിനൽ കേസ് നടത്തുന്നതിന് സി.ആർ.പി.സി. പ്രകാരം അധികാരം കിട്ടിയ മജിസ്ട്രേറ്റ് തന്നെയാണ് അബ്കാരി കേസുകളും ഫോറസ്റ്റുമായി ബന്ധപ്പെട്ട കേസുകളുമൊക്കെ കേൾക്കുന്നത്. ആ കോടതിയിൽ തന്നെയാണ് അത് കേൾക്കുന്നത്. സി.ആർ.പി.സി.-യുടെയും സി.പി.സി-യുടെയും അധികാരത്തോടുകൂടിയ ഒരു

സ്പെഷ്യൽ കോർട്ട് പ്രവാസികൾക്കുവേണ്ടി സ്ഥാപിക്കണമെന്ന് പറയുന്നതിലെ ന്യായമെന്താണെന്ന് മനസ്സിലാകുന്നില്ല. യഥാർത്ഥത്തിൽ വേണ്ടത്........... ഇത് ഇന്ത്യയിൽ മാത്രം നടക്കുന്ന ചില ക്രൈംസല്ലേ, ചിലപ്പോൾ ഏജൻസികൾ കളിപ്പിക്കുന്ന ചില കാര്യങ്ങൾ കാണും. പ്രവാസികളുമായി ബന്ധപ്പെടുന്ന നിരവധി വിഷയങ്ങളുണ്ട്, ആ വിഷയങ്ങളെ മനസ്സിലാക്കി അത് വേണ്ടരീതിയിൽ അവരെ ഉപദേശിക്കുകയും അവർക്കുവേണ്ട സഹായം എത്തിക്കുകയും ചെയ്യുന്നതിനുള്ള ഏജൻസിയല്ലാതെ ജൂഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു പ്രത്യേക കോടതി സ്ഥാപിച്ച് നമുക്ക് എങ്ങനെയാണ് പ്രവാസികളെ സഹായിക്കാൻ കഴിയുന്നതെന്ന് മനസ്സിലാകുന്നില്ല?

<u>ശ്രീ. കെ. രാജു</u>: സർ, ഒരു കോടതിയായാൽ പെട്ടെന്ന് തന്നെ റിലീഫുണ്ടാകും. ആ കോടതി വിചാരണ നടത്തി കുറ്റക്കാരനെന്ന് കണ്ടുകഴിഞ്ഞാൽ ആ കുറ്റക്കാരെ ശിക്ഷിക്കാനോ അല്ലെങ്കിൽ നടപടികളെടുക്കാനോ എക്സിക്യൂഷനുള്ള അധികാരംകൂടി ആ കോടതിക്കുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കട്ടെ, ബില്ലിൽ ഈ കമ്മീഷൻ എവിടെയാണ് എക്സിക്യൂഷനുവേണ്ടിയുള്ള അധികാരങ്ങൾ

നൽകുന്നത്; ഏത് വകുപ്പാണ്; എക്സിക്യൂട്ട് ചെയ്യുന്നതാരാണ്? ഈ കമ്മീഷൻ കൂടിയിരുന്ന് തീരുമാനിക്കുന്ന നിർദ്ദേശങ്ങൾ സർക്കാരിന് കൊടുക്കാം. ഒരു സർക്കാർ അത് എക്സിക്യൂട്ട് ചെയ്തില്ലെങ്കിൽ ആ സർക്കാരിനെ ഈ കമ്മീഷന് എന്തുചെയ്യാൻ കഴിയും? കമ്മീഷന് എന്തുചെയ്യാൻ കഴിയുമെന്ന ചോദ്യത്തിനേക്കാൾ പ്രധാനമാണ് അതുമായി ബന്ധപ്പെട്ട കക്ഷികൾക്കെന്തുചെയ്യാൻ കഴിയുമെന്നുള്ളത്. സർക്കാരിനെ തിരായി നേരിട്ട് കേസ്സുകൊടുക്കാൻ കഴിയുമോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇതൊരു കടലാസ് പുലി മാത്രമാണെന്ന്. യഥാർത്ഥത്തിൽ വിചാരണ നടത്തി തീരുമാനമെടുത്താൽ ആ തീരുമാനം നടപ്പിലാക്കുന്നതിനുള്ള അധികാരം കൂടി കൊടുക്കണം. അത് കൂടി കൊടുത്താൽ മാത്രമേ ഇതുകൊണ്ട് എന്തെങ്കിലും ഫലമുണ്ടാകുകയുള്ളൂ. ആ അധികാരമില്ലാത്തിടത്തോളം കാലം പ്രത്യേകിച്ച് യാതൊരു ഗുണവും ഇതുകൊണ്ട് ഉണ്ടാകാൻ പോകുന്നില്ല. ഈ ബില്ലനുസരിച്ച് സർക്കാരിന് എപ്പോൾ വേണമെങ്കിലും ഈ കമ്മീഷന് കഴുത്ത് ഞെരിച്ച് കൊല്ലാം. കാരണമെന്താണ്? ഇതിന്റെ പ്രവർത്തനത്തിനുവേണ്ടിയുള്ള ഫണ്ടിനെ കുറിച്ച് പറയുന്നത് എന്താണെന്ന് അറിയാമോ? സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റുകൾ ഈ ആക്ടിന്റെ ആവശ്യങ്ങൾക്ക്

വിനിയോഗിക്കുന്നതിന് നിയമസഭയിൽ ഇതിലേയ്ക്കായി നിയമം മൂലം യഥാവിധി ധനവിനിയോഗം നടത്തിയശേഷം....... യഥാവിധി ധനവിനിയോഗം എന്നുപറയുമ്പോൾ അവർക്ക് ശമ്പളം കൊടുക്കാനും മറ്റുമുള്ള സ്ഥിരമായ കാര്യത്തെ സംബന്ധിച്ചാണ്. ബാക്കിയുള്ള ചെലവിലേയ്ക്ക് വേണ്ടിവരുന്ന തുക സർക്കാരിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള തുക സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ഗ്രാന്റായി കമ്മീഷന് നൽകേണ്ടതാണ്. ഗവൺമെന്റിന് ഇതിനെ ignore ചെയ്തുകൂടേ? ഗ്രാന്റ് കൊടുക്കാതിരുന്നുകൂടേ? കൊടുക്കാതിരുന്നാൽ ഈ കമ്മീഷൻ പ്രവർത്തിക്കുമോ? ഇന്ന് പല കമ്മീഷന്റെയും പ്രവർത്തനം വേണ്ടത്ര നടക്കുന്നുണ്ടോ? ഞാൻ ചോദിക്കട്ടെ, ഈ നാലര വർഷത്തിനുള്ളിൽ കടാശ്വാസ കമ്മീഷനെ നിങ്ങൾ എന്താക്കി, നോക്കുകുത്തിയാക്കിയില്ലേ? കേരളത്തിൽ ജനങ്ങളെല്ലാം, കർഷകരെല്ലാം വളരെ ആഗ്രഹിച്ച്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന കടാശ്വാസ കമ്മീഷൻ ഇപ്പോൾ എവിടെയാണ്; അതിന്റെ പ്രവർത്തനം വല്ലതും നടക്കുന്നുണ്ടോ?

<u>ശ്രീ. എം. ഉമ്മർ</u>: സർ, കടാശ്വാസ കമ്മീഷന്റെ ജഡ്ജിയായിരുന്ന ഗഫൂർ, അദ്ദേഹം മരിച്ചുപോയി, അദ്ദേഹം ജഡ്ജിയായി, കമ്മീഷനായി

നിൽക്കുമ്പോഴാണ് ഈ കമ്മീഷന് അന്നത്തെ ഗവൺമെന്റ് യാതൊരു സഹായവും നടത്തിയില്ലെന്ന് പറഞ്ഞ് അദ്ദേഹം പത്രസമ്മേളനം നടത്തി. അന്ന് വേദിയിലുണ്ടായിരുന്ന അന്നത്തെ മന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ വേദിവിട്ട് പോകുകയും ചെയ്ത സംഗതികൾ പത്രത്തിൽ വലിയ വാർത്തയായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കടാശ്വാസ കമ്മീഷനോട് ഇടതുപക്ഷ ഗവൺമെന്റ് വളരെ നീതിപുലർത്തിയില്ലായെന്നത് കമ്മീഷൻ തന്നെ പരസ്യമായി പറഞ്ഞതാണ്.

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് കേട്ടപ്പോൾ അതിശയം തോന്നുന്നു. കടാശ്വാസ കമ്മീഷൻ ബിൽ പാസ്സാക്കി കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത് ഇടതുപക്ഷ സർക്കാരാണെന്ന് എല്ലാവർക്കു മറിഞ്ഞുകൂടേ? ശ്രീ. എം. ഉമ്മർ അന്നത്തെ സഭയിൽ അംഗമായിരുന്ന ആളാണ്. ആ കമ്മീഷന്റെ പ്രവർത്തനം, ഈ കഴിഞ്ഞ നാലര വർഷക്കാല മായി എങ്ങനെ കിടക്കുന്നു? കമ്മീഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നുണ്ടോ; അതുമൂലം കർഷകർക്ക് എന്തെങ്കിലും പ്രയോജനം ലഭിക്കുന്നുണ്ടോ? ഒരു കമ്മീഷനെ പ്രവർത്തനമില്ലാത്ത കമ്മീഷനാക്കി മാറ്റാൻ സർക്കാർ വിചാരിച്ചാൽ കഴിയും, കാരണം ഗ്രാന്റ് കൊടുക്കാതിരുന്നാൽ മതി.

ഇവിടെ വേറെ പല അനുഭവങ്ങളും സൂചിപ്പിക്കാൻ കാണും. ഗ്രാന്റ് കൊടുക്കാതെ ഇരിക്കുന്നതുകൊണ്ട് പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിയാത്ത ലൈബ്രറി കൗൺസിന് കൊടുക്കേണ്ട ഗ്രാന്റ്, കാലാകാലങ്ങളിൽ ഈ സർക്കാർ കൊടുക്കാത്തതുകൊണ്ട് സാംസ്കാരികരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ ലൈബ്രറി കൗൺസിൽ പലപ്പോഴും പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ശ്രീ. കെ. ശിവദാസൻ നായർ പത്തനംതിട്ടയിൽ അന്വേഷിച്ചാൽ അക്കാര്യം മനസ്സിലാകും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ശ്രീ. രാജു കടാശ്വാസ കമ്മീഷനെക്കുറിച്ച് ഇവിടെ സംസാരിക്കുകയാണ്. കടാശ്വാസ കമ്മീഷന്റെ നിയമമുണ്ടാക്കിയിരിക്കുന്നത് ഒരു പർട്ടിക്കുലർ പിരീഡിലേയ്ക്ക് മാത്രമാണ്. ആ പിരീഡ് കഴിഞ്ഞിട്ട്, ഈ ഗവൺമെന്റ് വന്നപ്പോൾ അത് എക്സ്റ്റെന്റ് ചെയ്യുകയായിരുന്നു. അല്ലാതെ ആജീവനാന്തം കടാശ്വാസ കമ്മീഷൻ നിലനിൽക്കുകയെന്ന ഉദ്ദ്യേശത്തോടുകൂടി ഉണ്ടാക്കിയ നിയമമല്ല അത്. അത് അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. രാജു: സർ, കർഷകന്റെ പ്രശ്നങ്ങളെല്ലാം അവസാനിച്ചോ; കർഷകന്റെ കടമെല്ലാം തീർന്നോ; നിങ്ങളുടെ ഗവൺമെന്റ് വന്നതിനുശേഷം

വീണ്ടും കർഷക ആത്മഹത്യ നടന്നുകൊണ്ടിരിക്കുകയല്ലേ. കൃഷി വകുപ്പ് മന്ത്രിയോട് ചോദിച്ചാൽ കൃത്യമായി എത്രപേർ മരിച്ചുവെന്നത് സംബന്ധിച്ച് കണക്ക് തരും.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, നിങ്ങളുടെ ഭരണകാലത്ത്, കഴിഞ്ഞ അഞ്ച് വർഷം 208 കർഷകരാണ് ആത്മഹത്യ ചെയ്തത്. ഇപ്പോൾ 56 പേരേ ആത്മഹത്യ ചെയ്തിട്ടുള്ളൂ. അത് നിങ്ങൾ കൂട്ടുതലാക്കരുത്. ഈ കമ്മീഷന്റെ രൂപീകരണവുമായി ബന്ധപ്പെടുത്തി ഇതിൽ അഞ്ച് അംഗങ്ങളെക്കുറിച്ചാണ് പറയുന്നത്. അതിൽ ഒന്ന്, ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജിയാണ്. ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജിയെ കിട്ടിയില്ലെങ്കിൽ എന്തുചെയ്യണം; ഇതിനകത്ത് ഒന്നും പറയുന്നില്ല. അല്ലെങ്കിൽ ഇനി പറയുമായിരിക്കും. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ കിട്ടിയില്ലെങ്കിൽ ആരെയെങ്കിലും ഉദ്ദേശിച്ചിട്ടുണ്ടോ; ചിലയാളുകളെ മനസ്സിൽ കണ്ടുകൊണ്ടാണ് പലപ്പോഴും പല കമ്മീഷനുകളും ഉയർന്നുവരുന്നത്. അങ്ങനെയുണ്ടെങ്കിൽ സഭയിൽ വെളിപ്പെടുത്തണം. അല്ലെങ്കിൽ ഇതിൽ

എഴുതിച്ചേർക്കണം. ഹൈക്കോടതി ജഡ്ജിയെയോ അല്ലെങ്കിൽ റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയെയോ കിട്ടാത്തപക്ഷം എന്ന് ഇതിൽ എഴുതിച്ചേർക്കണം. റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജി എന്നാണ് ഇതിൽ പറയുന്നത്. അദ്ദേഹത്തെ കിട്ടിയില്ലെന്നുണ്ടെങ്കിൽ ഇപ്പോൾ നിലവിലുള്ള ജഡ്ജിമാരിൽ ഒരാളായാലും മതിയാകും എന്നുള്ളത് എഴുതി ചേർക്കണം. അതല്ല അവർ രണ്ടുപേരെയും കിട്ടുന്നില്ലെങ്കിൽ ഒരു റിട്ടയേർഡ് ജില്ലാ ജഡ്ജി അല്ലെങ്കിൽ വേറെ ആളുണ്ടെങ്കിൽ അതിന് ഒരു പ്രൊവിഷൻകൂടി വേണ്ടേ; ഇതിനെക്കുറിച്ച് ഒന്നും പറയുന്നില്ല.

<u>ശ്രീ. എം. ഉമ്മർ</u>: സർ, അതായത്, റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ കിട്ടിയില്ലെങ്കിൽ ജില്ലാ ജഡ്ജി എന്നുള്ളത് പറയാൻ പറ്റില്ല. അതിന് തത്തുല്യമായ പോസ്റ്റ് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അങ്ങേയ്ക്ക് എന്ത് നിർദ്ദേശമാണുള്ളത്; റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ കിട്ടിയില്ലെങ്കിൽ റിട്ടയേർഡ് ജില്ലാ ജഡ്ജി എന്നുപറയാൻ പറ്റുകയില്ല. സിറ്റിംഗ് ജഡ്ജിയെ കിട്ടുക എന്നുള്ളത് വളരെ പ്രയാസമായിരിക്കും. അതുകൊണ്ടാണ് റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി എന്നുപറയുന്നത്. അല്ലെങ്കിൽ ബാക്കി ഓപ്ഷൻ എന്താണെന്ന് ബഹുമാനപ്പെട്ട

മെമ്പർ പറയണം. റിട്ടയേർഡ് ജില്ലാ ജഡ്ജി റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിക്ക് തുല്യമാകുകയില്ല. അതിന് തത്തുല്യമായ വേറെ ഏതെങ്കിലും പോസ്റ്റുണ്ടെങ്കിൽ അങ്ങേയ്ക്ക് അത് പറയാം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് പരിഗണിക്കുന്നതായിരിക്കും.

ശ്രീ. കെ. രാജു: സർ, ഈ ബില്ലിൽ വ്യവസ്ഥ ചെയ്യണ്ടേ എന്നുള്ളതാണ് എന്റെ ചോദ്യം.

മി. ചെയർമാൻ: തീർച്ചയായും വേണം.

ശ്രീ. കെ. രാജു: സർ, ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജിയെ കിട്ടിയില്ലെങ്കിൽ പകരം തത്തുല്യമായ മറ്റ് ആളുകളെ പരിഗണിക്കേണ്ടതാണ് എന്നുപറയേണ്ടതാണ്. അത് പറഞ്ഞിട്ടില്ല എന്നാണ് പറയുന്നത്. അതുപോലെതന്നെ രണ്ട് പ്രവാസികളുടെ പ്രതിനിധികളുടെ കാര്യം - 23 ലക്ഷം പേരിൽനിന്ന് രണ്ട് പ്രവാസികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; എന്താണ് അതിന്റെ മാനദണ്ഡം; അതിനെക്കുറിച്ച് ഒന്നും പറയുന്നില്ലല്ലോ; ഗവൺമെന്റ് നോമിനേറ്റ് ചെയ്യുക എന്നുപറഞ്ഞാൽ

സാധാരണഗതിയിൽ വരാൻപോകുന്നത് അവിടത്തെ രണ്ടുപ്രമാണിമാരായിട്ടുള്ള പ്രവാസികളുടെ പേരായിരിക്കും. ഒന്ന് ലീഗും കോൺഗ്രസ്സും എന്ന് പറയുന്നുവെങ്കിലും മിക്കവാറും പച്ചക്കൊടിതന്നെ ആയിരിക്കും അതിൽ വരാൻപോകുന്നത്. ഏത് പാർട്ടി എന്നുള്ളതല്ല വിഷയം. മിക്കവാറും നല്ല സമ്പന്നരായിട്ടുള്ള വ്യവസായികളുടെ പേരായിരിക്കും ഈ കമ്മീഷനിൽ വരാൻ പോകുന്നത്. അഞ്ചുപേരുള്ള ഈ സമിതിയിൽ രണ്ടുപേർ അങ്ങനെയുള്ളവരായി മാറും. ഒരാൾ ഹൈക്കോടതി ജഡ്ജി. പിന്നൊരാൾ വകുപ്പുസെക്രട്ടറിയായ ഐ.എ.എസ്. ഉദ്യോഗസ്ഥൻ. അഞ്ചുപേരുള്ളതിൽ മൂന്നുപേർ വന്നാൽ ഭൂരിപക്ഷമായില്ലേ; ഈ രണ്ടുപ്രവാസിയും ചെയർമാനും കൂടിയാൽ ഏത് തീരുമാനവും അവർക്ക് എടുക്കാൻ കഴിയും. നമ്പർ വർദ്ധിപ്പിക്കണം. അഞ്ച് എന്നുള്ളത് ഏഴാക്കി വർദ്ധിപ്പിക്കണം. ഞാൻ ഇവിടെ പറയുന്നത് എന്താണെന്നുവച്ചാൽ, കേരളത്തിൽ നല്ല അംഗീകാരമുള്ള ആയിരക്കണക്കിന് പ്രവാസികൾ പ്രതിനിധീകരിക്കുന്ന സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ., അടക്കമുള്ള ആളുകൾ ഭാരവാഹികളായിട്ടുള്ള സംഘടനകൾ പ്രവർത്തിക്കുന്നില്ലേ;

ഞാൻ ചോദിക്കട്ടെ, ഭരണപക്ഷത്തുനിന്ന് എടുക്കാം. അല്ലെങ്കിൽ പ്രതിപക്ഷത്തുനിന്നും ആയിക്കോട്ടെ. ആ സംഘടനകൾ നല്ലതുപോലെ പ്രവർത്തിക്കുന്നു. ഈ വിഷയങ്ങളെല്ലാം അറിയാവുന്ന ആളുകളെ എന്തുകൊണ്ട് പരിഗണിക്കുന്നില്ല; അതിനുള്ള പ്രൊവിഷനൊന്നും ഇതിനകത്ത് കാണുന്നില്ല.

മി. ചെയർമാൻ: ക്ലോസ് ബൈ ക്ലോസ് ആയി ഭേദഗതിയിൽ കൊടുക്കാം.

ശ്രീ. കെ. രാജു: സർ, ക്ലോസ് ബൈ ക്ലോസ് ആയി ഞാൻ കടന്നുപോകുന്നില്ല. ഞാൻ സൂചിപ്പിക്കുന്നത്, നമ്മുടെ പ്രവാസികളുടെ രക്ഷയ്ക്കുവേണ്ടി അങ്ങ് അവതരിപ്പിച്ചിട്ടുള്ള ഈ ബിൽ യഥാർത്ഥത്തിൽ പ്രവാസികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്നതല്ല. അങ്ങയുടെ ഉദ്ദേശശുദ്ധിയെ വളരെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. പ്രവാസികളുടെ ദേശീയ സമ്മേളനത്തിൽ ഉണ്ടായിട്ടുള്ള ആവശ്യങ്ങൾകൂടി പരിഗണിച്ച് ഇത്തരം ഒരു ബിൽ കൊണ്ടുവരുന്നതിനുവേണ്ടി അദ്ദേഹം പരിശ്രമിച്ചുവെന്നുള്ളത് ശരിയാണ്. പക്ഷേ ഇത് പര്യാപ്തമല്ല എന്ന് ഈയവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. പ്രവാസികൾക്ക് നിരവധി ക്ഷേമപദ്ധതികൾ ഉണ്ടെന്ന് കഴിഞ്ഞ കുറെ വർഷങ്ങൾ

പരിശോധിച്ചാൽ കാണാൻ കഴിയും. പുതിയ പുതിയ പദ്ധതികൾ ഉണ്ടാകുന്നുണ്ട്. മുമ്പ് ഇല്ലാത്തവിധം പദ്ധതികൾ വരുന്നുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും പ്രത്യേകമായിട്ടുള്ള താൽപ്പര്യം എടുക്കുന്നുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. പലതും പക്ഷേ ഫലപ്രദമാകുന്നില്ല എന്നുള്ളതാണ്. പ്രവാസികൾക്ക് ഈ കമ്മീഷനെക്കാൾ ഏറ്റവും പ്രധാനം നിതാഖത്ത് പോലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്ക് പുനരധിവാസത്തിനുവേണ്ടിയുള്ള പദ്ധതി ഫലപ്രദമായി നടപ്പിലാക്കുക എന്നുള്ളതാണ്. ആ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഒട്ടും മുന്നോട്ടുപോകാൻ കഴിയുന്നില്ല എന്നതാണ് സ്ഥിതി. ഇവിടെ നേരത്തെ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വളരെ പരിമിതമായിട്ടുള്ള റിസോഴ്സ് മാത്രമാണ് നമുക്കുള്ളത്. ക്ഷേമനിധി ഫലപ്രദമായി നടത്തുന്നതിന് കേന്ദ്രഗവൺമെന്റ് വിഹിതം നൽകുന്നില്ല. അതുകൊണ്ട് ക്ഷേമനിധി പോലും നടത്താൻ കഴിയുന്നില്ല. പ്രവാസികൾക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ക്ഷേമനിധി വളരെ ഫലപ്രദമായി നടത്തിക്കൊണ്ടുപോകുന്നതിൽ വളരെ

ഗുരുതരമായിട്ടുള്ള വീഴ്ച വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു ഭേദഗതി കൊണ്ടുവന്ന് നമ്മൾ അത് പാസ്സാക്കാൻ പോകുകയാണ്. അതായത് പ്രായം- 55 വയസ്സ് എന്നുള്ളത് 60 വയസ്സായി വർദ്ധിപ്പിക്കുന്ന കാര്യം. എത്രയോ വർഷക്കാലമായി പ്രവാസികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. നല്ല കാര്യമാണ്. അങ്ങനെയുള്ള നിരവധി പ്രവർത്തനങ്ങൾ ഇവർക്കുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രവാസികൾക്ക് ഗുണം ചെയ്യാൻ ഉതകുന്നവിധത്തിൽ ഈ ബിൽ ഒട്ടാകെ മാറ്റി പുതിയ പ്രൊവിഷൻസ് ചേർത്ത് ഇതിനെ പല്ലും നഖവും എല്ലാമുള്ള ഒരു ബില്ലായി മാറ്റണമെന്നാണ് എനിക്ക് ഈയവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>: സർ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബില്ലിന്റെ 2(ബി) ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ജനിച്ച നാട്ടിലും ജീവിക്കുന്ന നാട്ടിലും അന്യരെപ്പോലെ കഴിയുന്ന ഒരു വിഭാഗമായിരുന്നു മുമ്പ് പ്രവാസികൾ. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മന്ത്രി ശ്രീ. കെ. സി. ജോസഫ്-ന്റെ നേതൃത്വത്തിൽ അവർക്ക് അനുകൂലമായ

ഒരുപാട് നിലപാടുകൾ സ്വീകരിച്ചു. അതിൽ ഒരു പക്ഷേ ഏറ്റവും ഫലപ്രദമായ ഒരു നീക്കമാണ് ഈ പുതിയ ബിൽ. അവരുടെ അസെറ്റ് സംബന്ധിച്ചും അവരുടെ സ്വത്ത്, കുടുംബവുമൊക്കെ അനുഭവിക്കുന്ന കേസ്സും മറ്റ് പ്രശ്നങ്ങളുമെല്ലാം പരിഹരിക്കാൻ പറ്റിയ സെമി ജൂഡീഷ്യൽ അധികാരമുള്ള ഒരു കമ്മീഷൻ അതും പ്രവാസികളുടെ പങ്കാളിത്തത്തോടുകൂടിയുള്ള ഈ ഒരു വലിയ നടപടിയിലൂടെ പ്രവാസികൾക്ക് വലിയ അംഗീകാരമാണ് ഈ ഗവൺമെന്റ് നൽകുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്ന് വിദേശങ്ങളിൽ ജോലി ചെയ്യുന്നവർ അവിടെ മണലാരണ്യത്തിലും മറ്റും കഷ്ടപ്പെട്ട് അദ്ധ്വാനിച്ച് നമ്മുടെ നാട്ടിലേയ്ക്ക് ഒരുപാട് സമ്പത്ത് കൊടുത്തയയ്ക്കുന്നുണ്ട്. ഏകദേശം 1,18,000 കോടിരൂപയുടെ നിക്ഷേപം നമ്മുടെ സംസ്ഥാനത്ത് പ്രവാസികളുടേതായിട്ടുണ്ട്. അത് നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലായി മാറിയിട്ടുണ്ട്. അങ്ങനെ കേരളത്തിന്റെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്ന ഈ സമൂഹത്തിനുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് ചുരുങ്ങിയ കാലയളവിൽ വളരെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ റിക്രൂട്ട്മെന്റ് തട്ടിപ്പ്, പ്രത്യേകിച്ച് നഴ്സിംഗ് മേഖലകളിൽ ശക്തിയായി ഇടപെടുകയും

എല്ലാ സ്വകാര്യ തട്ടിപ്പ് ഏജൻസികളെയും പൊതുസമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരികയും മാധ്യമങ്ങൾ കൊണ്ടുവന്നതിനെ സപ്പോർട്ട് ചെയ്യുകയും സംസ്ഥാന ഏജൻസികൾ മുഖേന റിക്രൂട്ട്മെന്റ് മതി എന്നുള്ള കർക്കശമായ നിലപാട് സ്വീകരിച്ചത് പ്രവാസികൾക്ക് വലിയ ആശ്വാസകരമായിട്ടുള്ള സംഗതിയാണ്. ക്ഷേമനിധി പ്രായം 55-ൽനിന്ന് 60 ആക്കണമെന്നുള്ള അവരുടെ ഡിമാന്റ് ഒരുപാട് കാലമായി വരുന്നതാണ്. അത് ഉയർത്താൻ നമുക്ക് സാധിച്ചു. അതുപോലെ പ്രവാസികൾക്ക് ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം...... നിതാഖത്ത് നിയമത്തിന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് സൗദി അറേബ്യയിലൊക്കെ വന്നിട്ടുള്ള പുതിയ നിയന്ത്രണങ്ങളുടെ ഫലമായി ഒരുപാട് പ്രവാസികൾ തിരിച്ചുവന്നപ്പോൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെയൊക്കെ സഹായത്തോടുകൂടി അവർക്ക് ഇവിടെ സംരംഭങ്ങൾ തുടങ്ങാൻ വലിയ തോതിലുള്ള സഹായം നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. ഒരുപക്ഷെ പ്രവാസികളുടെ ജീവിതത്തിൽവന്ന വലിയ പ്രതിസന്ധിയായിരുന്ന ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിലുണ്ടായ സംഘർഷവും പ്രവാസികളുടെ പുനരധിവാസവും അവരെ തിരിച്ചുകൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും. അങ്ങനെ സംഘർഷമുള്ള സ്ഥലങ്ങളിൽനിന്നും ഏകദേശം

മൂവായിരത്തോളം ആളുകളെ സുരക്ഷിതമായി നമ്മുടെ നാട്ടിൽ എത്തിക്കുന്നതിൽ വളരെ നല്ല പ്രവർത്തനം ഈ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. പൊതുവെ പ്രവാസികളെ രാഷ്ട്രീയ നേതൃത്വവും സാംസ്കാരിക സംഘടനകളുമൊക്കെ പിഴിയുക മാത്രമേ ചെയ്യുന്നുള്ളൂ, ഞങ്ങളെ സഹായിക്കുന്നില്ല എന്നുള്ള അവരുടെ നിരന്തരമായ പരാതികളിൽ ഇടപെട്ട് കുറെ കാര്യങ്ങൾ പരിഹരിച്ചത് ഈ സമീപകാലത്താണ്. നമ്മുടെ നോർക്ക ആ രംഗത്ത് വളരെ ഫലപ്രദമായി ഇന്ന് പ്രവർത്തിക്കുന്നുണ്ട്. കേരളം കാണിച്ചിട്ടുള്ള മാതൃകാപരമായ പ്രവർത്തനത്തിന്റെ ഫലമായാണ് കേന്ദ്രതലത്തിലുള്ള വകുപ്പുകളുടെ ഇടപെടലുകളും നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുള്ളത്. ഈ നല്ല പ്രവർത്തനങ്ങളെല്ലാം പ്രവാസികൾക്ക് ഒരു പ്രതീക്ഷയും ആശ്വാസവും നൽകുന്നുണ്ട്. അങ്ങനെ പ്രവാസികൾക്കുവേണ്ടി നല്ല പ്രവർത്തനങ്ങളുടെ നീണ്ട പട്ടികയിൽ, ഒരുപക്ഷെ ഈ ഗവൺമെന്റിന്റെ തൊപ്പിയിലെ ഒരു പുതിയ തൂവലാണ് ചരിത്രപ്രധാനമായ ഈ നിയമനിർമ്മാണം. ആ നിയമനിർമ്മാണം പ്രവാസികളുടെ ക്ഷേമത്തിനും അവരുടെ പുരോഗതിക്കും ഒരു ശക്തിയാകുമെന്നാണ് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് എനിക്ക് പറയാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച

ബഹുമാന്യരായ ജെയിംസ് മാത്യു, കെ. എൻ. എ. ഖാദർ, കെ. രാജു, എ. പി. അബ്ദുള്ളക്കുട്ടി എന്നീ എം.എൽ.എ.-മാരോടും ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർമാരോടും വളരെയധികം നന്ദി എനിക്കുണ്ട്. വിമർശനാത്മകമാണെങ്കിലും ഈ നിയമം കുറ്റമറ്റതും ശക്തവുമാക്കണമെന്ന ആഗ്രഹമാണ് എല്ലാവരും പ്രകടിപ്പിച്ചത്. ഇവിടെ മനസ്സിലാക്കേണ്ട കാര്യം, നേരത്തെ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ, പഞ്ചാബിൽ അല്ലാതെ ഇൻഡ്യയിലെ ഒരു സംസ്ഥാനത്തും ഇങ്ങനെയൊരു നിയമം നിലവിലില്ല. കേരളത്തിന് വളരെയേറെ കടപ്പാട് പ്രവാസികളോടുണ്ട്. ഏകദേശം ഒരു ലക്ഷത്തി ഇരുപതിനായിരം കോടി രൂപ ഒരു വർഷം ബാങ്കുകളിൽ മാത്രം നിക്ഷേപിക്കുന്ന പ്രവാസി മലയാളികളുടെ കഠിനാധ്വാനമാണ്, അവരുടെ വിയർപ്പാണ്, അവരുടെ ചോരയാണ് ഈ നാട്ടിൽ കാണുന്ന ഈ പച്ചപ്പിന്റേയും സമൃദ്ധിയുടേയും എല്ലാം കാരണം. ഇവിടെ വ്യവസായങ്ങൾ പിന്നോക്കം പോകുന്നു. കാർഷിക രംഗത്ത് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. ഈ നാട്ടിലുണ്ടായ വളർച്ചയുടെയെല്ലാം അടിസ്ഥാന കാരണം പ്രവാസികളുടെ കഠിനാധ്വാനവും അവരുടെ വിയർപ്പുമാണ്. അതുകൊണ്ടുതന്നെ ശ്രീ. കെ. രാജുവിന് ഒരാശങ്കയും വേണ്ട, കേരളം ഭരിക്കുന്ന ഒരു ഗവൺമെന്റിനും പ്രവാസി കമ്മീഷനെ അവഗണിക്കാൻ

സാധിക്കുകയില്ല. അവർക്ക് ആവശ്യമായ ഫണ്ട് മാറ്റിവയ്ക്കാതിരിക്കാൻ ആർക്കും സാധിക്കുകയില്ല. നമ്മൾക്ക് അത്രയേറെ കടപ്പാട് അവരോടുണ്ട്. ഞാൻ ശ്രീ. ബെന്യാമിന്റെ 'ആട് ജീവിതം' എന്ന നോവൽ വായിച്ചപ്പോൾ അതൊരു കഥയാണെന്നാണ് വിചാരിച്ചത്. പക്ഷെ പിന്നീട് അനുഭവങ്ങളിലൂടെ, ആടുകളെ മേയ്ക്കാൻ കൊണ്ടുപോയ മലയാളി സുഹൃത്തുക്കൾ, ഒട്ടകങ്ങളെ മേയ്ക്കാൻ കൊണ്ടുപോയ മലയാളി സുഹൃത്തുക്കൾ, ഗൾഫിലെ പല ആളുകളുടെയും വീട്ടുവേലയ്ക്ക് കൊണ്ടുപോയി പീഡിപ്പിക്കപ്പെടുന്ന നമ്മുടെ സഹോദരിമാർ തുടങ്ങി നൂറുകണക്കിന് ആളുകളുടെ കണ്ണീരും വേദനയും കാണാതെ പോകാൻ നമുക്കാർക്കും സാധിക്കുകയില്ല. അതുകൊണ്ടാണ് ഈ ഗവൺമെന്റിനുവേണ്ടി ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ ചുവടുപിടിച്ചുകൊണ്ട് ഗ്ലോബൽ എൻ.ആർ.കെ. മീറ്റിൽ നിയമപരമായ വഴിയിലൂടെ കേസിന് പോയാൽ ഉണ്ടാകുന്ന താമസത്തെക്കുറിച്ച് പ്രവാസികളുടെ എല്ലാ സംഘടനകളും ആവശ്യപ്പെട്ടതാണ്. ഒരു മാസത്തെ അവധിക്ക് വന്നാൽ കേസിന് മാത്രം പോകാൻ സാധിക്കില്ല. ആധുനിക സാങ്കേതിക മാർഗ്ഗങ്ങളിലൂടെ കേസ് നടത്തുന്ന രീതി അവലംബിച്ചുകഴിഞ്ഞാൽ നേരിട്ട് ഹാജരാകാതെ കേസ് നടത്തി അവർക്കാവശ്യമായ റിലീഫ് ഉണ്ടാക്കണമെന്നത് നമ്മുടെ ഒരാഗ്രഹമാണ്. ഇതൊരു തുടക്കമാണ്. ഇനിയുള്ള അനുഭവത്തിൽ കൂടുതൽ മാറ്റംവരുത്തി

ശക്തമാക്കാൻ സാധിക്കും. ഇവിടെ എപ്പോഴും പരാതിയുണ്ടാകുന്നത് പ്രവാസികളുടെ സ്വത്തിനെക്കുറിച്ചാണ്. പ്രവാസികളുടെ സമ്പത്ത് വെട്ടിക്കുന്നത് ആരാണ്; നമ്മൾ തന്നെയാണ്. നാട്ടിലുള്ള ബന്ധുക്കൾപോലും അവരെ കബളിപ്പിക്കുന്നു. ഇവിടെ ആരംഭിക്കുന്ന ഹൗസിംഗ് സ്കീമുകൾ ആകർഷകമായ പദ്ധതികൾ ഉണ്ടാക്കി അവതരിപ്പിക്കുന്നു, ഇൻവെസ്റ്റുമെന്റ് വാങ്ങുന്നു. എത്രയോ പരാതികൾ വരുന്നു. ഇൻവെസ്റ്റ് ചെയ്തുകഴിഞ്ഞ് നാട്ടിൽ വരുമ്പോൾ വീടുമില്ല, ഫ്ലാറ്റുമില്ല. പണം വാങ്ങിയ ആളിനെ കാണാനില്ല, ആട് - മാഞ്ചിയം തട്ടിപ്പ്. കേരളം തട്ടിപ്പുകളുടെ ഒരു വിഹാരഭ്രമിയല്ലേ; അങ്ങനെ തട്ടിക്കുന്ന ആളുകളിൽനിന്നുള്ള ഒരു സംരക്ഷണ മാർഗ്ഗം കണ്ടെത്താൻ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നമുക്കെല്ലാവർക്കും ചുമതലയുണ്ട്. അതുകൊണ്ട് ഒരു തുടക്കമായാണ് ഇത് കൊണ്ടുവന്നത്. ഇവിടെ ബഹുമാന്യനായ ജെയിംസ് മാത്യു ഒരു കാര്യം പറഞ്ഞു, അദ്ദേഹവും ഞാനും അയൽവാസികളും അദ്ദേഹം എന്റെ വോട്ടറുമാണ്. എന്റെ രണ്ട് വോട്ടർമാർ ഈ അസംബ്ലിയിലുണ്ട്. ശ്രീ. ജെയിംസ് മാത്യുവും ശ്രീ. സണ്ണി ജോസഫും. ശ്രീ. ജെയിംസ് മാത്യു ഒരു ആക്ഷേപം പറഞ്ഞു, നോർക്ക ഡിപ്പാർട്ടുമെന്റിലെ നിയമന കാര്യങ്ങളിൽ ചില ആളുകൾ തട്ടിപ്പ് നടത്തുന്നുവെന്ന്. ഞാൻ ഒരു കാര്യം പറയട്ടെ, നോർക്ക ഡിപ്പാർട്ടുമെന്റിലെ ജോലിക്കാർ ഞാൻ നിയമിച്ചവരല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്

നിയമിച്ചവരുണ്ട്. അവരെ പിരിച്ചുവിടാനുള്ള തീരുമാനത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി അനുവാദം തന്നിട്ടുപോലും പിരിച്ചുവിട്ടില്ല. അവർ തുടരുകയാണ്. അങ്ങ് നോർക്കപോലെ റെപ്യൂട്ടേഷനുള്ള ഒരു സ്ഥാപനത്തെപ്പറ്റി പരാതിയുണ്ടെങ്കിൽ എന്നോട് നേരിട്ട് പറയാമായിരുന്നു. അതിന് വ്യാപകമായ പ്രചാരം കൊടുക്കാൻ പാടില്ലായിരുന്നു. കാരണം, ഒരു തരത്തിലുമുള്ള തട്ടിപ്പും അവിടെ അനുവദിക്കില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. അന്ന് നിയമിക്കപ്പെട്ട ആളുകൾക്ക് പുറമെ ഈ ഗവൺമെന്റ് വന്നതിനുശേഷം അറുപതിലധികം ആളുകളെ നിയമിച്ചിട്ടുണ്ട്. ശമ്പളം കൊടുക്കാൻപോലും ഇപ്പോൾ കാശില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ചവരെ പിരിച്ചുവിടാൻ ശ്രമിച്ചു. അവർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പോയി പ്രൊട്ടക്ട് ചെയ്തുവന്നവരാണ്. ഞാൻ പറയുന്നത്, എനിക്ക് അവിടുത്തെ ഒരാക്ഷേപത്തെക്കുറിച്ചും അവഹേളിക്കാൻ ഉദ്ദേശമില്ല. അങ്ങ് പറഞ്ഞ ഒരു കാര്യം ഞാൻ അഡ്മിറ്റ് ചെയ്യുന്നു, അങ്ങയോട് തന്നെ വന്ന് പറയാമായിരുന്നില്ലേ എന്നത്. അത് ശരിയാണ്. അത് ഒരിക്കൽക്കൂടി ആലോചിച്ചതുകൊണ്ടാണ് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകാതിരുന്നത്. പക്ഷെ അത്രയും പറയാതിരുന്നാൽ ഇതൊരു നിയമസഭാ നടപടിയുടെ രേഖയിലൊക്കെ കാണുന്ന കാര്യമല്ലേ, ഞാൻ മനസ്സിലാക്കിയ ഒരു കാര്യം, ഒരു

അഴിമതിയാരോപണമായി ഉയർന്നുവരുമ്പോൾ എന്നെപ്പോലെ ഒരാൾ മനസ്സിലാക്കിയിട്ടും ശ്രദ്ധയിൽപ്പെടുത്തിയില്ല, രേഖയിൽ എവിടെയുമില്ല എന്ന് വരരുതെന്ന് കരുതി പറഞ്ഞതാണ്. ബാക്കി കാര്യങ്ങൾ അതുകൊണ്ടാണ് ഞാൻ പറയാതിരുന്നതും. അങ്ങയോട് നേരിട്ട് പറയാമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഞാൻ കൂടുതൽ പറയാതിരുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അവിടെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതുസംബന്ധിച്ച് യാതൊരു പ്രയാസവുമില്ല, ശമ്പളക്കുടിശ്ശികയുമില്ല. അക്കാര്യത്തിൽ അങ്ങേയ്ക്ക് തെറ്റിദ്ധാരണയുണ്ടാകരുത്. ആർക്കും ശമ്പളം കൊടുക്കാതിരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ അവരെ പിരിച്ചുവിടാൻ തീരുമാനിച്ചതായിരുന്നു. അതുസംബന്ധിച്ച് അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയേയും തുടർന്ന് സുപ്രീംകോടതിയേയും സമീപിച്ചെങ്കിലും രണ്ട് കോടതികളും ഗവൺമെന്റിന്റെ നിലപാടിനെ ശരിവയ്ക്കുകയാണുണ്ടായത്. പിന്നീട് ഗവൺമെന്റ്തന്നെ വിട്ടുവീഴ്ച ചെയ്തുകൊണ്ട് അവരെ അവിടെ തുടരുവാൻ അനുവദിക്കുകയായിരുന്നു. ഞാൻ ന്യായീകരിക്കുന്നില്ല, പക്ഷേ അങ്ങെന്നോട് രഹസ്യമായിട്ടെങ്കിലും പറയണം. ആ പേരുപറഞ്ഞാൽ ഒരു സംശയവും വേണ്ട, നടപടിയെടുക്കും. ഒരു തരത്തിലും

അഴിമതിക്കുള്ള അവസരമുണ്ടാക്കില്ല.

ആവശ്യമായ സംരക്ഷണം ഇന്ന് ഈ നിയമത്തിലുണ്ട്. ഇന്ന് കേരളത്തിൽ നിലവിലുള്ള മനുഷ്യാവകാശ കമ്മീഷൻ, വനിതാ കമ്മീഷൻ തുടങ്ങിയ കമ്മീഷനുകൾക്ക് നൽകിയിട്ടുള്ള എല്ലാ അധികാരങ്ങളും ഈ കമ്മീഷനും കൊടുത്തിട്ടുണ്ട്. പക്ഷേ കോടതിയുടെ അധികാരം കമ്മീഷന് കൊടുക്കാൻ ഗവൺമെന്റിന് കഴിയില്ല. പ്രവാസി മലയാളികൾക്ക് മാത്രമായി ഒരു പ്രത്യേക കോടതി ഉണ്ടാക്കുന്നത് ആർട്ടിക്കിൾ 14-ന് വിരുദ്ധമായിരിക്കും. കാരണം സിവിൽ, ക്രിമിനൽ നിയമങ്ങൾ പ്രവാസി മലയാളികൾക്കും ബാധകമാണ്. ആ മാർഗ്ഗം അവർക്ക് ഓപ്പൺ ചെയ്തിട്ടുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ നിയമപരമായി എന്തൊക്കെ അധികാരം കൊടുക്കാമോ അതെല്ലാം കൊടുക്കാൻ ശ്രമിച്ചിട്ടുണ്ട്. കമ്മീഷൻ റിപ്പോർട്ട് കിട്ടിയാൽ രണ്ട് മാസത്തിനകം തീരുമാനമെടുക്കാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്.

പ്രവാസി ക്ഷേമ വകുപ്പ് ഇന്ന് വളരെയേറെ കാര്യക്ഷമമാണ്. ഈ സർക്കാരിന്റെ കാലത്ത് പ്രവാസി ക്ഷേമ പദ്ധതിയിലെ സഹായത്തിനുള്ള വരുമാന പരിധി നേരത്തെ 25,000 രൂപയായിരുന്നത് വർദ്ധിപ്പിച്ച് 1,00,000 രൂപയാക്കി, മരണാനന്തര സഹായം 10,000 രൂപയിൽനിന്ന് 1,00,000 രൂപയാക്കി, ചികിത്സാ

സഹായം 10,000 രൂപയിൽനിന്ന് 50,000 രൂപയാക്കി, വിവാഹ ധനസഹായം 5,000 രൂപയിൽനിന്ന് 15,000 രൂപയാക്കി. വീൽച്ചെയർ, ക്രച്ചസ് തുടങ്ങിയവ വാങ്ങാനുള്ള ധനസഹായം 5,000 രൂപയിൽനിന്നും 10,000 രൂപയാക്കി. ഈ സർക്കാർ വന്നതിനുശേഷം നാലര കൊല്ലത്തിനിടയിൽ ഈ പദ്ധതികൾക്കെല്ലാമായി ഏതാണ്ട് 19 കോടി രൂപ സഹായം കൊടുത്തിട്ടുണ്ട്. പ്രവാസി കേരളീയരുടെ മൃതദേഹങ്ങൾ നാട്ടിൽ കൊണ്ടുവരുന്നതിനായി സഹായിക്കുന്നതിനുള്ള 'കാരുണ്യം പദ്ധതി', സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനിൽനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം മാറ്റിവച്ചുകൊണ്ട് രൂപീകരിച്ച നോർക്ക ചെയർമാന്റെ സഹായ പദ്ധതി എന്നിവയുമുണ്ട്. ഈ പദ്ധതിയിൽനിന്നെല്ലാം ചികിത്സ, മരണാനന്തര സഹായം, വിവാഹ ധനസഹായം എന്നിവയ്ക്കെല്ലാം കൊടുക്കുന്നുണ്ട്. നിതാഖത്ത് നിയമംമൂലം തിരിച്ചുവന്ന പ്രവാസികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. അതുസംബന്ധിച്ച് ക്യാബിനറ്റ് സബ്കമ്മിറ്റിയുണ്ടാക്കി. സമഗ്രമായ റീഹാബിലിറ്റേഷൻ പാക്കേജ് ഉണ്ടാക്കി. ഫണ്ടിന്റെ പരിമിതി കാരണം സംസ്ഥാന ഗവൺമെന്റിന് സഹായിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഞങ്ങൾ ബാങ്കുകളുമായി ബന്ധപ്പെട്ടുകൊണ്ട് കാനറാ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക്, യൂണിയൻ ബാങ്ക് എന്നീ മൂന്ന് ബാങ്കുകളുമായി

നിലവിൽ ധാരണാപത്രം ഒപ്പുവച്ചു. അതുപ്രകാരം അപേക്ഷ ക്ഷണിച്ചപ്പോൾ ആകെ 19,690 പേർ അപേക്ഷ സമർപ്പിച്ചു. അവരെയെല്ലാം സ്ക്രീനിംഗിന് വിളിച്ചു. അതിൽ 7,218 പേരാണ് ഹാജരായത്.

ശ്രീ. ജെയിംസ് മാത്യു; സർ, ബാങ്കുകൾ എത്രശതമാനം പലിശയ്ക്കാണ് ഇവർക്ക് പണം കൊടുക്കുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, അവിടെ ഹാജരായത് 7,218 പേരാണ്. കാരണം ഇവർക്ക് ആവശ്യം സാമ്പത്തിക സഹായമാണ്. അത് നമുക്ക് ചെയ്യാൻ സാധിക്കില്ല. ഗവൺമെന്റിന്റെ എന്തെങ്കിലും ചെറിയ പദ്ധതികളിലൂടെ ബാങ്കുമായി ലിങ്ക് ചെയ്ത് സഹായം നൽകാനാണ് നമുക്ക് സാധിക്കുന്നത്. സ്ക്രീനിംഗ് കമ്മിറ്റി അപേക്ഷ പരിശോധിച്ചശേഷം ഇതുവരെ 1,072 പേർക്ക്, അത് വലിയ സംഖ്യയൊന്നുമല്ല, ഏതാണ്ട് കഴിഞ്ഞ വർഷം ബാങ്കിലേയ്ക്ക് സബ്സിഡിയായി ഞങ്ങൾ 6.68 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഈ വർഷം 8.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പരമാവധി സഹായം 20 ലക്ഷം രൂപവരെ ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ്. അതിൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 15 ശതമാനം ക്യാപിറ്റൽ സബ്സിഡി, ആദ്യ നാല് വർഷം 3 ശതമാനം പലിശ സബ്സിഡി. ഇത്രയും സഹായം

കൊടുക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി വച്ചുകൊണ്ട് അതിനപ്പുറം പോകാൻ പ്രയാസമാണ്. അതുപോലെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വൈദഗ്ധ്യ പരിശീലനം, പ്രവാസി ലീഗൽ എയ്ഡ് സെൽ എന്നിങ്ങനെ ധാരാളം പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. പല വിദേശ രാജ്യങ്ങളിലും സമീപകാലങ്ങളിലുണ്ടായ പ്രശ്നങ്ങൾ കേരളത്തെയും ബാധിച്ചിരുന്നു. ഇറാഖ്, ലിബിയ, യെമൻ, നേപ്പാൾ എന്നിവിടങ്ങളിലെല്ലാം പ്രശ്നങ്ങളുണ്ടായപ്പോൾ കേരളം അടക്കിപ്പിടിച്ചിരിക്കുകയായിരുന്നു. കേരളാ ഗവൺമെന്റാണ് ഇതിൽ ഇനീഷ്യേറ്റീവ് എടുത്തത്. മലയാളികൾ മാത്രമല്ല ഇറാഖിലും ലിബിയയിലും ഉള്ളത്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിലേയ്ക്കുപോയി ഉറക്കമൊഴിച്ച് അവിടെയിരുന്ന് പാതിരാത്രിയിലും കേന്ദ്ര മന്ത്രിയെ വിളിച്ചു ബന്ധപ്പെട്ടുകൊണ്ട് അവരെ മടക്കിയെത്തിക്കാൻ ഗവൺമെന്റ് ആത്മാർത്ഥമായി പരിശ്രമിച്ചു. ഇറാഖിൽനിന്ന് 418 പേരെയും ലിബിയയിൽനിന്ന് 532 പേരെയും യെമനിൽനിന്ന് 2,444 പേരെയും സുരക്ഷിതമായി ഇൻഡ്യയിലെത്തിക്കാൻ കഴിഞ്ഞു. കേന്ദ്ര സഹായത്തിനുപുറമേ സംസ്ഥാന ഗവൺമെന്റ് 1,10,00,000 രൂപ ചെലവാക്കി. അതിനുപുറമേ ഉത്തരാഖണ്ഡ്, ജമ്മുകാശ്മീർ, നേപ്പാൾ, ചെന്നൈ എന്നിവിടെയെല്ലാം പ്രയാസമുണ്ടായപ്പോൾ നോർക്ക ഇടപെട്ട് നടപടി സ്വീകരിച്ചു. ഇന്ന് നോർക്ക

ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം വിദേശ മലയാളികൾക്ക് കാര്യം പറയാനൊരാളുണ്ട്, കേൾക്കാനൊരു നാഥനുണ്ട്. പണ്ട് ആ അവസ്ഥയുണ്ടായിരുന്നോ; ആരോട് പറയും, ഏത് മന്ത്രിയോട് പറയും; ഇന്ന് കേൾക്കാനൊരു വകുപ്പും ഒരു ഗവൺമെന്റുമുണ്ട്, തീർച്ചയായും, വിവരം ലഭിച്ചാൽ പരമാവധി ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ട്. എല്ലാം കുറ്റമറ്റതൊന്നുമല്ല, പോരായ്മകളുണ്ടാകാം. പക്ഷേ നല്ലൊരു തുടക്കമെന്ന നിലയിൽ കേരളത്തിലെ നോർക്ക ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം ഇൻഡ്യയ്ക്ക് ഒരു മാതൃകയാണ്. കേരളത്തിലെ നോർക്കയുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി പഞ്ചാബ്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ ഇവിടെ വന്നിരുന്നു. കേരളത്തിലെ നോർക്ക ഒരു മോഡലായി മാറിയിട്ടുണ്ട്.

ഈ നിയമത്തെ സംബന്ധിച്ച് ഇവിടെയുണ്ടായ നിർദ്ദേശങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ തീർച്ചയായും ആ കാര്യങ്ങൾ പരിഗണിക്കും. ആവശ്യമായ മാറ്റങ്ങൾ വരുത്തും. നിലവിലുള്ള നിയമവ്യവസ്ഥയിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ഞങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആവശ്യമായ മാറ്റങ്ങൾ വരുത്തി എൻ.ആർ.ഐ. കമ്മീഷനെ ഫലപ്രദമാക്കാൻ, കേരളത്തിലെ പ്രവാസി മലയാളികൾക്ക് ഒരു അത്താണിയായി കമ്മീഷന് മാറാൻ സാധ്യമായ

ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. അക്കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണുള്ളത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 1 (എ) ഭേദഗതിയെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭ തള്ളിയിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 2 (ബി) ഭേദഗതിയെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച 14-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന് പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും ഡിസംബർ 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 14-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.59-ന് പിരിഞ്ഞു.)

*************